# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വടകരപതി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in

ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA.PKD11-1425/21

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 08/12/2021
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വടകരപതി ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : വടകരപതി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വടകരപതി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA.PKD11-1425/21 തീയ്യതി: 08/12/2021

## പാലക്കാട് ജില്ലയിലെ വടകരപതി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ വടകരപതി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 19-08-2019 മുതൽ 03-10-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 44 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സതീശൻ.എൻ | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ) | 04-10-2021 | 22-10-2021 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 04-10-2021 | 22-10-2021 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

സുജാത.പി. -ഓഡിറ്റ് ഓഫീസർ
സുജാത.എ). -അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
അനില.സി.എസ്. -സീനിയർ ഗ്രേഡ് ഓഡിറ്റർ
ഐ.കന്തസ്വാമി -ഓഡിറ്റർ
സന്ദീപ്.കെ.വി. -ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി | തീയതി |
|---|---|---|---|

| | | (മുതൽ) | (വരെ) |
|---|---|---|---|
| ശ്രീമതി.കുളന്തൈ തെരേസ | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | പ്രസിഡന്റ് | 12-11-2020 | 29-12-2020 |
| ശ്രീമതി.ജോസി ബ്രിറ്റോ.ഡി. | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീമതി.മേരി ബിബിയാന.എ ((ഇൻ ചാർജ്) | സെക്രട്ടറി | 01-04-2020 | 17-04-2020 |
| ശ്രീ.ജോയ് ജോൺ | സെക്രട്ടറി | 18-04-2020 | 02-03-2021 |
| ശ്രീ.രഘുനാഥൻ.ആർ (ഇൻ ചാർജ്) | സെക്രട്ടറി | 03-03-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ജിജി അലൻ | കൃഷി ഓഫീസർ | 01-04-2020 | 31-05-2020 |
| ശ്രീ.അലക്സിസ്.വി. | കൃഷി ഓഫീസർ | 01-06-2020 | 31-03-2021 |
| ശ്രീമതി.ആർ.സരസ്വതി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 25-02-2021 |
| ശ്രീ.സൈനുലാബ്ദീൻ.എ. (ഇൻ ചാർജ്) | അസിസ്റ്റന്റ് എഞ്ചിനീയർ | 26-02-2021 | 31-03-2021 |
| ഡോ.ആൻസി സാമുവൽ | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി | 01-04-2020 | 31-03-2021 |
| ഡോ.ബർദീഷ | മെഡിക്കൽ ഓഫീസർ,ആയുർവേദം | 01-04-2020 | 31-03-2021 |
| ഡോ.മുത്തുരാജ് | വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |
| ശ്രീ.നെൽസൺ | വി.ഇ.ഒ.(സർക്കിൾ-I) | 01-04-2020 | 12-10-2020 |
| ശ്രീ.പ്രഭു റാം | വി.ഇ.ഒ.(സർക്കിൾ-I) | 13-10-2020 | 31-03-2021 |
| ശ്രീ.കൃഷ്ണദാസ് | വി.ഇ.ഒ.(സർക്കിൾ-II) | 01-04-2020 | 31-03-2021 |
| ശ്രീമതി,ഹീര | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ശ്രീമതി.മേരി ബിബിയാന.എ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 21-06-2020 |
| ശ്രീമതി.ബീന പി.പൊന്നയ്യ | അസിസ്റ്റന്റ് സെക്രട്ടറി | 22-06-2020 | 27-06-2020 |
| ശ്രീ.രഘുനാഥൻ.ആർ. | അസിസ്റ്റന്റ് സെക്രട്ടറി | 28-06- | 31-03- |

| | | | |
|---|---|---|---|
| | | 2020 | 2021 |
| ശ്രീമതി.അഫ്സ.എം.എസ്. | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി.ഗ്രേസ് ആന്റോ റെജീന | പ്രധാന അദ്ധ്യാപിക | 01-04-2020 | 31-03-2021 |
| ശ്രീമതി.രമ നാരായണൻ | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2020 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Kanthaswami.I (Auditor, On 28-10-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 06-12-2021) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക സമർപ്പിച്ചതിന്റെ വിവരം<br>Written By: C.S.Anila (Senior Grade Auditor, On 24-10-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 06-12-2021) | 1-2 |
| 3 | വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല<br>Written By: C.S.Anila (Senior Grade Auditor, On 31-10-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 07-12-2021) | 1-2(1) |
| 4 | രജിസ്റ്ററുകളുടെ സൂക്ഷിപ്പ്<br>Written By: C.S.Anila (Senior Grade Auditor, On 31-10-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 06-12-2021) | 1-2(2) |
| 5 | ചെലവുപത്രികയിൽ ഉൾപ്പെടാത്ത ചെലവുകൾ<br>Written By: C.S.Anila (Senior Grade Auditor, On 31-10-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 06-12-2021) | 1-2(3) |
| 6 | സാമ്പത്തിക വിശകലനം<br>Written By: C.S.Anila (Senior Grade Auditor, On 02-11-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 06-12-2021) | 1-3 |
| 7 | ഫണ്ട് വിനിയോഗം<br>Written By: A. Sujatha (Asst. Audit Officer, On 23-10-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 06-12-2021) | 1-4 |
| 8 | പദ്ധതി അവലോകനം<br>Written By: P. Sujatha (Audit Officer, On 29-10-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 06-12-2021) | 1-5 |
| 9 | തൊഴിലുറപ്പ് പദ്ധതി<br>Written By: A. Sujatha (Asst. Audit Officer, On 23-10-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 06-12-2021) | 1-6 |
| 10 | ക്ഷേമപദ്ധതികൾ<br>Written By: A. Sujatha (Asst. Audit Officer, On 23-10-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 06-12-2021) | 1-7 |
| 11 | ക്യാഷ് പരിശോധന<br>Written By: C.S.Anila (Senior Grade Auditor, On 22-10-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 06-12-2021) | 1-8 |
| 12 | ആഭ്യന്തരനിയന്ത്രണം<br>Written By: P. Sujatha (Audit Officer, On 04-11-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 06-12-2021) | 1-9 |
| 13 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: P. Sujatha (Audit Officer, On 29-10-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 06-12-2021) | 1-10 |
| 14 | തൊഴിൽ നികുതി ഡിമാന്റ്, പിരിവ് കാര്യക്ഷമമാക്കേണ്ടതാണ്<br>Written By: Sandeep KV (Auditor, On 28-10-2021)<br>Last Updated By: Kanthaswami.I (Auditor, On 25-11-2021) | 1-11 |
| 15 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ് അനുവദിക്കൽ- കാര്യക്ഷമമാകേണ്ടതാണ്<br>Written By: Kanthaswami.I (Auditor, On 28-11-2021)<br>Last Updated By: Kanthaswami.I (Auditor, On 28-11-2021) | 1-12 |
| 16 | റേഷൻ കടകൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു- തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്<br>Written By: Kanthaswami.I (Auditor, On 28-11-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 06-12-2021) | 1-12-1 |
| 17 | എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.<br>Written By: Kanthaswami.I (Auditor, On 28-11-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 06-12-2021) | 1-12-2 |
| 18 | | 1-12-3 |

| | | |
|---|---|---|
| | ഫയർ & സേഫ്റ്റി എൻ.ഒ.സി ഇല്ലാതെ പെട്രോൾ പമ്പുകൾ പ്രവർത്തിക്കുന്നു-നടപടികൾ സ്വീകരിക്കേണ്ടതാണ്.<br>Written By: Kanthaswami.I (Auditor, On 28-11-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 06-12-2021) | |
| 19 | ലൈസൻസ് /രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്ന സ്വകാര്യ ആശുപത്രികൾ, പാരാമെഡിക്കൽ സ്ഥാപനങ്ങൾക്കെതിരെ നടപടികൾ സ്വീകരിക്കേണ്ടതാണ്<br>Written By: Kanthaswami.I (Auditor, On 28-10-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 06-12-2021) | 1-13 |
| 20 | കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ് കാര്യക്ഷമമാക്കേണ്ടതാണ്<br>Written By: Kanthaswami.I (Auditor, On 28-10-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 06-12-2021) | 1-14 |
| 21 | റെഗുലറൈസേഷൻ- ചട്ടപ്രകാരമുള്ള രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്<br>Written By: Kanthaswami.I (Auditor, On 28-10-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 06-12-2021) | 1-15 |
| 22 | ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ - ചട്ടപ്രകാരമായിരിക്കേണ്ടതാണ്<br>Written By: Kanthaswami.I (Auditor, On 28-11-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 06-12-2021) | 1-16 |
| 23 | ലൈവ് സ്റ്റോക്ക് ഫാം അനുമതി നൽകുന്നതിനുള്ള നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല<br>Written By: Kanthaswami.I (Auditor, On 28-11-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 06-12-2021) | 1-16-1 |
| 24 | ലൈവ് സ്റ്റോക്ക് ഫാമിൽ പരിശോധന നടത്തി പരിശോധനാ റിപ്പോർട്ട് സൂക്ഷിച്ചിട്ടില്ല<br>Written By: Kanthaswami.I (Auditor, On 28-11-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 06-12-2021) | 1-16-2 |
| 25 | കെട്ടിടങ്ങൾ വാടകയ്ക്ക് നൽകൽ - രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്<br>Written By: Kanthaswami.I (Auditor, On 28-10-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 06-12-2021) | 1-17 |
| 26 | അഹല്യ ഇന്റർനാഷണൽ ഫൗണ്ടേഷൻ- പണിപൂർത്തിയായ മെസ് ബ്ലോക്ക് കെട്ടിടത്തിന് അധികൃത/അനധികൃത നമ്പർ നൽകി വസ്തുനികുതി ഈടാക്കേണ്ടതാണ്.<br>Written By: Sandeep KV (Auditor, On 28-11-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 06-12-2021) | 1-18 |
| 27 | ഫയർഫോഴ്സ് എൻ.ഒ.സി, പൊലൂഷൻ സർട്ടിഫിക്കറ്റ് എന്നിവ ഇല്ലാതെ കെട്ടിട നിർമാണാനുമതി നൽകിയിരിക്കുന്നു- വിശദീകരണം ലഭ്യമായില്ല.<br>Written By: Kanthaswami.I (Auditor, On 28-11-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 07-12-2021) | 1-18-1 |
| 28 | അനധികൃത നിർമ്മാണ കെട്ടിടങ്ങൾക്ക് വസ്തുനികുതി ഈടാക്കേണ്ടതാണ്<br>Written By: Sandeep KV (Auditor, On 28-10-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 07-12-2021) | 1-19 |
| 29 | അനധികൃത നിർമ്മാണ രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്<br>Written By: Kanthaswami.I (Auditor, On 28-10-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 07-12-2021) | 1-20 |
| 30 | കെട്ടിട നിർമ്മാണങ്ങളുടെ വിവരങ്ങൾ സർക്കാരിലേക്ക് റിപ്പോർട്ട് ചെയ്യുന്നില്ല<br>Written By: Kanthaswami.I (Auditor, On 28-10-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 07-12-2021) | 1-20-1 |
| 31 | അക്കൗണ്ടുകൾ നിഷ്ക്രിയമായി ശേഷിക്കുന്നു<br>Written By: C.S.Anila (Senior Grade Auditor, On 02-11-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 07-12-2021) | 1-21 |
| 32 | ചെലവഴിക്കാത്ത തുകകൾ തിരിച്ചടക്കേണ്ടതാണ് | 1-22 |

| | | |
|---|---|---|
| | Written By: P. Sujatha (Audit Officer, On 04-11-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 07-12-2021) | |
| 33 | ചെലവഴിക്കാത്ത തുക -ബ്ലോക്ക് പഞ്ചായത്ത് വിഹിതം<br>Written By: P. Sujatha (Audit Officer, On 04-11-2021)<br>Last Updated By: C.S.Santhosh (Audit Officer, On 16-11-2021) | 1-22-1 |
| 34 | ചെലവഴിക്കാത്ത തുക -ജില്ലാ പഞ്ചായത്ത് വിഹിതം<br>Written By: P. Sujatha (Audit Officer, On 04-11-2021)<br>Last Updated By: C.S.Santhosh (Audit Officer, On 16-11-2021) | 1-22-2 |
| 35 | റെക്കോഡ് റൂം, ഫ്രണ്ട് ഓഫീസ് നവീകരണം- തനത് ഫണ്ടിൽ നിന്നുള്ള ചെലവ് സുലേഖ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയില്ല<br>Written By: A. Sujatha (Asst. Audit Officer, On 01-11-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 07-12-2021) | 1-23 |
| 36 | ഡെപ്പോസിറ്റ് പ്രവൃത്തികളുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്<br>Written By: A. Sujatha (Asst. Audit Officer, On 01-11-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 07-12-2021) | 1-24 |
| 37 | പാലക്കുഴി ജലവൈദ്യുതി പദ്ധതിക്ക് വിഹിതം നൽകൽ<br>Written By: A. Sujatha (Asst. Audit Officer, On 23-11-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 07-12-2021) | 1-24-1 |
| 38 | തെരുവ് വിളക്കുകളുടെ സംയുക്തപരിശോധന നടത്തുന്നതിനുള്ള നടപടി സ്വീകരിക്കണം<br>Written By: A. Sujatha (Asst. Audit Officer, On 01-11-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 07-12-2021) | 1-25 |
| 39 | തെരുവു വിളക്കുകളുടെ വാർഷിക അറ്റകുറ്റപ്പണികൾക്കുള്ള കരാർ നൽകിയതിലെ അപാകതകൾ<br>Written By: A. Sujatha (Asst. Audit Officer, On 01-11-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 07-12-2021) | 1-25-1 |
| 40 | കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ്-ഗ്രാമപഞ്ചായത്തിന് അധിക ബാധ്യത<br>Written By: A. Sujatha (Asst. Audit Officer, On 01-11-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 07-12-2021) | 1-26 |
| 41 | കുടിവെള്ള പദ്ധതികളുടെ മെയിന്റനൻസ്- പ്രൊജക്ട് രൂപീകരിക്കാതെ ചെലവുകൾ നടത്തി<br>Written By: A. Sujatha (Asst. Audit Officer, On 01-11-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 07-12-2021) | 1-26-1 |
| 42 | വാട്ടർ അതോറിറ്റി മുഖേനയുള്ള കുടിവെള്ള വിതരണം- കൃത്യമായ കണക്കുകളില്ലാതെ കുടിവെള്ള ചാർജ്ജ് ഒടുക്കുന്നു<br>Written By: A. Sujatha (Asst. Audit Officer, On 01-11-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 07-12-2021) | 1-27 |
| 43 | ഗാർഹിക കുടിവെള്ള കണക്ഷൻ നൽകൽ പദ്ധതി-കുടിവെള്ള കണക്ഷൻ എടുത്തതിന്റെ രേഖകൾ സൂക്ഷിക്കേണ്ടതാണ്<br>Written By: A. Sujatha (Asst. Audit Officer, On 01-11-2021)<br>Last Updated By: C.S.Santhosh (Audit Officer, On 17-11-2021) | 1-28 |
| 44 | വാഹനത്തിന്റെ ഉപയോഗം-മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്<br>Written By: A. Sujatha (Asst. Audit Officer, On 01-11-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 07-12-2021) | 1-29 |
| 45 | കോവിഡ് പ്രതിരോധ പ്രവർത്തനം- അവലോകനം<br>Written By: A. Sujatha (Asst. Audit Officer, On 02-11-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 07-12-2021) | 1-30 |
| 46 | ക്യാഷ് ബുക്ക് സൂക്ഷിച്ചിട്ടില്ല<br>Written By: C.S.Anila (Senior Grade Auditor, On 25-11-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 07-12-2021) | 1-31 |
| 47 | ഭിന്നശേഷിക്കാരുടെ വിവരങ്ങൾ അടങ്ങിയ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല<br>Written By: C.S.Anila (Senior Grade Auditor, On 02-11-2021)<br>Last Updated By: C.S.Anila (Senior Grade Auditor, On 01-12-2021) | 1-32 |
| 48 | ന്യൂട്രിമിക്സ് - ഗുണനിലവാരം ഉറപ്പ്ഫുവരുത്തിയിട്ടില്ല<br>Written By: C.S.Anila (Senior Grade Auditor, On 31-10-2021) | 1-33 |

| | | |
|---|---|---|
| | Last Updated By: C.S.Anila (Senior Grade Auditor, On 01-12-2021) | |
| 49 | അങ്കണവാടികളുടെ ഭൗതികസാഹചര്യം മെച്ചപ്പെടുത്തേണ്ടതാണ്<br>Written By: C.S.Anila (Senior Grade Auditor, On 02-11-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 07-12-2021) | 1-34 |
| 50 | കാർഷിക മേഖലകളിലെ പദ്ധതികൾ കാര്യക്ഷമമാക്കേണ്ടതാണ്<br>Written By: C.S.Anila (Senior Grade Auditor, On 02-11-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 07-12-2021) | 1-35 |
| 51 | സുഭിക്ഷകേരളം പദ്ധതിയിൽ ഉൾപ്പെടുത്തി പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിട്ടില്ല<br>Written By: C.S.Anila (Senior Grade Auditor, On 31-10-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 07-12-2021) | 1-36 |
| 52 | എസ് എസ് എ വിഹിതം നൽകൽ - വിനിയോഗ വിവരം ലഭ്യമാക്കിയില്ല<br>Written By: C.S.Anila (Senior Grade Auditor, On 26-10-2021)<br>Last Updated By: C.S.Anila (Senior Grade Auditor, On 01-12-2021) | 1-37 |
| 53 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി<br>Written By: C.S.Anila (Senior Grade Auditor, On 26-10-2021)<br>Last Updated By: P. Sujatha (Audit Officer, On 25-11-2021) | 1-38 |
| 54 | എസ് സി വിദ്യാർത്ഥികൾക്ക് പഠനമുറി- പൂർത്തീകരിച്ചിട്ടില്ല<br>Written By: A. Sujatha (Asst. Audit Officer, On 01-11-2021)<br>Last Updated By: P. Sujatha (Audit Officer, On 25-11-2021) | 1-39 |
| 55 | ആശ്രയ/അഗതിരഹിതകേരളം പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കണം<br>Written By: A. Sujatha (Asst. Audit Officer, On 01-11-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 07-12-2021) | 1-40 |
| 56 | MGNREGS -മെറ്റീരിയൽ പ്രവർത്തികൾ നിർവ്വഹിച്ചതിലെ അപാകതകൾ.<br>Written By: A. Sujatha (Asst. Audit Officer, On 01-11-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 07-12-2021) | 1-41 |
| 57 | അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പിലാക്കിയ പദ്ധതികൾ<br>Written By: P. Sujatha (Audit Officer, On 04-11-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 07-12-2021) | 1-42 |
| 58 | ടെണ്ടർ ഫോം വില തനതു ഫണ്ടിലേക്ക് മാറ്റാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്<br>Written By: P. Sujatha (Audit Officer, On 04-11-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 07-12-2021) | 1-43 |
| 59 | ശൊരപ്പാറ അങ്കണവാടി കെട്ടിട നിർമ്മാണം - പ്രവൃത്തി പൂർത്തീകരിക്കേണ്ടതാണ്<br>Written By: P. Sujatha (Audit Officer, On 04-11-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 07-12-2021) | 1-44 |
| 60 | ഒഴലപ്പതി PHC കെട്ടിടം മെയിന്റനൻസ് -ലേല നടപടികൾ സ്വീകരിക്കേണ്ടതാണ്<br>Written By: P. Sujatha (Audit Officer, On 04-11-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 07-12-2021) | 1-45 |
| 61 | ടേക്ക് എ ബ്രേക്ക് കേന്ദ്രം -പ്രവൃത്തി പൂർത്തീകരിച്ച് പ്രവർത്തനക്ഷമമാക്കേണ്ടതാണ്<br>Written By: P. Sujatha (Audit Officer, On 04-11-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 07-12-2021) | 1-46 |
| 62 | എഗ്രിമെന്റ് ചമയ്ക്കുവാൻ വൈകിയതിന് പിഴ ഈടാക്കിയില്ല<br>Written By: P. Sujatha (Audit Officer, On 04-11-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 07-12-2021) | 1-47 |
| 63 | പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകിയപ്പോൾ കരാറുകാരനിൽ നിന്നും പിഴ ഈടാക്കിയില്ല/ കുറവായി ഈടാക്കി<br>Written By: P. Sujatha (Audit Officer, On 04-11-2021)<br>Last Updated By: P. Sujatha (Audit Officer, On 25-11-2021) | 1-48 |
| 64 | വികസനഫണ്ടിലെ ചെലവ് - ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല<br>Written By: C.S.Anila (Senior Grade Auditor, On 30-11-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 07-12-2021) | 1-49 |

| | | |
|---|---|---|
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: P. Sujatha (Audit Officer, On 06-10-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 07-12-2021) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: P. Sujatha (Audit Officer, On 29-10-2021)<br>Last Updated By: P. Sujatha (Audit Officer, On 24-11-2021) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: A. Sujatha (Asst. Audit Officer, On 23-10-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 07-12-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: P. Sujatha (Audit Officer, On 06-10-2021)<br>Last Updated By: C.S.Santhosh (Audit Officer, On 17-11-2021) | 4-4 |
| 5 | വായ്പ/വായ്പാ തിരിച്ചടവ്<br>Written By: A. Sujatha (Asst. Audit Officer, On 23-10-2021)<br>Last Updated By: C.S.Santhosh (Audit Officer, On 17-11-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: P. Sujatha (Audit Officer, On 06-10-2021)<br>Last Updated By: P. Sujatha (Audit Officer, On 06-10-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: P. Sujatha (Audit Officer, On 06-10-2021)<br>Last Updated By: P. Sujatha (Audit Officer, On 06-10-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: P. Sujatha (Audit Officer, On 06-10-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 07-12-2021) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: P. Sujatha (Audit Officer, On 06-10-2021)<br>Last Updated By: P. Sujatha (Audit Officer, On 06-10-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: P. Sujatha (Audit Officer, On 04-11-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 07-12-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: P. Sujatha (Audit Officer, On 06-10-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 07-12-2021) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷിക കണക്ക് -വിവിധ പത്രികകൾ | |

# ഭാഗം -1

## 1-1 ബജറ്റ്

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 175, 214 , സ.ഉ(സാധാ)നം.3291/2016/ ത.സ്വ.ഭ.വ തിയ്യതി 02.12.2016 ഉത്തരവ് പ്രകാരം അംഗീകരിച്ച 'കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾക്ക് ബഡ്ജറ്റ് തയ്യാറാക്കുന്നതിനുള്ള മാന്വൽ' പ്രകാരം ബജറ്റ് തയ്യാറാക്കലും സംബന്ധിച്ച് പാലിക്കേണ്ട നടപടിക്രമങ്ങൾ പാലിച്ച് ബജറ്റ് തയ്യാറാക്കിയിട്ടുണ്ട്. 18.03.2020 ന് ചേർന്ന യോഗത്തിലെ തീരുമാനം 1 പ്രകാരം ബജറ്റ് അംഗീകരിച്ചിട്ടുണ്ട്.

ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രാരംഭ ബാക്കി | 1,96,26,899 |
| തൻവർഷം വരവ് | 43,11,36,533 |
| ആകെ വരവ് | 45,07,63,432 |
| ചെലവ് | 42,66,38,709 |
| നീക്കിയിരിപ്പ് | 2,41,24,723 |

## 1-2 വാർഷിക ധനകാര്യ പത്രിക സമർപ്പിച്ചതിന്റെ വിവരം

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2021 | 15.05.2021 | ബാധകമല്ല | ബാധകമല്ല |

വാർഷിക ധനകാര്യ പത്രികയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ഉപഖണ്ഡികകളായി താഴെ ചേർക്കുന്നു.

## 1-2(1) വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല

1. സഞ്ചയയിൽ തയ്യാറാക്കിയിട്ടുള്ള വസ്തു നികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്തവും സാംഖ്യയിൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും പൊരുത്തപ്പെടുന്നില്ല.

2. NREGS – രജിസ്റ്ററിലെ വരവു ചെലവു കണക്കുകൾ വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല.
3.കുടിവെള്ള പദ്ധതികളുടെ മെയിന്റനൻസ്, പൈപ്പ്ലൈൻ റിപ്പയർ എന്നിവയുടെ ചെലവ്

*Repairs & Maintenance ചെലവ് ശീർഷകത്തിൽ ബുക്ക് ചെയ്യുന്നതിനു പകരം* Contractors Control Account എന്ന ഹെഡിൽ രേഖപ്പെടുത്തിയിരിക്കുന്നു

4.ജീവനക്കാരുടെ ഫെസ്റ്റിവൽ അഡ്വാൻസ് തുക 165000 രൂപയുടെ ചെലവ് രേഖപ്പെടുത്തിയിരിക്കുന്നത് Advance To Others എന്ന ഹെഡിലാണ് രേഖപ്പെടുത്തിയിട്ടുള്ളത്

5)ഡെപ്പോസിറ്റ് രജിസ്റ്റർ-സംക്ഷിപ്തം രേഖപ്പെടുത്തിയിട്ടില്ല

6)Covid -19 മായി ബന്ധപ്പെട്ട ചെലവുകൾ *Expenses Related To Epidemic/Pandemic Control എന്ന Head Of Account ൽ ഉൾപ്പെടുത്തുന്നതിനു പകരം* അസാധാരണ ചെലവുകൾ എന്ന ശീർഷകത്തിലാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

## 1-2(2) രജിസ്റ്ററുകളുടെ സൂക്ഷിപ്പ്

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 58(2) (ഇ), (ജി) എന്നിവയിലെ നിർദ്ദേശങ്ങൾ

പാലിച്ച് ഡിമാന്റ് രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതാണ്.

1.ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ - വാർഷിക സംക്ഷിപ്തം എഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ബിൽഡിംഗ് റഗുലറൈസേഷൻ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

2. ലേലം രജിസ്റ്റർ - വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

3. വാടക രജിസ്റ്ററിൽ കെട്ടിടങ്ങളുടെ വിവരം, വാടകതുക, തുക ഈടാക്കിയതിന്റെ വിവരം എന്നിവ രേഖപ്പെടുത്തിയിട്ടില്ല.

4. വാട്ടർ ചാർജ് - രജിസ്റ്റർ പൂർണ്ണമല്ല.

5. ലൈഫ് പദ്ധതി - വായ്പാ രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

6.ഡെപ്പോസിറ്റ് രജിസ്റ്റർ-സംക്ഷിപ്തം രേഖപ്പെടുത്തിയിട്ടില്ല.

**<u>1-2(3) ചെലവുപത്രികയിൽ ഉൾപ്പെടാത്ത ചെലവുകൾ</u>**

I) വെറ്ററിനറി സർജൻ

- 2019-20-ൽ അംഗീകാരം ലഭിച്ച് ഭാഗികമായി നടപ്പാക്കിയ വനിതകൾക്ക് കറവപ്പശു വിതരണം പദ്ധതി (പ്രോജക്ട് നം.2/20) 20-21- ൽ പൂർത്തീകരിക്കുകയും ബിൽ ബുക്ക് പ്രകാരം 325000രൂപ വികസനഫണ്ടിൽ ചെലവുനടത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഈ ചെലവ് ചെലവുപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

Ii) ഐ സി ഡി എസ് സൂപ്പർവൈസർ

- അങ്കണവാടി പോഷകഹാരം (പ്രോജക്ട് നം. 13/21) പദ്ധതിയ്ക്കായി 700000രൂ കേന്ദ്രാവിഷ്കൃത ഫണ്ട് ലഭിക്കുകയും മുഴുവൻ തുകയും ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ചെലവുപത്രികയിൽ 454648രൂപയുടെ ചെലവാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

Iii) പ്രൊജക്ട് നം.41/20 (റെക്കോഡ് റൂം,ഫ്രണ്ട് ഓഫീസ് നവീകരണം)

അടങ്കൽ-(വികസനഫണ്ട്-100000, തനത് ഫണ്ട്-800000)

പ്രൊജക്ട് നം.188/21

2019-20 വർഷത്തിൽ ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതി പ്രകാരം റെക്കോഡ് റൂം, ഫ്രണ്ട് ഓഫീസിലേക്ക് ആവശ്യമായ ഫർണിച്ചറുകൾ എന്നിവ റബ്കോ മുഖേന സ്ഥാപിച്ചിട്ടുണ്ട്. വികസനഫണ്ടിൽ നിന്നുള്ള തുക 2019-20വർഷത്തിൽ അനുവദിച്ചു. തനത് ഫണ്ടിൽനിന്നും നൽകേണ്ട 732408/- രൂപ വൗച്ചർ നം.21900601/30.10.2019 പ്രകാരം ട്രഷറി ടി എസ് ബി അക്കൗണ്ടിൽ നിന്ന് ചെക്ക് നം.2260882/30.10.19 പ്രകാരം അനുവദിച്ചുവെങ്കിലും Stale Cheque ആയതിനാൽ തുക ചെലവ് വന്നില്ല. 2020-21 വർഷത്തിൽ ഈ തുക താഴെപ്പറയുന്ന വൗച്ചർ പ്രകാരം റബ്കോയ്ക്ക് നൽകിയിട്ടുണ്ട്.

| ചെലവിന്റെ വിശദാംശം | തുക |
|---|---|
| വൗച്ചർ നം. 22000361/25.8.20<br>ചെക്ക് നം.5103015/25.8.20 | 732408/- |

തനത് ഫണ്ടിൽ നിന്നുള്ള 732408/- രൂപയുടെ ചെലവ് പ്രൊജക്ടുകളുടെ ചെലവ് രേഖപ്പെടുത്തിയിട്ടുള്ള സുലേഖ സോഫ്റ്റ്വെയറിൽ ഉൾപ്പെടുത്തിയിട്ടില്ല.

(V) അസിസ്റ്റന്റ് എഞ്ചിനീയർ

വിവിധ സ്കൂളുകളിൽ ടോയ്‌ലറ്റ് മെയിന്റനൻസ് (പ്രോജക്ട് നം. 170/21) പദ്ധതിയ്ക്കായി കേന്ദ്രാവിഷ്കൃത വിഹിതമായ 126991 രൂപ ചെലവഴിച്ചിട്ടുണ്ടെങ്കിലും ചെലവ് പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

തനത്ഫണ്ട്, കേന്ദ്രാവിഷ്കൃത ഫണ്ട്, ബ്ലോക്ക് ജില്ലാവിഹിതങ്ങൾ എന്നിവ സാംഖ്യ വെബിൽ Payment അടിച്ചില്ലെങ്കിൽ സുലേഖയിൽ ചെലവ് കാണിക്കില്ല. ഗുണഭോക്താക്കളുടെ അക്കൌണ്ടുകളിലേക്ക് നേരിട്ട്

വിതരണം ചെയ്യുന്ന സംയുക്ത പ്രോജക്കുകൾക്കായുള്ള ബ്ലോക്ക് ജില്ലാവിഹിതങ്ങൾ AFS Porting Tool വഴി R&P പത്രികയിൽ 1 ൽ തുടങ്ങുന്ന ഹെഡിൽ വരവായി ഉൾപ്പെടുത്തുകയും E-Bill Voucher വഴി സാംഖ്യ വെബിൽ Payment അടിക്കുകയും ചെയ്യുങ്കിൽ മാത്രമേ സുലേഖയിൽ ചെലവ് രേഖപ്പെടുത്തുകയുള്ളൂ. ചെലവ് പത്രികയിലെ അപാകതകൾ ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 17337830 |
| വരവ് | 103661331 |
| ആകെ | 120999161 |
| ചെലവ് | 104980035 |
| നീക്കിയിരിപ്പ് | 16019126 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസനഫണ്ട് -ജനറൽ | 0 | 19579520 | 19579520 | 19357516 | 222004 |
| വികസനഫണ്ട് എസ്.സി.പി | 0 | 4195862 | 4195862 | 3567546 | 628316 |
| വികസന ഫണ്ട് ടി.എസ്.പി. | 0 | 1805118 | 1805118 | 1398785 | 406333 |
| മെയ്ന്റനൻസ് ഗ്രാന്റ് റോഡ് | 0 | 10367000 | 10367000 | 9428262 | 938738 |
| മെയ്ന്റ നൻസ് ഗ്രാന്റ് നോൺ റോഡ് | 0 | 7577574 | 7577574 | 6262315 | 1315259 |
| സെൻട്രൽ ഫിനാനൻസ് കമ്മീഷൻ ഗ്രാന്റ്- Untied Fund | 0 | 8740000 | 8740000 | 6189399 | 2550601 |
| സെൻട്രൽ ഫിനാനൻസ് കമ്മീഷൻ ഗ്രാന്റ്- Tied Fund | 0 | 8740000 | 8740000 | 10141827 | -1401827 |

ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത തുക കൂടി ഉൾപ്പെട്ടതാണ് വികസനഫണ്ട് -ജനറൽ, എസ് സി പി, ടി എസ് പി എന്നിവയുടെ യഥാർത്ഥവരവ് ചെലവ് തുകകൾ. ഉറവിടത്തിൽ നിന്ന് കുറവ് ചെയ്ത തുകകളുടെ വിവരം ചുവടെ ചേർക്കുന്നു

ഉറവിടത്തിൽ നിന്ന് കുറവ് ചെയ്ത തുകകളുടെ വിവരം

| പ്രൊജക്റ്റ് | ചെലവ് തുക | ഫണ്ടിനം |
|---|---|---|
| 205/21-അങ്കണവാടി | 394200 | വികസന |

| | | |
|---|---|---|
| ജീവനക്കാരുടെ പ്രതിഫല ഇനത്തിൽ ഈടാക്കുന്ന തുക | | ഫണ്ട് - ജനറൽ |
| 206/21: അങ്കണവാടി ജീവനക്കാരുടെ പ്രതിഫല ഇനത്തിൽ ഈടാക്കുന്ന തുക | 394200 | വികസന ഫണ്ട് - ജനറൽ |
| 207/21: അങ്കണവാടി ജീവനക്കാരുടെ പ്രതിഫല ഇനത്തിൽ ഈടാക്കുന്ന തുക | 394200 | വികസന ഫണ്ട് - ജനറൽ |
| 208/21: ലൈഫ് മിഷൻ വായ്പ – മുതൽ തിരിച്ചടവ് (ജനറൽ) | 2157627 | വികസന ഫണ്ട് - ജനറൽ |
| 209/21: ലൈഫ് മിഷൻ വായ്പ – മുതൽ തിരിച്ചടവ് (ജനറൽ) | 2157628 | വികസന ഫണ്ട് - ജനറൽ |
| ആകെ - വികസന ഫണ്ട് - ജനറൽ | **5497855** | |
| 210/21-സമ്പൂർണ്ണ പാർപ്പിടപദ്ധതി ലൈഫ് മിഷൻ വായ്പ – മുതൽ തിരിച്ചടവ് (എസ് സി പി) | 36569 | വികസന ഫണ്ട് - (എസ് സി പി) |
| 212/21: ലൈഫ് മിഷൻ വായ്പ – മുതൽ തിരിച്ചടവ് (എസ് സി പി) | 36569 | വികസന ഫണ്ട് - (എസ് സി പി) |
| ആകെ - വിക<br>മുൻ<br>ബാക്കി<br>സന ഫണ്ട് - (എസ് സി പി) | 73138 | |
| 211/21-സമ്പൂർണ്ണ പാർപ്പിടപദ്ധതി ലൈഫ് മിഷൻ വായ്പ – മുതൽ തിരിച്ചടവ് (ടിഎസ് പി) | 21941 | വികസന ഫണ്ട് - (ടിഎസ് പി) |
| 223/21: ലൈഫ് മിഷൻ വായ്പ – മുതൽ തിരിച്ചടവ്(ടിഎസ് പി) | 21941 | വികസന ഫണ്ട് - (ടിഎസ് പി) |
| ആകെ - വികസന ഫണ്ട് - (ടിഎസ് പി) | **43882** | |

**ATSP**

| മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| 2405492 | 0 | 2405492 | 0 | 2405492 |

**കേന്ദ്രാവിഷ്കൃതം**

1. ICDS കേന്ദ്രവിഹിതം

| മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|
| 742300 | 927975 | 1670275 | 700000 | 970275 |

2. തൊഴിലുറപ്പ് പദ്ധതി

| മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|
| 898 | 45183544 | 45184442 | 45183382 | 1060 |

എം.എൻ.ആർ.ഇ.ജി.എസ് രജിസ്റ്റർ പ്രകാരം ആകെ വരവ് ₹48978464/- ഉം ആകെ ചെലവ് ₹48978302ഉം ആണ്. വാർഷികകണക്കും രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

3. ശുചിത്വ ഫണ്ട്

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| സമ്പൂർണ്ണ ശുചിത്വം | 1004750 | 2691297 | 3696047 | 1746665 | 1949382 |
| Solid Waste Management | 828288 | 0 | 828288 | 712267 | 116021 |

**സംസ്ഥാനാവിഷ്കൃതം**

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|
| ലൈഫ് മിഷൻ | 1400000 | 2100000 | 3500000 | 1500000 | 2000000 |
| സാക്ഷരത | 1570 | 0 | 1570 | 0 | 1570 |
| എം എൻ ലക്ഷം വീട് | 41610 | 0 | 41610 | 0 | 41610 |

**1-5 പദ്ധതി അവലോകനം**

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 177 | 163018686 | 123 | 69047838 | --- | 54 | 69.49 |

<u>വിവിധ നിർവഹണ ഉദ്യോഗസ്ഥർ അംഗീകാരം ലഭ്യമാക്കിയ പ്രൊജക്ടുകൾ നടപ്പിലാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.</u>

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതി കളുടെ | നടപ്പാക്കിയത് | ആകെ അടങ്കൽ | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|

| | എണ്ണം | | തുക | | |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 8 | 7 | 9885862 | 5249884 | 53.1 |
| വി.ഇ.ഒ (സർക്കിൾ 1) | 9 | 7 | 72916660 | 13308900 | 18.25 |
| വി.ഇ.ഒ (സർക്കിൾ 2) | 5 | 3 | 4755114 | 1350000 | 28.39 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 8 | 5 | 6568598 | 4673318 | 71.15 |
| സെക്രട്ടറി | 33 | 22 | 18958753 | 14420403 | 76.06 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 90 | 69 | 34609508 | 23715155 | 68.52 |
| മെഡിക്കൽ ഓഫീസർ-PHC | 11 | 4 | 2305760 | 1110514 | 48.16 |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | 3 | 3 | 790000 | 710447 | 89.93 |
| വെറ്ററിനറി സർജ്ജൻ | 1 | 1 | 490000 | 489922 | 99.98 |
| പ്രധാന അധ്യാപകൻ | 1 | 1 | 1053049 | 1004698 | 95.41 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 3 | 1 | 6050382 | 2210317 | 36.53 |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 1 | 0 | 3075000 | 0 | 0 |
| അസിസ്റ്റന്റ് സെക്രട്ടറി | 4 | 4 | 1560000 | 804280 | 51.56 |
| ആകെ | 177 | 123 | 163018686 | 69047838 | 42.36 |

അംഗീകാരം ലഭ്യമാക്കുന്ന പ്രൊജക്ടുകൾ അതാതു വർഷം തന്നെ പൂർത്തീകരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-6 തൊഴിലുറപ്പ് പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| എം.എൻ.ആർ.ഇ.ജി.എസ്-അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 898 | 2141800 | 2142698 | 2141638 | 1060 |
| എം.എൻ.ആർ.ഇ.ജി.എസ്-തൊഴിലാളികളുടെ വേതനം | 0 | 43041906 | 43041906 | 43041906 | 0 |
| ആകെ | 898 | 45183706 | 45184604 | 45183544 | 1060 |

*MGNREGS ന്റെ അഡ്മിനിസ്ട്രേഷൻ ചെലവുകൾ ചെക്ക് ഇഷ്യു രജിസ്റ്ററിൽ രേഖപ്പെടുത്തിയ രേഖപ്പെടുത്തൽ പ്രകാരം 1743292 രൂപയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. അഡ്വാൻസ് തിരികെ നൽകിയതിന്റെ ചെലവായി

2135957 രൂപയും രേഖപ്പെടുത്തിയിട്ടുണ്ട്. തൊഴിലാളികളുടെ കൂലിയായി രേഖപ്പെടുത്തിയിട്ടുള്ളത് 45098897 രൂപയാണ്. ആകെ വരവ് ചെലവുകൾ MGNREGS വരവ് ചെലവ് രേഖപ്പെടുത്തിയിട്ടുള്ള രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

**1-7 ക്ഷേമപദ്ധതികൾ**

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ക്ഷേമ പദ്ധതി | വാർഷിക കണക്ക് പ്രകാരം ചെലവ് രേഖപ്പെടുത്തിയ തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | കർഷക തൊഴിലാളി പെൻഷൻ | 2636900 | 183 |
| 2 | വിധവാ പെൻഷൻ | 20236900 | 1332 |
| 3 | വാർദ്ധക്യകാല പെൻഷൻ | 32438900 | 2208 |
| 4 | വികലാംഗ പെൻഷൻ | 4792400 | 326 |
| 5 | 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 1344400 | 96 |
| 6 | മിശ്ര വിവാഹിതർക്കുള്ള ധനസഹായം | 50000 | 1 |
| 7 | തൊഴിലില്ലായ്മ വേതനം | 3960 | 5 |
| 8 | വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 120000 | 4 |

**1-8 ക്യാഷ് പരിശോധന**

1994 -ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 05-10-2021-ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 7947രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

**1-9 ആഭ്യന്തരനിയന്ത്രണം**

കണക്കുകൾ ശരിയായി അക്കൗണ്ട് ചെയ്യപ്പെടുന്നതിലും രേഖകളുടെ സൂക്ഷിപ്പിലും ഉള്ള അപാകതകൾ പരിഹരിക്കാൻ മേലുദ്യോഗസ്ഥൻമാർ ശരിയായ ശ്രദ്ധ പതിപ്പിച്ചിട്ടില്ല.

വാർഷിക ധനകാര്യ പത്രികയിൽ വരവു ചെലവുകൾ തെറ്റായ ഹെഡുകളിലാണ് അക്കൌണ്ട് ചെയ്യുന്നത്.

കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, വിവിധ ഏജൻസികൾ, മറ്റ് സ്ഥാപനങ്ങൾ, വകുപ്പുകൾ തുടങ്ങിയവ നൽകുന്ന പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വരവ്, ചെലവ്, നീക്കിയിരിപ്പ്, തിരിച്ചടവ് തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തുന്ന അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററുകൾ പൂർണ്ണമാക്കിയിട്ടില്ല. ഓരോ ഇനങ്ങളുടേയും കൃത്യമായ കണക്ക് രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

MGNREGS വരവു ചെലവുകൾ കാഷ് ബുക്കിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

ലൈഫ് പദ്ധതി ഇനത്തിൽ ലോൺ വരവും തിരിച്ചടവും മുൻ വർഷങ്ങളിലേതുൾപ്പെടെ ഉണ്ടെങ്കിലും ലോൺ രജിസ്റ്ററിൽ വിവരങ്ങൾ എഴുതി സൂക്ഷിച്ചിട്ടില്ല.

വെറ്ററിനറി സർജൻ, ഐ സി ഡി എസ് സൂപ്പർവൈസർ, ഡയറി ഫാം ഇൻസ്ട്രക്റ്റർ, സെക്രട്ടറി, അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവർ നടപ്പിലാക്കിയ പദ്ധതികൾ പ്രകാരം ഉള്ള ചെലവ് വിവരങ്ങൾ പ്രൊജക്ടുകളുടെ ചെലവ് രേഖപ്പെടുത്തിയിട്ടുള്ള സുലേഖ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തിയിട്ടില്ല.

കുടിവെള്ള പദ്ധതികളുടെ മെയിന്റനൻസ്- പ്രൊജക്റ്റ് രൂപീകരിക്കാതെ ചെലവുകൾ നടത്തുന്നത് ഒഴിവാക്കേണ്ടതാണ്.

പദ്ധതി നടത്തിപ്പ് കാര്യക്ഷമത ഉറപ്പു വരുത്തേണ്ടതാണ്. കൃത്യമായ ആസൂത്രണത്തിന്റെയും നിർവ്വഹണ ഉദ്യോഗസ്ഥരുടെ സമയബന്ധിതമായ ഇടപെടലിന്റെയും അഭാവത്തിൽ 2020-21 വർഷം സർക്കാരിൽ നിന്നും ലഭ്യമായ ഗ്രാന്റുകളിൽ ₹3510650/- ചെലവഴിക്കാനാവാതെ നഷ്ടപ്പെട്ടു.

ചെലവഴിക്കാത്ത ഗ്രാന്റുകൾ തുടർവർഷങ്ങളിൽ നഷ്ടമാകും എന്നതിനാൽ സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാന്റുകൾ പരമാവധി അതാത് വർഷങ്ങളിൽ തന്നെ ഉപയോഗപ്പെടുത്തി ഗ്രാമപഞ്ചായത്തിന്റെ വികസനം ത്വരിതപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.
ഓരോ വർഷവും ആർജിക്കുന്ന ആസ്തികൾ ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കുന്നില്ല.

അസിസ്റ്റന്റ് എഞ്ചിനീയർ ഇ-ടെണ്ടർ നടപടികൾക്കായി ഒരു പുതിയ അക്കൌണ്ട് തുടങ്ങിയെങ്കിലും ഡിജിറ്റൽ സിഗ്നേച്ചർ മാപ്പ് ചെയ്യാത്തതു മൂലം നാളിതു വരെയുള്ള ടെണ്ടർ തുകകൾ വീണ്ടും ജില്ലാ പഞ്ചായത്ത് അക്കൌണ്ടിൽ തന്നെയാണ് നിക്ഷേപിക്കപ്പെടുന്നത്. അപാകത പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

അക്കൗണ്ടിംഗിലെ അപാകതകൾ പരിഹരിക്കുന്നതിനായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും പദ്ധതികൾ നടപ്പിലാക്കാത്തതു വഴി പദ്ധതി പണം നഷ്ടമാവുന്ന പ്രവണത ഒഴിവാക്കുന്നതിനായി ഭരണ സമിതിയുടെയും സ്റ്റാന്റിംഗ് കമ്മിറ്റികളുടെയും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 7/2021 | 6/2021 | PAV.3/VDKY/06/21/ 22-7-2021 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 8-1-2016 മുതൽ 22-1-2016 വരെ | 2010-11 മുതൽ 2014-15 വരെ | LBA(HQ)III/1-8A-2369/15-16/18-12-2016 |

അക്കൌണ്ടന്റ് ജനറലിന്റെ ഓഡിറ്റ് റിപ്പോർട്ട് ഭാഗം IIബി-യിൽ I- 1, 2, 3, 5, 7, 8, IV, 4-6 എന്നീ ഖണ്ഡികകൾ തീർപ്പാക്കുവാൻ അവശേഷിക്കുന്നു.

## 1-11 തൊഴിൽ നികുതി ഡിമാന്റ്, പിരിവ് കാര്യക്ഷമമാക്കേണ്ടതാണ്

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 204-ാം വകുപ്പ് പ്രകാരരം പഞ്ചായത്ത് പ്രദേശത്ത് അർദ്ധ വർഷത്തിൽ 60 ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുന്ന സ്ഥാപനങ്ങൾ, തൊഴിലിൽ ഏർപ്പെടുന്ന വ്യക്തികൾ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. വടകരപ്പതി ഗ്രാമപഞ്ചായത്തിലെ തൊഴിൽ നികുതി രജിസ്റ്റർ, റിട്ടേൺസ് എന്നീ രേഖകൾ പരിശോധിച്ചതിൽ കണ്ടെത്തിയവ ചുവടെ ചേർക്കുന്നു.

**1. ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല**

താഴെ ചേർത്തിട്ടുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | നികുതി ഈടാക്കാത്ത അർദ്ധവർഷം |
|---|---|---|
| 1 | ഒഴലപ്പതി വില്ലേജ് ഓഫീസ് | 2nd |
| 2 | വടകരപ്പതി വില്ലേജ് ഓഫീസ് | 2nd |
| 3 | പോസ്റ്റ് ഓഫീസ്, മേനോൻപാറ | 1st |
| 4 | കിണർപ്പള്ളം ആപ്കോസ് | 1st |

**2. സ്വകാര്യ സ്ഥാപനങ്ങളിൽ തൊഴിലെടുക്കുന്ന ജീവനക്കാരുടെ തൊഴിൽനികുതി ഡിമാന്റ് ചെയ്തില്ല**

തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ, റിട്ടേണുകൾ, ലൈസൻസ് അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ 2020-21 വർഷത്തിൽ ലൈസൻസ് അനുവദിക്കപ്പെട്ട താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ലൈസൻസ് രജിസ്റ്ററിലെ ക്രമ നം. | സ്ഥാപനത്തിലെ ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1 | ധനശ്രീ സർവീസ് സ്റ്റേഷൻ, പെട്രോൾ പമ്പ് | 2 | 4 |
| 2 | ധനശ്രീ സർവീസ് സ്റ്റേഷൻ (Tiles Dealing) | 3 | 4 |
| 3 | ജ്യോതി ലാബ്സ് | 4 | 5 |
| 4 | വരുൺ ബീവറേജസ് | 5 | 4 |
| 5 | ഗ്രൂപ്പ് മാർക്കറ്റിംഗ് | 6 | 5 |
| 6 | ഒലീവിയ ഫ്യുവൽസ്, പെട്രോൾ പമ്പ് | 91 | 7 |
| 7 | കെ.ജി.പി ഗ്രാനൈറ്റ്സ് | 120 | - |
| 8 | മറിയം എഞ്ചിനീയറിംഗ് | 128 | 5 |
| 9 | എയിം എന്റർപ്രൈസസ് | 129 | 8 |
| 10 | ശാന്തി ഹോസ്പിറ്റൽ | 155 | |
| 11 | ശെൽവകുപ്പണ്ണസ്വാമി ഫ്യുവൽസ്. | 156 | 2 |
| 12 | പ്.എ.സി.എസ് | 161 | 6 |
| 13 | സെന്റെ.ജോസഫ് ഇൻഡസ്ട്രീസ് | 163 | 5 |
| 14 | നന്ദനം ഫ്യുവൽസ് | 175 | 4 |

**3. റേഷൻ കടകളുടെ തൊഴിൽ നികുതി ഈടാക്കിയില്ല**

വടകരപ്പതി ഗ്രാമപഞ്ചായത്ത് പരിധിയിൽ 10 റേഷൻ കടകൾ പ്രവർത്തിക്കുന്നതായി ഗ്രാമപഞ്ചായത്ത് അറിയിച്ചിട്ടുണ്ട്. റേഷൻ കടകളിലെ ജീവനക്കാരുടെ വരുമാനത്തിനനുസൃതമായി തൊഴിൽ നികുതി ഡിമാൻഡ് ചെയ്ത് ഈടാക്കിയിട്ടില്ല.

**4. സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയില്ല**

| ക്രമ നം. | സ്ഥാപനം | അർദ്ധ വർഷം |
|---|---|---|
| 1 | പരിസക്കൽ ആപ്കോസ് | 1st & 2nd |
| 2 | എസ്.ബി.ഐ, ഒഴലപ്പതി | 1st & 2nd |
| 3 | കോഴിപ്പാറ ആപ്കോസ് | 1st & 2nd |

| | | |
|---|---|---|
| 4 | കെ.എസ്.ബി.സി എഫ്.എൽ, മേനോൻപാറ | 1st |
| 5 | കനറാബാങ്ക് | 1st & 2nd |
| 6 | കെ.എസ്.എസ് ആപ്കോസ് (Ltd P.281) | 1st & 2nd |
| 7 | എസ്.എൽ നഗർ ആപ്കോസ്. | 1st & 2nd |

ഈ വിഷയത്തിന്മേലുള്ള ഓഡിറ്റ് അന്വേഷണം നം. 09/11.10.21 ന് അപാകതകൾ പരിഹരിച്ച് റിപ്പോർട്ട് ചെയ്യുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്.

ഓഡിറ്റ് നിർദേശങ്ങൾ

1. എല്ലാ സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരുടേയും സ്ഥാപനങ്ങളുടേയും തൊഴിൽ നികുതി ഡിമാൻഡ് ചെയ്ത് ഈടാക്കി അറിയിക്കേണ്ടതാണ്.

2. ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാൻഡ് ചെയ്ത് ഈടാക്കേണ്ടതാണ്.

**1-12 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ് അനുവദിക്കൽ- കാര്യക്ഷമമാകേണ്ടതാണ്**

വടകരപ്പതി ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ ലൈസൻസ് രജിസ്റ്ററും അപേക്ഷകളും പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ തുടർഖണ്ഡികകളായി താഴെ ചേർക്കുന്നു.

**ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിച്ചിട്ടില്ല**

പഞ്ചായത്ത് പരിധിയിലുള്ള മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് എടുക്കുകയോ പുതുക്കുകയോ ചെയ്തിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതിനായി സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിച്ചിട്ടില്ല. സ്ഥല പരിശോധന നടത്തി വാർഡ്തലത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കേണ്ടതും പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

**1-12-1 റേഷൻ കടകൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു-തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്**

1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ പട്ടിക ഒന്നിലെ ക്രമ നം. 149 പ്രകാരം റേഷൻ കടകളുടെ നടത്തിപ്പിന് ഗ്രാമപഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമാണ്. ഗ്രാമപഞ്ചായത്ത് പരിധിയിൽ 10 റേഷൻ കടകൾ പ്രവർത്തിക്കുന്നതായി ഗ്രാമപഞ്ചായത്ത് അറിയിച്ചിട്ടുണ്ട്. എന്നാൽ ഇവയെല്ലാം പഞ്ചായത്തിന്റെ ലൈസൻസ് ഇല്ലാതെയാണ് പ്രവർത്തിക്കുന്നത് എന്ന് കാണുന്നു. റേഷൻ കടകളെ ലൈസൻസ് പരിധിയിൽ കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-12-2 എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.**

കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയം വിവരം, ലൈസൻസ് രജിസ്റ്റർ , സഞ്ചയ സോഫ്റ്റ് വെയർ എന്നിവ പരിശോധിച്ചപ്പോൾ ഗ്രാമപഞ്ചായത്ത് പ്രദേശത്ത് വാണിജ്യാവശ്യത്തിനുള്ള നമ്പർ നൽകിയ ധാരാളം കെട്ടിടങ്ങൾ ഉള്ളതായി കാണുന്നു. നമ്പർ അനുവദിച്ചതിനുശേഷം പഞ്ചായത്തിന്റെ ലൈസൻസ് എടുത്ത് കെട്ടിടങ്ങളിൽ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ടോ എന്ന് അറിയുന്നതിനായും മുൻവർഷങ്ങളിൽ ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളും തൻവർഷം ലൈസൻസ് പുതുക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിനായും നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-12-3 ഫയർ & സേഫ്റ്റി എൻ.ഒ.സി ഇല്ലാതെ പെട്രോൾ പമ്പുകൾ പ്രവർത്തിക്കുന്നു-നടപടികൾ സ്വീകരിക്കേണ്ടതാണ്.**

ഗ്രാമപഞ്ചായത്ത് തൻവർഷം ലൈസൻസ് നൽകിയിട്ടുള്ള താഴെ പറയുന്ന പെട്രോൾ പമ്പുകൾ ഫയർ & സേഫ്റ്റിവകുപ്പിൽനിന്നും എൻ.ഒ.സി ലഭ്യമാക്കിയിട്ടില്ല.

1. Dhanasree Service Station

2. Nandanam Fuels

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (08/11.10.21) സ്ഥല പരിശോധന നടത്തി വാർഡ്തലത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ തുടങ്ങിയതായും 2021-22 വർഷം എല്ലാ റേഷൻകടകൾക്കും ലൈസൻസ് അനുവദിച്ചിട്ടുണ്ട് എന്നും ധനശ്രീ സർവീസ് സ്റ്റേഷൻ, നന്ദനം ഫ്യുവൽസ് എന്നീ രണ്ട് സ്ഥാപനത്തിനും നിലവിൽ ഫയർ എൻ.ഒ.സി ലഭിച്ചിട്ടുണ്ട് എന്നും അറിയിച്ചിട്ടുണ്ട്.

ഓഡിറ്റ് നിർദേശങ്ങൾ

1. സ്ഥല പരിശോധന നടത്തി വാർഡ്തലത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും പഞ്ചായത്ത് പരിധിയിലുള്ള എല്ലാ സ്ഥാപനങ്ങളും ലൈസൻസോടുകൂടിയാണ് പ്രവർത്തിക്കുന്നത് എന്ന് ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

2. ചട്ടപ്രകാരം എൻ.ഒ.സി ആവശ്യമായ സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിക്കുന്നതിനു മുന്നായി എൻ.ഒ.സി പരിശോധിക്കേണ്ടതും എൻ.ഒ.സി ലഭ്യമായതിന് ശേഷം മാത്രം ലൈസൻസ് നൽകേണ്ടതുമാണ്.

## 1-13 ലൈസൻസ് /രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്ന സ്വകാര്യ ആശുപത്രികൾ, പാരാമെഡിക്കൽ സ്ഥാപനങ്ങൾക്കെതിരെ നടപടികൾ സ്വീകരിക്കേണ്ടതാണ്

1997-ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ) ചട്ടങ്ങൾ ചട്ടം 3 പ്രകാരം ഒരു ഗ്രാമപഞ്ചായത്തിന്റെ പ്രദേശത്തിന്റെ അതിർത്തിക്കുള്ളിൽ മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെ ഏതൊരു സ്വകാര്യ ആശുപത്രിയും, സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനവും സ്ഥാപിക്കുവാനോ പ്രവർത്തിക്കുവാനോ പാടുള്ളതല്ല. വടകരപ്പതി ഗ്രാമപഞ്ചായത്തിലെ സ്വകാര്യ ആശുപത്രികളുടെയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും വിവരങ്ങൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

**1. സ്വകാര്യ ആശുപത്രികൾ, പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ സൂക്ഷിക്കുന്നില്ല**

ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള എല്ലാ സ്വകാര്യ ആശുപത്രികളേയും പാരാമെഡിക്കൽ സ്ഥാപനങ്ങളേയും സംബന്ധിച്ച വിവരങ്ങൾ ഫോറം 2 പ്രകാരമുള്ള ഒരു രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. എന്നാൽ ഇത്തരത്തിലുള്ള ഒരു രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ചട്ടപ്രകാരമുള്ള രജിസ്ട്രേഷൻ, ലൈസൻസ് എന്നിവ ഇല്ലാതെ പ്രവർത്തിക്കുന്ന പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ വിവരങ്ങൾ അറിയുന്നതിനായി ഫീൽഡ് വെരിഫിക്കേഷൻ നടത്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതും അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നടപടികൾ സ്വീകരിക്കേണ്ടതുമാണ്

**2. രജിസ്ട്രേഷൻ, ലൈസൻസ് എന്നിവ പുതുക്കാതെ സ്വകാര്യ ആശുപത്രി പ്രവർത്തിക്കുന്നു**

വടകരപ്പതി ഗ്രാമപഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന അഹല്യ (വുമൺ & ചൈൽഡ്) ആശുപത്രിയുടെ രജിസ്ട്രേഷൻ, ലൈസൻസ് എന്നിവ തൻവർഷം പുതുക്കിയിട്ടില്ല. സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ ചട്ടങ്ങൾ ചട്ടം 8 ൽ രജിസ്റ്റർ ചെയ്തിട്ടില്ലാത്ത സ്വകാര്യ ആശുപത്രികളും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളും പരിപാലിക്കുകയും നടത്തുകയും ചെയ്യുന്നതിനുള്ള ശിക്ഷയെക്കുറിച്ച് പ്രതിപാദിക്കുന്നു. ഇതിൻപ്രകാരം ഈ ചട്ടങ്ങളിലെ വ്യവസ്ഥകൾക്കു വിരുദ്ധമായോ, ഈ ചട്ടത്തിൻ കീഴിൽ രജിസ്റ്റർ ചെയ്യാതെയോ രജിസ്ട്രേഷൻ റദ്ദ് ചെയ്യുന്നതിനുശേഷവും ഒരു സ്വകാര്യ ആശുപത്രിയോ സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനമോ പരിപാലിക്കുകയോ നടത്തുകയോ ചെയ്യുന്ന ഏതൊരാളും കുറ്റസ്ഥാപനത്തിൻമേൽ അയ്യായിരം രൂപ വരെ ആകാവുന്ന പിഴ ശിക്ഷയും കുറ്റം തുടരുന്ന ഓരോ ദിവസത്തിനും അഞ്ഞൂറു രൂപ വരെയാകാവുന്ന അധിക പിഴ ശിക്ഷയും നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് 11/11.10.21 മറുപടിയായി മാലിന്യ നിർമ്മാർജ്ജനം കാര്യക്ഷമമാണോ എന്ന് ഉറപ്പാക്കുന്നതിനായി പൊല്യൂഷൻ ബോർഡിൽ നിന്നുമുള്ള സർട്ടിഫിക്കറ്റ് ഹാജരാക്കാത്തതിനാലാണ് ലൈസൻസ് അനുവദിക്കാത്തത് എന്ന് പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.
രജിസ്ട്രേഷൻ പുതുക്കാത്ത ആശുപത്രികൾക്കെതിരെ ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-14 കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ് കാര്യക്ഷമമാക്കേണ്ടതാണ്

വടകരപ്പതി ഗ്രാമ പഞ്ചായത്തിൽ എട്ട് കുടിവെള്ള വിതരണ പദ്ധതികളാണ് നിലവിലുള്ളത്. അവ ചുവടെ ചേർക്കുന്നു.

1. എരുമക്കാരനാർ
2. അനുപ്പൂർ
3. പാലിയമ്മൻ തുറ
4. വലയക്കാരൻചള്ള
5. വേലന്താവളം
6. കോപ്പമേനോൻചള്ള
7. ചിന്നകൗണ്ടനൂർ
8. നല്ലൂർ

ഇവയുടെ നടത്തിപ്പ് കാര്യക്ഷമമാണോ എന്ന് പരിശോധിച്ചതിൽ കണ്ടെത്തിയവ താഴെ ചേർക്കുന്നു.

**1. കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃ സമിതികൾക്ക് കൈമാറായിട്ടില്ല**

സ.ഉ(സാധാ)നം.1275/09/ത.സ്വ.ഭ.വ തിയതി 30-5-2009 പ്രകാരം പുറപ്പെടുവിച്ച മാർഗ്ഗരേഖയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നേരിട്ട് പരിപാലിക്കുന്നതും ജല അതോറിറ്റിയിൽ നിന്ന് കൈമാറിക്കിട്ടിയതുമായ കുടിവെള്ള വിതരണ പദ്ധതികൾ ഗുണഭോക്തൃ സമിതികൾക്ക് കൈമാറേണ്ടതാണെന്ന് നിർദ്ദേശിച്ചിരുന്നു. എന്നാൽ വടകരപ്പതി ഗ്രാമപഞ്ചായത്തിനു കീഴിലുള്ള 8 കുടിവെള്ള പദ്ധതികളും ഗുണഭോക്തൃ സമിതികൾക്ക് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

**2. കുടിശ്ശിക പിരിച്ചെടുക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്**

8 കുടിവെള്ള പദ്ധതികൾക്കു കീഴിലായി 1363 കണക്ഷനുകളാണ് ഉള്ളത്. ഗാർഹിക ഉപഭോക്താക്കൾക്ക് പ്രതിമാസം 100 രൂപയും ഗാർഹികേതര ഉപഭോക്താക്കൾക്ക് 150 രൂപയുമാണ് പഞ്ചായത്ത് നിശ്ചയിച്ചിട്ടുള്ളത്. വാർഷിക ധനകാര്യപത്രിക പ്രകാരം 2020-21 വർഷം പിരിച്ചെടുക്കേണ്ട കുടിശ്ശിക **30,03,482/-** രൂപയാണ്. ഇവ പിരിച്ചെടുക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

**3. ഡിമാന്റ് രജിസ്റ്റർ കൃത്യമായി സൂക്ഷിച്ചിട്ടില്ല**

ഡിമാന്റ് രജിസ്റ്ററുകളിൽ രേഖപ്പെടുത്തലുകൾ അപൂർണ്ണമായതിനാൽ ഡിമാന്റിന്റെ കൃത്യത പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല. ഡിമാന്റ് രജിസ്റ്റർ കാലികമാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (07/ 11.10.21) മറുപടിയായി നിലവിൽ പഞ്ചായത്തിലെ മുഴുവൻ വാർഡുകളിലും കേരളവാട്ടർ അതോറിറ്റി കുടിവെള്ള കണക്ഷൻ നൽകിവരുന്ന പ്രവൃത്തി പുരോഗമിച്ചു വരികയാണ് എന്നും ഇത് പൂർത്തിയാകുന്ന മുറയ്ക്ക് കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃ സമിതിക്ക് കൈമാറുകയോ, പദ്ധതികൾ നിർത്തലാക്കുകയോ ചെയ്യുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. തുടർനടപടികളുടെ വിവരങ്ങൾ അറിയിക്കേണ്ടതും കുടിശ്ശിക പിരിച്ചെടുക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

**<u>1-15 റെഗുലറൈസേഷൻ- ചട്ടപ്രകാരമുള്ള രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്</u>**

2019 ലെ കെട്ടിടനിർമ്മാണ ചട്ടങ്ങൾ ചട്ടം 92, 93, 94, 95 പ്രകാരം നിർമ്മാണമോ, പുനർനിർമ്മാണമോ അംഗീകൃത പ്ലാൻ അല്ലെങ്കിൽ വ്യതിചലനത്തോടെയുള്ള അംഗീകൃത പ്ലാൻ ലഭിക്കാതെ ആരംഭിക്കുകയോ നടത്തിക്കൊണ്ടിരിക്കുകയോ അല്ലെങ്കിൽ പൂർത്തിയാക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ അവ ചട്ട പ്രകാരമാണെങ്കിൽ ക്രമവൽക്കരിക്കുന്നതിനുള്ള അധികാരം സെക്രട്ടറിക്കുണ്ടായിരിക്കുന്നതും അപേക്ഷകൻ ക്രമവൽക്കരണത്തിനുള്ള അപേക്ഷ അനുബന്ധം A1-ലെ ഫോറത്തിൽ സമർപ്പിക്കേണ്ടതും ഇത് പരിശോധിച്ച് സെക്രട്ടറി ക്രമവൽക്കരണം ഒരു ലിഖിത ഉത്തരവിലൂടെ അനുവദിക്കുകയോ അല്ലെങ്കിൽ നിരസിക്കുകയോ ചെയ്യേണ്ടതുമാണ്. ക്രമവൽക്കരണം അനുവദിക്കാനാണ് തീരുമാനമെങ്കിൽ ഇതു സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തിക്കൊണ്ട് അനുബന്ധം G1-ലേത് പോലുള്ള ഒരു ഉത്തരവ് പുറപ്പെടുവിക്കേണ്ടതും അനുബന്ധം-G2 ഫോറത്തിൽ സ്ഥിരമായി സൂക്ഷിക്കേണ്ട രേഖയായി ഒരു രജിസ്റ്ററിൽ ഇതു സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്. എന്നാൽ വടകരപ്പതി ഗ്രാമ പഞ്ചായത്തിൽ ക്രമവൽക്കരിച്ച കെട്ടിടങ്ങളുടെ വിവരങ്ങൾ രേഖപ്പെടുത്തുന്നതിനായി രജിസ്റ്റർ സൂക്ഷിക്കുന്നില്ല. തന്മൂലം ക്രമവൽക്കരിച്ച കെട്ടിടങ്ങൾക്ക് ചട്ടപ്രകാരം ഈടാക്കേണ്ട രാജിയാക്കൽ ഫീസിന്റെ കൃത്യത പരിശോധിക്കുന്നതിന് കഴിഞ്ഞിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് **13/ 11.10.21** റെഗുലറൈസേഷൻ രജിസ്റ്റർ

എഴുതി സൂക്ഷിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. റെഗുലറൈസേഷൻ രജിസ്റ്റർ എഴുതി രേഖപ്പെടുത്തലുകൾ വരുത്തി ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

**1-16 ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ - ചട്ടപ്രകാരമായിരിക്കേണ്ടതാണ്**

ലൈസൻസ് രജിസ്റ്റർ പ്രകാരം വടകരപ്പതി ഗ്രാമപഞ്ചായത്തിൽ താഴെ പറയുന്ന പൗൾട്രി ഫാമുകൾ പ്രവർത്തിക്കുന്നുണ്ട്.

1. ശാന്തി ഫീഡ്സ്- ബ്രോയ്ലർ ചിക്കൻ ഫാം

2. കതിർവേൽ, കുപ്പാണ്ടകൗണ്ടനൂർ - പൗൾട്രി ഫാം

കന്നുകാലി ഫാം, ആട് ഫാം, പന്നി ഫാം , മുയൽ ഫാം പൗൾട്രി ഫാം എന്നിവയ്ക്ക് ലൈസൻസ് നൽകേണ്ടത് 2012-ലെ കേരള പഞ്ചായത്ത് രാജ്(ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ ചട്ടങ്ങൾ) പ്രകാരമുള്ള നിബന്ധനകൾക്ക് വിധേയമായിട്ടാണ്. എന്നാൽ വടകരപ്പതി ഗ്രാമപഞ്ചായത്തിൽ പൗൾട്രി ഫാമുകൾക്ക് ലൈസൻസ് നൽകിയിരിക്കുന്നത് ചട്ട പ്രകാരമല്ല. കണ്ടെത്തിയ അപാകതകളുടെ വിശദവിവരങ്ങൾ തുടർ ഖണ്ഡികകളായി താഴെ ചേർക്കുന്നു.

**ലൈവ്സ്റ്റോക്ക് ഫാം രജിസ്റ്റർ സൂക്ഷിക്കുന്നില്ല**

2012-ലെ കേരള പഞ്ചായത്ത് രാജ് (ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം അനുവദിക്കപ്പെടുന്ന ലൈസൻസുകളുടെ വിവരം ഇതിനായി വച്ചുപോരുന്ന ഒരു രജിസ്റ്ററിൽ സെക്രട്ടറി എഴുതി സൂക്ഷിക്കേണ്ടതാണ്. എന്നാൽ വടകരപ്പതി ഗ്രാമപഞ്ചായത്തിൽ ലൈവ്സ്റ്റോക്ക് ഫാം രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

**1-16-1 ലൈവ് സ്റ്റോക്ക് ഫാം അനുമതി നൽകുന്നതിനുള്ള നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല**

ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ ചട്ടങ്ങൾ പ്രകാരം ഒരു ലൈവ് സ്റ്റോക്ക് ഫാം ആരംഭിക്കുവാനോ അതിനുവേണ്ടിയുള്ള കെട്ടിടമോ ഷെഡ്ഡോ നിർമ്മിക്കുവാനോ ഉദ്ദേശിക്കുന്ന ഏതൊരാളും ഈ ആവശ്യത്തിലേക്ക് ഗ്രാമപഞ്ചായത്തിന്റെ അനുമതിക്കു വേണ്ടി ഫാറം 1-ൽ സെക്രട്ടറിക്ക് അപേക്ഷ നൽകേണ്ടതും അപേക്ഷയിൽ, ഫാമിൽ വളർത്താനുദ്ദേശിക്കുന്ന മൃഗങ്ങളുടെ അഥവാ പക്ഷികളുടെ ഇനങ്ങളും എണ്ണവും, ഈ ആവശ്യത്തിലേയ്ക്ക് ലഭ്യമായ സ്ഥലത്തിന്റെ വിസ്തീർണ്ണം, നിർമ്മിച്ചതോ നിർമ്മിക്കാനുദ്ദേശിക്കുന്നതോ ആയ കെട്ടിടത്തിന്റെ അഥവാ ഷെഡ്ഡിന്റെ വിവരണം (തറ വിസ്തീർണ്ണം ഉൾപ്പെടെ), ഉദ്ദേശിക്കുന്ന മാലിന്യനിർമ്മാർജ്ജന ക്രമീകരണങ്ങൾ, ചുറ്റുവട്ടത്തുള്ള ജനവാസത്തെപ്പറ്റിയുള്ള വിവരണം എന്നീ കാര്യങ്ങൾ ഉണ്ടായിരിക്കേണ്ടതും കെട്ടിടങ്ങളുടെയും ഷെഡ്ഡുകളുടെയും പ്ലാനും സ്ഥലത്തിന്റെ സ്കെച്ചും ഉള്ളടക്കം ചെയ്യേണ്ടതുമാണ്. അപേക്ഷ കിട്ടി മുപ്പതുദിവസം അവസാനിക്കുന്നതിനുമുമ്പ് അപേക്ഷയിൻമേൽ സെക്രട്ടറി അനുമതി നൽകുകയോ നിഷേധിക്കുകയോ ചെയ്യേണ്ടതും അനുമതി നൽകിക്കൊണ്ടോ നിഷേധിച്ചുകൊണ്ടോ ഉള്ള ഉത്തരവ് രേഖാമൂലം അപേക്ഷകനെ അറിയിക്കേണ്ടതും അതിനുശേഷം ആദ്യം ചേരുന്ന ഗ്രാമപഞ്ചായത്ത് ഭരണസമിതി യോഗത്തിന്റെ മുമ്പാകെ വിശദാംശങ്ങൾ സഹിതം അവതരിപ്പിക്കേണ്ടതുമാണ്. ലൈവ് സ്റ്റോക്ക് ഫാം ആരംഭിക്കുന്നതിന് 6-ാം ചട്ടപ്രകാരം ഗ്രാമപഞ്ചായത്തിന്റെ അനുമതി ലഭിച്ചിട്ടുള്ള ഏതൊരാളും, ഇതിലേക്കാവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തിയശേഷം ഫാം നടത്തുന്നതിനുള്ള ലൈസൻസിനായി ഫാറം 2-ൽ സെക്രട്ടറിക്ക് അപേക്ഷ നൽകേണ്ടതും സെക്രട്ടറി ആവശ്യമായ അന്വേഷണം നടത്തി നിബന്ധനകൾ അപേക്ഷകൻ പൂർണ്ണമായി പാലിച്ചിട്ടുണ്ടെന്ന് തനിക്ക് ബോദ്ധ്യപ്പെടുന്നപക്ഷം, അപേക്ഷിച്ച പ്രകാരം, ഫാറം 3-ൽ ലൈസൻസ് നൽകുകയോ കാരണങ്ങൾ വ്യക്തമാക്കിക്കൊണ്ട് രേഖാമൂലം അപേക്ഷ നിരസിക്കുകയോ ചെയ്യേണ്ടതാണ്. എന്നാൽ ചട്ടപ്രകാരമുള്ള മേൽ നടപടിക്രമങ്ങൾ പാലിക്കാതെ ലൈസൻസ് അനുവദിക്കുകയാണ് ചെയ്തിരിക്കുന്നത്.

**1-16-2 ലൈവ് സ്റ്റോക്ക് ഫാമിൽ പരിശോധന നടത്തി പരിശോധനാ റിപ്പോർട്ട് സൂക്ഷിച്ചിട്ടില്ല**

ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ ചട്ടങ്ങൾ, ചട്ടം 10 പ്രകാരം സെക്രട്ടറിയും മറ്റ് ഉദ്യോഗസ്ഥരും ലൈവ്സ്റ്റോക്ക് ഫാമിൽ വളർത്തപ്പെടുന്ന മൃഗങ്ങളുടെയോ പക്ഷികളുടേയോ എണ്ണം തിട്ടപ്പെടുത്തുന്നതിനോ, ഫാമിന്റെ ഉടമസ്ഥൻ അഥവാ നടത്തിപ്പുകാരൻ ഈ ചട്ടങ്ങളിലോ ഗ്രാമ പഞ്ചായത്തിന്റെ അനുമതിയിലോ നിഷ്കർഷിച്ചിട്ടുള്ള നിബന്ധനകൾ പൂർണ്ണമായി പാലിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനോ വേണ്ടി ആറുമാസത്തിലൊരിക്കൽ ലൈവ് സ്റ്റോക്ക് ഫാമിൽ പരിശോധന നടത്തി

പരിശോധനാ റിപ്പോർട്ട് സൂക്ഷിക്കേണ്ടതാണ്. എന്നാൽ ഇത്തരം പരിശോധന നടത്തിയതായി കാണുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് 11/ 11.10.21 അപാകതകൾ പരിഹരിച്ച് റിപ്പോർട്ട് ചെയ്യുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്.

ഓഡിറ്റ് നിർദേശങ്ങൾ

1. ലൈവ്സ്റ്റോക്ക് ഫാമുകൾക്കായി പ്രത്യേക രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതാണ്.

2. ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകുമ്പോൾ ചട്ടപ്രകാരമുള്ള നിബന്ധനകൾ പാലിക്കുന്നുണ്ട് എന്ന് ഉറപ്പാക്കേണ്ടതാണ്.

3. ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ ചട്ടങ്ങൾ പ്രകാരമുള്ള ഫീസ് ഈടാക്കേണ്ടതാണ്.

4. ആറുമാസത്തിലൊരിക്കൽ ലൈവ് സ്റ്റോക്ക് ഫാമിൽ പരിശോധന നടത്തി പരിശോധനാ റിപ്പോർട്ട് സൂക്ഷിക്കേണ്ടതാണ്.

## 1-17 കെട്ടിടങ്ങൾ വാടകയ്ക്ക് നൽകൽ - രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്

2020-21 വർഷം വടകരപ്പതി ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ വാടകയ്ക്ക് നൽകുന്നതുമായി ബന്ധപ്പെട്ട രജിസ്റ്റർ കാലികമാക്കി എഴുതി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഡിമാന്റിന്റെ കൃത്യത, വരവ് എന്നിവ പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് താഴെ പറയുന്ന വിവരങ്ങൾ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം. 15/11.10.21) നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

1. വടകരപ്പതി ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ, ഇവയിൽ വാടകയ്ക്ക് നൽകിയിട്ടുള്ള കെട്ടിടങ്ങളുടെ എണ്ണം, കെട്ടിട നമ്പർ, മാസ വാടക ഈടാക്കിയതിന്റെ വിവരങ്ങൾ, വാടക വർദ്ധനവ് നടത്തിയതിന്റെ വിവരങ്ങൾ, കോവിഡ് പശ്ചാത്തലത്തിൽ വാടക ഒഴിവാക്കിയിട്ടുണ്ടെങ്കിൽ അതിന്റെ വിവരങ്ങൾ, ഭരണസമിതി തീരുമാനങ്ങൾ.

2. വാടകക്കാരുമായി കരാർ ചമച്ചതിന്റെ വിവരങ്ങൾ, കരാറുകൾ

3. വാടക ബൈലോ തയ്യാറാക്കി അംഗീകാരം ലഭ്യമാക്കിയതിന്റെ വിവരങ്ങൾ

4. വാർഷിക ധനകാര്യപത്രിക പ്രകാരം വാടകയ്ക്ക് നല്കിയിട്ടുള്ള കെട്ടിടങ്ങളുടെ വരവ്, കുടിശ്ശിക എന്നിവ പരിശോധിച്ചതിൽ ഡിമാന്റിനേക്കാൾ വരവ് വന്നിട്ടുള്ളതായി കാണുന്നു. കുടിശ്ശിക നെഗറ്റീവ് ആണ്. വിശദവിവരം ചുവടെ ചേർക്കുന്നു.

ഇൻകം ആന്റ് എക്സ്പെൻഡിച്ചർ പ്രകാരം ഡിമാന്റ്- 120/-

റസീപ്റ്റ് & പേയ്മെന്റ് പ്രകാരം തുക ഈടാക്കിയത്- 47,607/- (Adv.Collection- 1922/-)

ബാലൻസ് ഷീറ്റ് പ്രകാരം പിരിക്കാൻ ബാക്കിയുള്ള തുക- (-47,487/-)

മേൽ വിവരങ്ങൾ ഓഡിറ്റിന് സമർപ്പിക്കേണ്ടതും രജിസ്റ്റർ കാലികമാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

## 1-18 അഹല്യ ഇന്റർനാഷണൽ ഫൗണ്ടേഷൻ- പണിപൂർത്തിയായ മെസ് ബ്ലോക്ക് കെട്ടിടത്തിന് അധികൃത/അനധികൃത നമ്പർ നൽകി വസ്തുനികുതി ഈടാക്കേണ്ടതാണ്.

അഹല്യ ഇന്റർനാഷണൽ ഫൗണ്ടേഷൻ കൈവശമുള്ള റീസർവേ നമ്പർ 77, 75 ൽ പണി പൂർത്തിയായിട്ടുള്ള മെസ് ബ്ലോക്ക് കെട്ടിടം ക്രമവത്ക്കരിച്ച്നൽകുന്നതിനുള്ള അനുമതിയ്ക്കായി അഹല്യ ഇന്റർനാഷണൽ ഫൗണ്ടേഷന് വേണ്ടി എ.ജി.അജിത്ത് പ്രസാദ് എന്നയാൾ അപേക്ഷ സമർപ്പിക്കുകയുണ്ടായി. ടി അപേക്ഷയിൻമേൽ തുടർനടപടികൾ സ്വീകരിക്കുന്നതിനായി 14.07.2016 ൽ A2-3003/2016 നമ്പർ കത്ത് പ്രകാരം സെക്രട്ടറി വടകരപ്പതി പഞ്ചായത്തിൽ നിന്നും പാലക്കാട് ടൗൺ പ്ലാനർക്ക് കൈമാറുകയും ടി അപേക്ഷയിൻമേൽ ന്യൂനതകൾ ചൂണ്ടിക്കാട്ടി ഇവ പരിഹരിക്കാതെ ക്രമവത്ക്കരണം സാധ്യമല്ല എന്ന് 19.08.2016 ലെ 1475/16/K Dis നമ്പർ കത്ത് പ്രകാരം ടൗൺ പ്ലാനർ, പാലക്കാട് അറിയിച്ചിട്ടുണ്ട്. ഇതിൻ പ്രകാരം ന്യൂനതകൾ പരിഹരിച്ച് മെസ് ബ്ലോക്ക് കെട്ടിടം ക്രമവത്കരിച്ച നൽകുന്നതിനും പുതിയതായി മെക്കാനിക്കൽ ബ്ലോക്ക് കെട്ടിടം പണിയുന്നതിനുമായി ലേ ഔട്ട് അനുമതിയ്ക്കായി അഹല്യ ഇന്റർനാഷണൽ ഫൗണ്ടേഷനു വേണ്ടി എ.ജി.അജിത്ത് പ്രസാദ് എന്നവർ വീണ്ടും അപേക്ഷ സമർപ്പിക്കുകയും ടി അപേക്ഷ ടൗൺ പ്ലാനർക്ക് 15.12.2016ൽ A2-3002/16 നമ്പർ കത്ത് പ്രകാരം കൈമാറുകയും ടൗൺ പ്ലാനറുടെ 01.01.2018

ലെ C-2559/17 നമ്പർ ഉത്തരവ് പ്രകാരം ലേ ഔട്ട് പ്ലാൻ അംഗീകരിക്കുകയും, മെസ് ബ്ലോക്ക് കെട്ടിടം ക്രമവത്ക്കരണം, മെക്കാനിക്കൽ ബ്ലോക്ക് കെട്ടിടത്തിന് നിർമ്മാണാനുമതി എന്നിവ നല്കുന്നതിന് ഗ്രാമപഞ്ചായത്തിന് നിർദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. മേൽ ഉത്തരവ് പ്രകാരം താഴെ പറയുന്ന കെട്ടിടത്തിന്റെ ലേ ഔട്ട് പ്ലാൻ അംഗീകരിച്ചിട്ടുണ്ട്.

| അഹല്യ സ്കൂൾ ഓഫ് എഞ്ചിനിയറിംഗ് & ടെക്നോളജി കോംമ്പൗണ്ട് | |
|---|---|
| നിലവിലുള്ള കെട്ടിടം | 8763 $M^2$ |
| ക്രമവത്കരിക്കുന്നതിനുള്ള കെട്ടിടം | 935.93 $M^2$ (മെസ് ബ്ലോക്ക്) |
| പുതിയതായി നിർമ്മിക്കുന്ന കെട്ടിടം | 6724.1179 $M^2$ (മെക്കാനിക്കൽ ബ്ലോക്ക്) |
| **ആകെ** | **16423.05 M2** |

2011 ലെ കെട്ടിടനിർമ്മാണനിർമാണചട്ടപ്രകാരം 18.01.2018 തിയതിയിൽ A2/8760/17 നമ്പരായി 16423.05 $M^2$ വിസ്തീർണ്ണമുള്ള ബിൽഡിംഗ് നിർമ്മിക്കുന്നതിന് ബിൽഡിംഗ് പെർമിറ്റ് നൽകിയിട്ടുണ്ട്. പെർമിറ്റ് ഫീസ് ആയി 1,14,961/- രൂപ ഈടാക്കിയിട്ടുണ്ട്. ബിൽഡിംഗ് പെർമിറ്റിന്റെ കാലാവധി 17.01.2021 ന് അവസാനിച്ചതിനാൽ ബിൽഡിംഗ് പെർമിറ്റ് പുതുക്കി നൽകണം എന്ന് ആവശ്യപ്പെട്ട് അഹല്യ ഇന്റർനാഷണൽ ഫൗണ്ടേഷൻ അപേക്ഷ സമർപ്പിക്കുകയും ബിൽഡിംഗ് പെർമിറ്റിന്റെ കാലാവധി പുതുക്കി നൽകുകയും ചെയ്തിട്ടുണ്ട്.

**മെസ് ബ്ലോക്ക് കെട്ടിടം ക്രമവത്ക്കരണം നടത്തിയിട്ടില്ല- വസ്തുനികുതിയിനത്തിൽ നഷ്ടം**

935.93 $M^2$ വിസ്തൃതിയുള്ള മെസ് ബ്ലോക്ക് കെട്ടിടം ക്രമവത്ക്കരിക്കുന്നതിനും പുതിയതായി നിർമ്മിക്കുന്ന 6724.1179 $M^2$ വിസ്തൃതിയുള്ള മെക്കാനിക്കൽ ബ്ലോക്ക് കെട്ടിടത്തിന് കെട്ടിടനിർമ്മാണഅനുമതി ആവശ്യപ്പെട്ടുമാണ് അപേക്ഷ നൽകിയിരിക്കുന്നത്. (ആകെ വിസ്തീർണ്ണം-16423.05 $M^2$ , നിലവിലുള്ള കെട്ടിടം-8763 $M^2$, ക്രമവത്ക്കരിക്കുന്നതിനുള്ള കെട്ടിടം-മെസ് ബ്ലോക്ക് 935.93 M2 , പുതിയതായി നിർമ്മിക്കുന്ന കെട്ടിടം- മെക്കാനിക്കൽ ബ്ലോക്ക് 6724.1179 $M^2$ ) എന്നാൽ ഇത് പരിശോധിക്കാതെ ആകെ കെട്ടിടത്തിന്റെ വിസ്തൃതിയായ 16423.05 $M^2$ ന് പെർമിറ്റ് നൽകിയിട്ടുണ്ട്. ക്രമവത്കരിക്കുന്നതിനായി അപേക്ഷ നല്കിയ മെസ് ബ്ലോക്ക് കെട്ടിടത്തിന് കേരള പഞ്ചായത്ത് രാജ് ബിൽഡിംഗ് ചട്ടങ്ങൾ പാലിക്കുന്നുണ്ടോ എന്ന് പരിശോധിച്ച് ക്രമവത്ക്കരിക്കാൻ സാധിക്കുമെങ്കിൽ അധികൃത നമ്പരും ചട്ടങ്ങൾ പാലിക്കുന്നില്ല എങ്കിൽ യു.എ നമ്പരും നൽകി വസ്തുനികുതി നിർണ്ണയിക്കേണ്ടതായിരുന്നു. എന്നാൽ കെട്ടിട നമ്പർ അനുവദിക്കാത്തതിനാൽ വസ്തുനികുതി ഇനത്തിൽ പഞ്ചായത്തിന് ലഭിക്കേണ്ട തുകയിൽ നഷ്ടം സംഭവിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് 12/11.10.2021 ന് മറുപടി ലഭിച്ചിട്ടില്ല.

ഓഡിറ്റ് നിർദേശങ്ങൾ

ക്രമവത്കരിക്കുന്നതിനായി അപേക്ഷ ലഭിച്ചിട്ടുള്ള **935.93 $M^2$** വിസ്തൃതിയുള്ള മെസ് ബ്ലോക്ക് കെട്ടിടം പരിശോധിച്ച് ക്രമവത്ക്കരിക്കാവുന്നതാണെങ്കിൽ ക്രമവത്ക്കരിച്ച് നൽകേണ്ടതും ക്രമവത്കരിക്കാൻ സാധിക്കാത്തതാണെങ്കിൽ യു.എ നമ്പർ നൽകി ടി കെട്ടിടം എന്നു മുതലാണ് പ്രവർത്തനം ആരംഭിച്ചത് എന്ന് പരിശോധിച്ച് അന്ന് മുതൽ ഇതുവരെയുള്ള വസ്തുനികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

**1-18-1 ഫയർഫോഴ്സ് എൻ.ഒ.സി, പൊല്യൂഷൻ സർട്ടിഫിക്കറ്റ് എന്നിവ ഇല്ലാതെ കെട്ടിട നിർമാണാനുമതി നൽകിയിരിക്കുന്നു- വിശദീകരണം ലഭ്യമായില്ല.**

അഹല്യ ഇന്റർനാഷണൽ ഫൗണ്ടേഷൻ പുതിയതായി നിർമ്മിക്കുന്ന മെക്കാനിക്കൽ ബ്ലോക്ക് കെട്ടിടത്തിനായി നിർമാണാനുമതിക്കായി അപേക്ഷ സമർപ്പിക്കുകയും എന്നാൽ ഫയർഫോഴ്സ് എൻ.ഒ.സി, പൊല്യൂഷൻ സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കാത്തതിനാൽ ഇവ മൂന്ന് മാസത്തിനകം ഹാജരാക്കണം എന്ന ഉടമ്പടിയിൽ 18.01.2018 തിയതിയിൽ A2/8760/17 നമ്പരായി 16423.05 $M^2$ വിസ്തീർണ്ണമുള്ള ബിൽഡിംഗ് നിർമ്മിക്കുന്നതിന് ബിൽഡിംഗ് പെർമിറ്റ് നൽകിയിട്ടുമുണ്ട്. എന്നാൽ ഇത്തരം ഉടമ്പടികൾക്ക് ചട്ടപ്രകാരം

സാധുതയില്ലാത്തതാണ്. ബിൽഡിംഗ് പെർമിറ്റിന്റെ കാലാവധി 17.01.2021 ന് അവസാനിച്ചതിനാൽ ബിൽഡിംഗ് പെർമിറ്റ് പുതുക്കി നൽകണം എന്ന് ആവശ്യപ്പെട്ട് അഹല്യ ഇന്റർനാഷണൽ ഫൗണ്ടേഷൻ അപേക്ഷ സമർപ്പിക്കുകയും ബിൽഡിംഗ് പെർമിറ്റിന്റെ കാലാവധി പുതുക്കി നൽകുകയും ചെയ്തിട്ടുണ്ട്. ഫയർഫോഴ്സ് എൻ.ഒ.സി, പൊലൂഷൻ സർട്ടിഫിക്കറ്റ് എന്നിവ ഇതുവരെയും ഹാജരാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് 12/11.10.2021 ന് മറുപടി ലഭിച്ചിട്ടില്ല. എൻ.ഒ.സി, പൊലൂഷൻ സർട്ടിഫിക്കറ്റ് എന്നിവ പിന്നീട് ഹാജരാക്കാം എന്ന വ്യവസ്ഥയിൽ ബിൽഡിംഗ് പെർമിറ്റ് നൽകാൻ പാടില്ലാത്തതാണ്.

**1-19 അനധികൃത നിർമ്മാണ കെട്ടിടങ്ങൾക്ക് വസ്തുനികുതി ഈടാക്കേണ്ടതാണ്**

2020-21 വർഷത്തെ പെർമിറ്റ് രജിസ്റ്റർ, മുൻ വർഷങ്ങളിലെ പെർമിറ്റ് രജിസ്റ്റർ, സഞ്ചയ സോഫ്റ്റ്‌വെയർ, കെട്ടിടനിർമ്മാണ അനുമതി ഫയലുകൾ, നമ്പറിംഗ് ഫയലുകൾ എന്നിവ പരിശോധിച്ചതിൽ വടകരപ്പതി ഗ്രാമപഞ്ചായത്തിൽ താഴെ പറയുന്ന അനധികൃതകെട്ടിടങ്ങൾ ഉള്ളതായി കാണുന്നു. എന്നാൽ ടി കെട്ടിടങ്ങൾക്ക് യു.എ നമ്പർ നൽകി വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കിയിട്ടില്ല.

**1. അഹല്യ എഞ്ചിനിയറിംഗ് കോളേജ് മെസ്സ് ബ്ലോക്ക് കെട്ടിടം**

അഹല്യ എഞ്ചിനിയറിംഗ് കോളേജിന്റെ കീഴിലുള്ള പണി പൂർത്തീകരിച്ച 935.93 ച.മീറ്റർ വിസ്തൃതിയുള്ള മെസ്സ് ബ്ലോക്ക് കെട്ടിടം ക്രമവൽക്കരിക്കുന്നതിനുള്ള അപേക്ഷ 14.07.2016 ന് അഹല്യ ഗ്രൂപ്പിനുവേണ്ടി എ.ജി.അജിത് പ്രസാദ് എന്നയാൾ സമർപ്പിച്ചിട്ടുണ്ട്. എന്നാൽ കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കാത്തതിനാൽ ടി കെട്ടിടം ക്രമവത്ക്കരിച്ച് നൽകുവാൻ സാധ്യമല്ല എന്ന് അഹല്യ ഇന്റർനാഷണൽ ഫൗണ്ടേഷനെ അറിയിച്ചിട്ടുണ്ട്. ആവശ്യമായ രേഖകൾ സമർപ്പിക്കാത്തതിനാൽ കെട്ടിടം ഇതുവരെയും ക്രമവത്ക്കരിച്ചിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തു നിന്നും നാളിതുവരെ ഈ വിഷയത്തിൽ തുടർ നടപടികൾ ഉണ്ടായിട്ടില്ല. കെട്ടിടം ഇപ്പോഴും അനധികൃതമായി പ്രവർത്തിച്ച് വരുന്നുവെങ്കിലും കെട്ടിടത്തിന് അനധിക്രതനിർമ്മാണമായി പരിഗണിച്ച് യു.എ നമ്പർ നൽകുകയോ വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കുകയോ ചെയ്തിട്ടില്ല.

**2. എഞ്ചിനിയറിംഗ് കോളേജിന്റെ വർക്ക്ഷോപ്പ് കെട്ടിടം**

വടകരപ്പതി പഞ്ചായത്ത് 90/1, 90/2, 3, 4, 5, 6, 112/1 എന്നീ സർവ്വേ നമ്പറുകളിലായി വ്യാപിച്ച കിടക്കുന്ന സ്ഥലത്ത് എഞ്ചിനിയറിംഗ് കോളേജിന്റെ ലബോറട്ടറികളും വർക്ക്ഷോപ്പ് കെട്ടിടങ്ങളും നിർമ്മിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് ഹൈക്കോടതിയിൽ നിലവിലുണ്ടായിരുന്ന കേസ് നം. WP(C) No. 21289/2017 ന്റെ 23-5-2018 ലെ വിധി പ്രകാരം 4 മാസത്തിനുള്ളിൽ ആർ.ഡി.ഒ, തഹസിൽദാർ എന്നിവർ സ്ഥലം പരിശോധിച്ച് പരാതി തീർപ്പാക്കുവാൻ നിർദ്ദേശിച്ചിരുന്നുവെങ്കിലും കേസ് നാളിതുവരെ തീർപ്പാക്കിയിട്ടില്ല. ഇതിൽ വടകരപ്പതി പഞ്ചായത്ത് പരിധിയിൽ സ്ഥിതി ചെയ്യുന്ന വർക്ക്ഷോപ്പ് കെട്ടിടത്തിന് ഗ്രാമപഞ്ചായത്ത് പെർമിറ്റ് നൽകുകയോ, ക്രമവൽക്കരണം നടത്തുകയോ, അനധികൃതനിർമ്മാണമായി പരിഗണിച്ച് യു.എ നമ്പർ നൽകുകയോ, വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കുകയോ ചെയ്തിട്ടില്ല. എന്നാൽ വർക്ക്ഷോപ്പ് കെട്ടിടം പണി പൂർത്തീകരിച്ച് പ്രവർത്തിച്ച വരുന്നുണ്ട്.

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം 235എഎ(1) വകുപ്പ് പ്രകാരം നിയമാനുസൃതമല്ലാത്ത കെട്ടിട നിർമ്മാണം പൂർത്തിയാക്കുകയോ ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ ചെയ്താൽ ഇതിൽ ഏതാണോ ആദ്യം വരുന്നത് ആ തീയതി മുതൽ കെട്ടിടം പൊളിച്ച മാറ്റുകയോ ക്രമവൽക്കരിക്കുകയോ ചെയ്യുന്ന തീയതി വരെ കെട്ടിടം നിയമാനുസൃതം നിർമ്മിച്ചതാണെങ്കിൽ കൊടുക്കേണ്ടിവരുമായിരുന്ന വസ്തുനികുതിയും അതോടൊപ്പം അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർത്തുള്ള തുക വസ്തുനികുതിയായി ഈടാക്കാവുന്നതാണ്. എന്നാൽ മേൽകെട്ടിടങ്ങൾക്ക് യു.എ നമ്പർ അനുവദിച്ച് വസ്തുനികുതി ഈടാക്കാമായിരുന്നിട്ടും അത് ചെയ്തിട്ടില്ല. തൻമൂലം പഞ്ചായത്തിന് വസ്തുനികുതി ഇനത്തിൽ ലഭിക്കേണ്ടിയിരുന്ന തുക നഷ്ടമായിട്ടുണ്ട്. ഇത് പഞ്ചായത്തിന്റെ ഭാഗത്തുനിന്നുമുള്ള വീഴ്ചയായി കാണുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 12/11.10.21 ന് മറുപടി ലഭ്യമായില്ല.

ഓഡിറ്റ് നിർദേശം

അഹല്യ എഞ്ചിനിയറിംഗ് കോളേജ് മെസ്സ് ബ്ലോക്ക് കെട്ടിടം, എഞ്ചിനിയറിംഗ് കോളേജിന്റെ വർക്ക്ഷോപ്പ് കെട്ടിടം എന്നിവക്ക് യു.എ നമ്പർ നൽകി ഈ കെട്ടിടങ്ങൾ എന്നു മുതലാണ് പ്രവർത്തനം ആരംഭിച്ചത് എന്ന് പരിശോധിച്ച് അന്ന് മുതൽ ഇതുവരെയുള്ള വസ്തുനികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

**1-20 അനധികൃത നിർമ്മാണ രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്**

**2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 20 പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾക്ക് പ്രത്യേക കെട്ടിട നമ്പർ നൽകി അവയെ സംബന്ധിച്ച വിവരങ്ങൾ ( അനധികൃത കെട്ടിടങ്ങളുടെ വിവരങ്ങൾ, ഏതുതരം ചട്ടലംഘനമാണ് നടത്തിയത്, ടി ലംഘനം പ്രതിപാദിക്കുന്ന റൂൾസ്, ചട്ടലംഘനത്തിനെതിരെ സ്വീകരിച്ച നടപടികൾ എന്നിവ ) ഈ ചട്ടങ്ങൾക്ക് അനുബന്ധമായി ചേർത്തിട്ടുള്ള ഫാറം 10-ൽ ഉള്ള രജിസ്റ്ററിൽ രേഖപ്പെടുത്തി സെക്രട്ടറി സൂക്ഷിക്കേണ്ടതാണ്. എന്നാൽ ഇത്തരം വിവരങ്ങൾ രേഖപ്പെടുത്തുന്നതിനായി അനധികൃത നിർമ്മാണ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആയത് സൂക്ഷിക്കേണ്ടതാണ്.ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 12/11.10.21 ന് മറുപടി ലഭ്യമായില്ല.**

**1-20-1 കെട്ടിട നിർമ്മാണങ്ങളുടെ വിവരങ്ങൾ സർക്കാരിലേക്ക് റിപ്പോർട്ട് ചെയ്യുന്നില്ല**

2019 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 104 ൽ ഓരോ 3 മാസം കൂടുമ്പോഴും ഗ്രാമപഞ്ചായത്തിൽ ബിൽഡിംഗ് പെർമിറ്റ്, റെഗുലറൈസേഷൻ എന്നിവയ്ക്കായി ലഭിച്ച അപേക്ഷകളുടെ എണ്ണം, ഇവയിൽ നടപടികൾ സ്വീകരിച്ചവ, നടപടികൾ സ്വീകരിച്ചിട്ടില്ലെങ്കിൽ അതിനുള്ള കാരണങ്ങൾ, അനധികൃത നിർമ്മാണങ്ങളുടേയും ആയതിന്മേൽ സ്വീകരിച്ച തുടർനടപടികളുടേയും വിവരം എന്നിവ സർക്കാറിനെ അറിയിക്കേണ്ടതാണ്. ഫയൽ പരിശോധിച്ചതിൽ മേൽ വിവരങ്ങൾ സർക്കാരിലേക്ക് റിപ്പോർട്ട് ചെയ്തതായി കാണുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 12/11.10.21 ന് മറുപടി ലഭ്യമായില്ല.

**1-21 അക്കൗണ്ടുകൾ നിഷ്ക്രിയമായി ശേഷിക്കുന്നു**

1. വിവിധ പദ്ധതികളുടെ നടത്തിപ്പിനായി ആരംഭിച്ച താഴെപ്പറയുന്ന ബാങ്ക് അക്കൗണ്ടുകൾ ഇടപാടുകൾ നടത്താതെ നിഷ്ക്രിയമായി ശേഷിക്കുന്നു. ബാങ്ക് അക്കൗണ്ടുകളിൽ പലിശ വരവ് / ബാങ്ക് ചാർജ് മാത്രമാണ് ഉള്ളത്.

| ബാങ്ക് | അക്കൗണ്ട് നമ്പർ | 01.04.19ലെ നീക്കിയിരിപ്പ് | 31.03.21ലെ നീക്കിയിരിപ്പ് |
|---|---|---|---|
| കാനറാ ബാങ്ക്, വേലന്താവളം (സാക്ഷരത) | 0835101011071 | 1546 | 1495 |
| കാനറാ ബാങ്ക്, വേലന്താവളം (WGDP) | 0835101016419 | 383675 | 409058 |

WGDP പദ്ധതികൾക്കായി ലഭ്യമായ തുക തുടർന്ന് ഉപയോഗിക്കാത്ത സാഹചര്യത്തിലും സാക്ഷരത ഇനത്തിൽ ലഭിക്കുന്ന തുകകൾ നിക്ഷേപിക്കുന്നതിനു വേണ്ടി മുൻ വർഷങ്ങളിൽ ആരംഭിക്കുകയും എന്നാൽ കാലാകാലങ്ങളായി ഇടപാടുകൾ ഇല്ലാത്തതിനാലും അക്കൗണ്ടുകൾ നിഷ്ക്രിയമായി ശേഷിക്കുന്നു. വിഷയം ഓഡിറ്റ് അന്വേഷണം(34/21.1021) മുഖേന അറിയിച്ചതിന് ഭരണസമിതി തീരുമാനമെടുത്ത് നടപടി സ്വീകരിക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കി.

2. 2020-21 വാർഷിക ധനകാര്യ പത്രിക- ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂൾ പ്രകാരം 320200307 ഹെഡിൽ എം.എൻ ലക്ഷം വീട് പദ്ധതിയ്ക്കായി മുൻവർഷങ്ങളിൽ ലഭ്യമായ 41610 രൂപ ചെലവഴിക്കാതെ ശേഷിക്കുന്നു. ടി തുക ഏത് ബാങ്ക് അക്കൗണ്ടിലാണ് ക്രെഡിറ്റ് ചെയ്തിരിക്കുന്നതെന്നും ചെലവഴിക്കാതെ ശേഷിക്കുന്ന തുക തിരിച്ചടക്കുന്നതിന് സ്വീകരിച്ച നടപടി സംബന്ധിച്ചും ഓഡിറ്റ് അന്വേഷണം (34/21.10.21)നൽകിയതിന് ചെലവഴിക്കാതെ ശേഷിക്കുന്ന തുക തിരിച്ചടക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചു.

ഓഡിറ്റ് നിർദ്ദേശം

1. നിഷ്ക്രിയ ബാങ്ക് അക്കൗണ്ട് അവസാനിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് തുക അതാത് ഹെഡുകളിലേക്ക് തിരിച്ചടച്ചതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

2. എം.എൻ ലക്ഷം വീട് പദ്ധതിയ്ക്കായി മുൻവർഷങ്ങളിൽ ലഭിച്ച് നിഷ്ക്രിയമായി ശേഷിക്കുന്ന തുക തിരിച്ചടച്ചതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതാണ്.

**1-22 ചെലവഴിക്കാത്ത തുകകൾ തിരിച്ചടക്കേണ്ടതാണ്**

2020-21 വാർഷിക ധനകാര്യ പത്രിക ബാലൻസ് പ്രകാരം താഴെ പറയുന്ന തുകകൾ ചെലവഴിക്കാതെ

അവശേഷിക്കുന്നു. തുകകൾ നാളിതുവരെയായി ചെലവഴിച്ചിട്ടുള്ളതായി കാണുന്നില്ല.

സംയുക്ത പ്രൊജക്റ്റുകൾക്കായി ജില്ലാ, ബ്ലോക്ക് പഞ്ചായത്ത് എന്നിവയിൽ നിന്നും ലഭിക്കുന്ന തുകകളുടെ വരവ് ചെലവ് സംബന്ധിച്ച് രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ഓരോ ഇനങ്ങളുടേയും കൃത്യമായ കണക്ക് രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

തുകകൾ ഏതു വർഷം എന്ത് ആവശ്യത്തിന് ലഭിച്ചു എന്നും തുക ചെലവഴിക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കാനും ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി നം. 1/6-10-2021ന് സംയുക്ത പ്രൊജക്റ്റുകളുടെ ട്രഷറി അക്കൌണ്ട് ക്ലോസ് ചെയ്യുവാൻ സർക്കാരിൽ നിന്നും നിർദ്ദേശം വന്നതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തിന്റെ LGTSB അക്കൌണ്ടിലേക്ക് മാറ്റിയിട്ട് ക്ലോസ് ചെയ്തു എന്നും അതിനുശേഷം വന്നിട്ടുള്ള ജില്ലാപഞ്ചായത്ത് ചെലവുകൾ മേൽപറഞ്ഞ ഹെഡിൽ വരാത്തതാണ് ബാലൻസായി അവശേഷിക്കുന്നത് എന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എന്ത് ആവശ്യത്തിന് ലഭിച്ച തുകയാണ് എന്നും ചെലവ് സംബന്ധിച്ച വിവരത്തിനും മറുപടി ലഭ്യമാക്കിയില്ല.

മറ്റു സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാകുന്നതും ചെലവഴിക്കുന്നതുമായ തുകയുടെ കൃത്യത ഉറപ്പാക്കുന്നതിനായി രജിസ്റ്ററിൽ അപാകതകൾ പരിഹരിച്ച് കൃത്യമായ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതും അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും ചെലവഴിക്കാത്ത തുകകൾ തിരിച്ചടക്കേണ്ടതുമാണ്. തുടർ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

ചെലവഴിക്കാത്ത തുകകളുടെ വിവരങ്ങൾ ഖണ്ഡിക 1-22-1 (ബ്ലോക്ക് പഞ്ചായത്ത്), 1-22-2 (ജില്ലാ പഞ്ചായത്ത്) എന്നിവയിൽ ചേർത്തിട്ടുണ്ട്.

## 1-22-1 ചെലവഴിക്കാത്ത തുക -ബ്ലോക്ക് പഞ്ചായത്ത് വിഹിതം

| ഹെഡ് | തുക ലഭിച്ച വർഷം | ബാലൻസ് തുക B-4 | പ്രൊജക്റ്റിന്റെ പേര് | തുക നൽകിയ സ്ഥാപനം |
|---|---|---|---|---|
| 320700204 | 2018-19 | 5708 | പാലിയേറ്റീവ് കെയർ | ബ്ലോക്ക് പഞ്ചായത്ത് |
| 320700204 | 2019-20 | 45539 | പാലിയേറ്റീവ് കെയർ | ബ്ലോക്ക് പഞ്ചായത്ത് |

## 1-22-2 ചെലവഴിക്കാത്ത തുക -ജില്ലാ പഞ്ചായത്ത് വിഹിതം

| ഹെഡ് | തുക ലഭിച്ച വർഷം | ബാലൻസ് തുക B-4 | പ്രൊജക്റ്റിന്റെ പേര് | തുക നൽകിയ സ്ഥാപനം |
|---|---|---|---|---|
| 320700205 | 2019-20 | 3426473 | ലഭ്യമല്ല | ജില്ലാ പഞ്ചായത്ത് |

## 1-23 റെക്കോഡ് റൂം, ഫ്രണ്ട് ഓഫീസ് നവീകരണം- തനത് ഫണ്ടിൽ നിന്നുള്ള ചെലവ് സുലേഖ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയില്ല

പ്രൊജക്റ്റ് നം.41/20 (റെക്കോഡ് റൂം, ഫ്രണ്ട് ഓഫീസ് നവീകരണം)

അടങ്കൽ-(വികസനഫണ്ട്-100000, തനത് ഫണ്ട്-800000)

പ്രൊജക്റ്റ് നം.188/21

അടങ്കൽ-( തനത് ഫണ്ട്-800000)

2019-20 വർഷത്തിൽ ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതി പ്രകാരം റെക്കോഡ് റൂം, ഫ്രണ്ട് ഓഫീസിലേക്ക് ആവശ്യമായ ഫർണിച്ചറുകൾ എന്നിവ റബ്കോ മുഖേന സ്ഥാപിച്ചിട്ടുണ്ട്. വികസന ഫണ്ടിൽ നിന്നുള്ള തുക 2019-20 വർഷത്തിൽ അനുവദിച്ചു. തനത് ഫണ്ടിൽനിന്നും നൽകേണ്ട 732408/- രൂപ വൗച്ചർ നം.21900601/30.10.2019 പ്രകാരം ട്രഷറി ടി എസ് ബി അക്കൗണ്ടിൽ നിന്ന് ചെക്ക് നം.2260882/30.10.19 പ്രകാരം അനുവദിച്ചുവെങ്കിലും Stale Cheque ആയതിനാൽ തുക ചെലവ് വന്നില്ല. 2020-21 വർഷത്തിൽ ഈ തുക താഴെപ്പറയുന്ന വൗച്ചർ പ്രകാരം റബ്കോയ്ക്ക് നൽകിയിട്ടുണ്ട്.

| ചെലവിന്റെ വിശദാംശം | തുക |
|---|---|
| വൗച്ചർ നം. 22000361/25.8.20 | 732408/- |

ചെക്ക് നം.5103015/25.8.20

തനത് ഫണ്ടിൽ നിന്നുള്ള 732408/- രൂപയുടെ ചെലവ് പ്രൊജക്ടുകളുടെ ചെലവ് രേഖപ്പെടുത്തിയിട്ടുള്ള സുലേഖ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തിയിട്ടില്ല. സുലേഖയിൽ ചെലവ് ഉൾപ്പെടുത്താത്തതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (12/18.10.2021/2019-20) വിശദീകരണം ലഭ്യമാക്കുകയുണ്ടായില്ല.

തനത് ഫണ്ടിൽ നിന്നും പദ്ധതികൾക്കായി വിനിയോഗിക്കുന്ന തുകകൾ പദ്ധതി ചെലവിൽ ഉൾപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-24 ഡെപ്പോസിറ്റ് പ്രവൃത്തികളുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്

മറ്റ് ഏജൻസികൾ മുഖേന നടപ്പിലാക്കുന്ന പ്രവൃത്തിക്കായി താഴെപ്പറയുന്ന പദ്ധതി പ്രകാരം തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ടെങ്കിലും പ്രവൃത്തികളുടെ പൂർത്തീകരണം ഉറപ്പാക്കുകയോ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | പ്രൊജക്ട് നം. | പ്രൊജക്ട് | ബിൽ നം. | ആകെ ചെലവ് തുക | തുക നൽകിയ സ്ഥാപനം |
|---|---|---|---|---|---|
| 1 | 126/21 | വിവിധ വാർഡുകളിൽ വാട്ടർ അതോറിറ്റിയുടെ പൈപ്പ് ലൈൻ നീട്ടൽ (ധനകാര്യകമ്മീഷൻ ഗ്രാന്റ് ) | 45/4.3.21 -1990000/-<br>47/4.3.21-370000/-<br>46/4.3.21-3126458/- | 5486458 | അസി.എഞ്ചിനീയർ, പി എച്ച്.സെക്ഷൻ കൊഴിഞ്ഞാമ്പാറ |

ഡെപ്പോസിറ്റ് പ്രവൃത്തികൾ എഗ്രിമെന്റ് കാലാവധിക്കുള്ളിൽ പൂർത്തീകരിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതും പ്രവൃത്തി പൂർത്തീകരണ രേഖകളും വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കേണ്ടതുമാണ്.

## 1-24-1 പാലക്കുഴി ജലവൈദ്യുതി പദ്ധതിക്ക് വിഹിതം നൽകൽ

ജില്ലാപഞ്ചായത്ത് മുഖേന നടപ്പിലാക്കുന്ന പാലക്കുഴി ജലവൈദ്യുതി പദ്ധതിക്കായി താഴെപ്പറയുന്ന പ്രകാരം തുക നൽകിയിട്ടുണ്ടെങ്കിലും പ്രവൃത്തികളുടെ പൂർത്തീകരണം ഉറപ്പാക്കുകയോ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുകയോ ചെയ്തിട്ടില്ല.

| പ്രൊജക്ട് നം. | പ്രൊജക്ട് | ബിൽ നം. | ആകെ ചെലവ് തുക | തുക നൽകിയ സ്ഥാപനം |
|---|---|---|---|---|
| 126/21 | പാലക്കുഴി ജലവൈദ്യുത പ്രൊജക്ടിന് തുക നൽകൽ | 2/28.4.20 | 200000 | ജില്ലാ പഞ്ചായത്ത്, പാലക്കാട് |

നൽകിയ തുകയ്ക്കുള്ള ഷെയർ സർട്ടിഫിക്കറ്റ് ജില്ലാ പഞ്ചായത്തിൽ നിന്നും ലഭ്യമാക്കേണ്ടതാണ്.

## 1-25 തെരുവ് വിളക്കുകളുടെ സംയുക്തപരിശോധന നടത്തുന്നതിനുള്ള നടപടി സ്വീകരിക്കണം

ഗ്രാമപഞ്ചായത്തിലെ തെരുവു വിളക്കുകളുടെ പരിപാലനം കാര്യക്ഷമമാണോ എന്ന് വിലയിരുത്തുന്നതിനാണ് ഓഡിറ്റ് ലക്ഷ്യമിട്ടത്. 2019-20, 2020-21 വർഷങ്ങളിൽ സ്ട്രീറ്റ് ലൈറ്റ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ പ്രതിമാസ ബില്ലുകളാണ് പരിശോധനക്ക് വിധേയമാക്കിയത്.

**എ. മീറ്ററിനു കീഴിലുള്ള ലാമ്പുകളുടെ വിവരം**

ഗ്രാമപഞ്ചായത്തിൽ പ്രതിമാസ വൈദ്യുതി ചാർജ് അടവാക്കുന്നതിന്റെ ബില്ലുകൾ പരിശോധിച്ചതിൽ 93 കൺസ്യൂമർ പോയിന്റുകളിലായാണ് വൈദ്യുതി ചാർജ് ഒടുക്കുന്നത്. ഈ കൺസ്യൂമർ നമ്പറിനു കീഴിൽ എത്ര തെരുവ് വിളക്കുകൾ ഉണ്ടെന്നതിന് വ്യക്തതയില്ല.

പ്രതിമാസ വൈദ്യുതി ചാർജായി 60000 രൂപയ്ക്കടുത്താണ് പഞ്ചായത്ത് ഒടുക്കിവരുന്നത്. ഈ കൺസ്യൂമർ നമ്പറിൽ ഒന്നിനുമാത്രമാണ് മീറ്ററിംഗ് ഏർപ്പെടുത്തിയിട്ടില്ലാത്തത്.

**ബി. മീറ്ററിംഗ് സംവിധാനത്തിനു കീഴിലല്ലാത്ത ലാമ്പുകളുടെ വിവരം**

വേലന്താവളം- കൺസ്യൂമർ നം. 1165031000079 പ്രകാരം മീറ്ററിംഗ് സംവിധാനമില്ലാത്ത തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് താരിഫ് റേറ്റിന്റെ അടിസ്ഥാനത്തിൽ KSEB യിലേക്ക് അടവാക്കി വരുന്നുണ്ട്.

മീറ്ററിനു കീഴിലല്ലാത്ത തെരുവു വിളക്കുകൾക്ക് പ്രതിമാസം 6159 രൂപയാണ് ഒടുക്കുന്നത്. ഈ കൺസ്യൂമർ നമ്പറിനുകീഴിൽ എത്ര വിളക്കുകളുണ്ടെന്നുള്ള വിശദാംശം ഗ്രാമപഞ്ചായത്തിൽ ലഭ്യമല്ല. താരിഫ് റേറ്റ് നിശ്ചയിച്ചതിന്റെ രേഖകൾ കെ എസ് ഇ ബി യിൽ നിന്നും ലഭ്യമാക്കിയിട്ടില്ല.

**ഓഡിറ്റ് നിർദ്ദേശങ്ങൾ**

1. കെ.എസ്.ഇ.ബി ഉദ്യോഗസ്ഥരും, പഞ്ചായത്ത് അധികൃതരും ഒരു സംയുക്ത പരിശോധനയിലൂടെ പ്രവർത്തനക്ഷമവും അല്ലാത്തതുമായ തെരുവ് വിളക്കുകളുടെ വിശദാംശങ്ങൾ തിട്ടപ്പെടുത്തേണ്ടതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ തെരുവ് വിളക്കുകളുടെ രജിസ്റ്റർ കാലികമാക്കേണ്ടതാണ്.
2. എല്ലാ തെരുവു വിളക്കുകളും മീറ്ററിനു കീഴിൽ കൊണ്ടു വരുവാൻ നടപടികൾ സ്വീകരിക്കേണ്ടതും തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജ് കുറവു ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

**<u>1-25-1 തെരുവു വിളക്കുകളുടെ വാർഷിക അറ്റകുറ്റപ്പണികൾക്കുള്ള കരാർ നൽകിയതിലെ അപാകതകൾ</u>**

വേലന്താവളം സെക്ഷനുകീഴിലാണ് ഗ്രാമപഞ്ചായത്തിലെ തെരുവ് വിളക്കുകൾ സ്ഥിതിചെയ്യുന്നത്. ഗ്രാമപഞ്ചായത്തിലെ 2018-19 വർഷത്തിലുള്ള തെരുവ് വിളക്കുകളുടെ എണ്ണം ഓഡിറ്റ് വർഷങ്ങളിൽ കാലികമാക്കിയിട്ടില്ല. തെരുവ് വിളക്കുകൾക്ക് പോസ്റ്റ് നമ്പർ രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ ഏത് പോസ്റ്റിലാണ് റിപ്പയർ നടത്തിയതെന്ന് സംബന്ധിച്ച് വ്യക്തതയില്ലാത്ത അവസ്ഥയാണ് ഉള്ളത്. താഴെപ്പറയുന്ന രണ്ട് പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്.

**1) പ്രോ. നം. 134/21-തെരുവു വിളക്കുകളുടെ റിപ്പയർ (രണ്ടാംഘട്ടം)സ്പിൽ ഓവർ**

ധനകാര്യ കമ്മീഷൻ ഗ്രാന്റ് -886845/-

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

ചെലവ് - 886845/-

കരാറുകാരൻ - ശ്രീ.ജെയിംസ് ജേസുദാസ്

| ബിൽ നം. | തുക | റിമാർക്സ് |
|---|---|---|
| 8/15.5.20 | 85952 | ലേബർ ചാർജ് |
| 11/15.5.20 | 125522 | ലേബർ ചാർജ് |
| 9/26.5.20 | 403819 | എൽ ഇ ഡി ഡ്രൈവ് 25W -51 എണ്ണം<br>എൽ ഇഡി പാനൽ-344 എണ്ണം<br>12W LED -37എണ്ണം<br>ഇവയൊന്നും സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല |
| 28/23.12.20 | 271552 | എൽ ഇ ഡി ഡ്രൈവ് 25W- 24 എണ്ണം<br>എൽ ഇഡി പാനൽ-248 എണ്ണം<br>12W LED- 16 എണ്ണം<br>ഇവയൊന്നും സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല |

തെരുവു വിളക്കുകളുടെ പരിപാലനത്തിനായി ടെണ്ടർ ക്ഷണിച്ചതിൽ വൈദ്യുതി ബോർഡ് നിശ്ചയിച്ച തുക ക്വോട്ട് ചെയ്ത കരാറുകാരന് ടെണ്ടർ ഉറപ്പിച്ചു നൽകിയിട്ടുണ്ട്. പഞ്ചായത്ത് തീരുമാനം 2.3.20ലെ 5(1) തീരുമാനപ്രകാരമാണ് ടെണ്ടർ അംഗീകരിച്ചിരിക്കുന്നത്. കരാറുകാരൻ തന്നെ ആവശ്യമായ സാധനങ്ങൾ വാങ്ങി ഉപയോഗിക്കുന്ന രീതിയിലാണ് പ്രവർത്തി നിർവ്വഹിച്ചിട്ടുള്ളത്.

**2)പ്രോജക്ട് നം. 21/21-തെരുവു വിളക്കുകളുടെ പരിപാലനം**

ധനകാര്യ കമ്മീഷൻ ഗ്രാന്റ് -1450000/-

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

ചെലവ് - 1449484/-

കരാറുകാരൻ - വിജയകുമാർ.പി

ഈ പ്രവൃത്തിക്കായി 20.8.20 ൽ ഇ-ടെണ്ടർ നടന്നിട്ടുണ്ട്. കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത എയർമെക്ക് എന്ന സ്ഥാപനം സമർപ്പിച്ച ടെണ്ടർ ഇലക്ട്രിക്കൽ ലൈസൻസ് ഇല്ലാത്തതിനാൽ നിരസിച്ച് രണ്ടാമത്തെ കുറവ് നിരക്ക് രേഖപ്പെടുത്തിയ ടെണ്ടർ അംഗീകരിച്ചിട്ടുണ്ട്. താഴെപ്പറയും വിധമാണ് ഈ പദ്ധതിക്കായി ചെലവുകൾ നടന്നിട്ടുള്ളത്.

| ബിൽ നം. | തുക | റിമാർക്സ് |
|---|---|---|
| 29/23.12.20 | 685518 | റിപ്പയർ ചെയ്ത കാലയളവ് വ്യക്തമല്ല. ഉപയോഗിച്ച സാധനങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. |
| 44/26.2.21 | 763966 | റിപ്പയർ ചെയ്ത കാലയളവ് വ്യക്തമല്ല. ഉപയോഗിച്ച സാധനങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. |

റിപ്പയർ പ്രവർത്തി നടന്നതായി വാർഡ് മെമ്പർമാർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെങ്കിലും റിപ്പയർ നടന്ന കാലയളവ് രേഖപ്പെടുത്തിക്കാണുന്നില്ല. വേലന്താവളം സെക്ഷനുകീഴിലാണ് ഭൂരിഭാഗം തെരുവ് വിളക്കുകളും നിലകൊള്ളുന്നത്. ഈ സെക്ഷനു കീഴിലെ തെരുവ് വിളക്കുകൾക്ക് പോസ്റ്റ് നമ്പർ രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ ഏത് പോസ്റ്റിലാണ് റിപ്പയർ നടത്തിയതെന്ന് സംബന്ധിച്ച് വ്യക്തതയില്ലാത്ത അവസ്ഥയാണ് ഉള്ളത്.

**പദ്ധതി നടത്തിപ്പിലെ അപാകതകൾ**

- തെരുവു വിളക്കുകളുടെ പരിപാലനത്തിനായി ചെലവഴിച്ച തുകയുടെ രേഖകൾ പരിശോധിച്ചതിൽ തെരുവു വിളക്കുകളുടെ കൃത്യമായ എണ്ണം കാണിക്കുന്ന വാർഡ് തിരിച്ചുള്ള കണക്കുകൾ ഇല്ലാതെയാണ് തെരുവു വിളക്കുകളുടെ പരിപാലനത്തിനായി തുക ചെലവഴിക്കുന്നത്.
- ഉപയോഗിക്കുന്ന സാധനങ്ങളുടെ വാറണ്ടി ഉറപ്പുവരുത്തുന്നതിന് യാതൊരു മാർഗ്ഗവും നിലവിലില്ല.
- നിലവിൽ വാറണ്ടി ഉള്ള വിളക്കുകൾ റിപ്പയർ ചെയ്തവയിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്ന് ഉറപ്പാക്കുന്നതിന് നിർവ്വാഹമില്ല.
- വാർഡ് മെമ്പർമാർ ലഭ്യമാക്കുന്ന സാക്ഷ്യപത്രത്തിൽ റിപ്പയർ നടന്ന തീയതി രേഖപ്പെടുത്തുന്നില്ല. റിപ്പയർ തീയതി കൃത്യമായി രേഖപ്പെടുത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

**<u>ഓഡിറ്റ് നിർദ്ദേശങ്ങൾ</u>**

1. വൈദ്യുതി ബോർഡുമായി ചേർന്ന് തെരുവുവിളക്കുകളുടെ വാർഡ് തിരിച്ചുള്ള കൃത്യമായ കണക്കുകൾ തയ്യാറാക്കി വാർഡ് അടിസ്ഥാനത്തിലുള്ള തെരുവ് വിളക്ക് രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതാണ്. കൃത്യമായ കണക്കിന്റെ അടിസ്ഥാനത്തിൽ വാങ്ങലുകളും പരിപാലനവും ക്രമീകരിക്കേണ്ടതാണ്.

2. കെ.എസ്.ഇ.ബി വേലന്താവളം സെക്ഷനു കീഴിലെ എല്ലാ ഇലക്ട്രിക് പോസ്റ്റുകൾക്കും നമ്പറിംഗ് ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ച് അപാകത എത്രയും വേഗം പരിഹരിക്കേണ്ടതാണ്

3. തെരുവു വിളക്കുകളുടെ പരിപാലനം ടെണ്ടറിംഗിലൂടെ നടപ്പാക്കുന്നതിനായി പുറപ്പെടുവിച്ച സർക്കുലർ നം. 3055/ഡി.എ.3/2011/തസ്വഭവ തിയതി 15-9-2011 ലെ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

4. പഞ്ചായത്തിലും കരാറുകാരന്റെ കൈവശവും പരാതി രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

5. അറ്റകുറ്റപ്പണികളുടെ കൃത്യത ഗ്രാമപഞ്ചായത്ത് ഉറപ്പാക്കേണ്ടതും റിപ്പയറിന് ഉപയോഗിക്കുന്ന സാധനസാമഗ്രികൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുമാണ്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**<u>1-26 കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ്-ഗ്രാമപഞ്ചായത്തിന് അധിക ബാധ്യത</u>**

സ.ഉ(സാധാ)നം.1275/2009/ത.സ്വ.ഭ.വ തീയ്യതി 30.05.2009 പ്രകാരം കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ്, സംരക്ഷണം എന്നിവ ഗുണഭോക്തൃ സമിതികളെ ഏൽപ്പിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. വടകരപ്പതി

ഗ്രാമപഞ്ചായത്തിൽ 8 കുടിവെള്ള പദ്ധതികൾ നേരിട്ട് നടത്തുന്നുണ്ട്. കുടിവെള്ള പദ്ധതികളുടെ കറണ്ട് ചാർജ്, പമ്പ് ഓപ്പറേറ്റർ വേതനം, മെയിന്റനൻസ് ചെലവ് എന്നീയിനങ്ങൾക്കായി ഭീമമായ തുകയാണ് ഓരോവർഷവും ചെലവഴിക്കുന്നത്.

ഓഡിറ്റ് വർഷങ്ങളിൽ പദ്ധതിയുടെ നടത്തിപ്പിനായി തനത് ഫണ്ടിൽനിന്നും ചെലവ് ചെയ്ത തുകയുടെ വിവരം താഴെ ചേർക്കുന്നു.

| | 2019-20 | 2020-21 |
|---|---|---|
| വൈദ്യുതി ചാർജ് | 600269 | 809146 |
| ആസ്തി പരിപാലന ചെലവ് | 592825 | 1048478 |
| പമ്പ് ഓപ്പറേറ്റർമാരുടേയും, പ്ലംബറുടേയും വേതനം | 595200 | 614400 |
| ആകെ | 1788294 | 2472024 |

ഓരോ കുടിവെള്ള പദ്ധതിയിൻ കീഴിലും എത്ര ഗുണഭോക്താക്കൾ ഉണ്ടെന്നുള്ള വിവരം രജിസ്റ്ററിൽ നിന്ന് വ്യക്തമാകുന്നില്ല. ഈ പദ്ധതികളിൽ നിന്നും ഓഡിറ്റ് വർഷങ്ങളിൽ പിരിച്ചെടുത്ത കുടിവെള്ള ചാർജിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | തുക |
|---|---|
| 2019-20 | 151628 |
| 2020-21 | 225574 |

ഓരോ വർഷത്തെ വരവും ചെലവും തമ്മിൽ ഭീമമായ അന്തരമാണ് നിലവിലുള്ളത്. വാർഷിക കണക്കിലെ ബാലൻസ് ഷീറ്റ് പ്രകാരം 31.03.2021 വരെ 3003482 രൂപ ഗുണഭോക്താക്കളിൽ നിന്നും കുടിശ്ശികയായി പിരിച്ചെടുക്കാൻ അവശേഷിക്കുന്നുണ്ട്. തനത് വരുമാനം വളരെ കുറഞ്ഞ ഗ്രാമപഞ്ചായത്തിന് കുടിവെള്ള പദ്ധതിയുടെ നടത്തിപ്പ് ചുമതല ബാധ്യതയായി മാറുന്നതാണ്.

കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃസമിതിക്ക് കൈമാറുന്നതിന് ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തുനിന്ന് സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (17/12.10.2021) മറുപടി ലഭ്യമാക്കുകയുണ്ടായില്ല.

**<u>ഓഡിറ്റ് നിർദ്ദേശങ്ങൾ</u>**

1)കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃസമിതികൾക്ക് കൈമാറുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്.

2) വെള്ളക്കരത്തിലുള്ള കുടിശ്ശിക പിരിച്ചെടുക്കുവാനുള്ള നിർദ്ദേശങ്ങൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകേണ്ടതാണ്.

2) വെള്ളക്കരത്തിലൂടെ ഈടാക്കുന്ന തുകകളേക്കാൾ ചെലവ് വളരെ ഉയർന്ന് നിൽക്കുന്ന സാഹചര്യമാണ് നിലവിലുള്ളത്. ചെലവ് കുറയ്ക്കുന്നതിനുള്ള ശ്രമം ഉണ്ടാവകേണ്ടതാണ്. വരവും ചെലവും തമ്മിലുള്ള അന്തരം കുറയ്ക്കുന്നതിന്റെ ഭാഗമായി നിലവിലുള്ള ചട്ടങ്ങൾ പ്രകാരം വെള്ളക്കരത്തിന്റെ നിരക്കുകൾ പരിഷ്കരിക്കാവുന്നതാണ്.

മേൽ നിർദ്ദേശങ്ങൾ സമയബന്ധിതമായി നടപ്പാക്കി കുടിവെള്ള പദ്ധതിയുടെ നടത്തിപ്പിന്റെ സാമ്പത്തിക ബാദ്ധ്യത ഒഴിവാക്കേണ്ടതാണ്. തുടർ നടപടികൾ സ്വീകരിച്ച് വിശദ വിവരം ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്.

## <u>1-26-1 കുടിവെള്ള പദ്ധതികളുടെ മെയിന്റനൻസ്- പ്രൊജക്ട് രൂപീകരിക്കാതെ ചെലവുകൾ നടത്തി</u>

ഗ്രാമപഞ്ചായത്ത് 8 കുടിവെള്ള പദ്ധതികൾ നേരിട്ട് നടത്തുന്നുണ്ട്. ഇവയുടെ റിപ്പയറിനായി പ്രൊജക്ട് രൂപീകരിക്കാതെ നേരിട്ട് തുക ചെലവഴിക്കുന്ന രീതിയാണ് സ്വീകരിച്ചിട്ടുള്ളത്. മോട്ടോർ റിപ്പയർ, പൈപ്പ്ലൈൻ റിപ്പയർ എന്നിവക്ക് പ്രത്യേകം എ.എം.സി നൽകിയാണ് ചെലവുകൾ നടത്തിയിട്ടുള്ളത്.

2020-21 സാമ്പത്തിക വർഷത്തിൽ ഇത്തരത്തിൽ തനത് ഫണ്ടിൽ നിന്നും ചെലവ് ചെയ്തതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| വൗച്ചർ നം./ തിയതി | തുക | കരാറുകാരൻ | |
|---|---|---|---|
| 2200084/11.5.20 | 97984 | വിനോദ്.എസ് | പൈപ്പ് ലൈൻ റിപ്പയർ |
| 22000116/22.5.20 | 205204 | വിനോദ്.എസ് | പൈപ്പ് ലൈൻ റിപ്പയർ |

| | | | |
|---|---|---|---|
| 22000174/8.6.20 | 158828 | വിജയകുമാർ | ബോർവെൽ മോട്ടോർ റിപ്പയർ |
| 22000249/10.7.20 | 109947 | വിനോദ്.എസ് | പൈപ്പ് ലൈൻ റിപ്പയർ |
| 22000336/21.8.20 | 16170 | വിജയകുമാർ | ബോർവെൽ മോട്ടോർ റിപ്പയർ |
| 22000337/21.8.20 | 32444 | വിജയകുമാർ | ബോർവെൽ മോട്ടോർ റിപ്പയർ |
| 22000445/6.10.20 | 79478 | വിജയകുമാർ | ബോർവെൽ മോട്ടോർ റിപ്പയർ |
| 22000446/6.10.20 | 68878 | വിജയകുമാർ | ബോർവെൽ മോട്ടോർ റിപ്പയർ |
| 22000657/37.11.20 | 47166 | വിജയകുമാർ | ബോർവെൽ മോട്ടോർ റിപ്പയർ |
| 22000658/27.11.20 | 28076 | വിജയകുമാർ | ബോർവെൽ മോട്ടോർ റിപ്പയർ |
| 22000659/27.11.20 | 63731 | വിനോദ്.എസ് | പൈപ്പ് ലൈൻ റിപ്പയർ |
| 22000874/4.2.21 | 140572 | കുളന്തരാജ് | ബോർവെൽ ഹാൻഡ് പമ്പ് മോട്ടോർ റിപ്പയർ |
| ആകെ | 1048478 | | |

മേൽപ്പറഞ്ഞ ചെലവുകൾ കുടിവെള്ള പദ്ധതികളുടെ മെയിന്റനൻസ്/പൈപ്പ്ലൈൻ റിപ്പയർ എന്നിവയ്ക്കായുള്ള ചെലവ് ഹെഡിൽ രേഖപ്പെടുത്തുന്നതിനു പകരം 350100201-Contractors Control Account എന്ന ഹെഡിലാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

സ.ഉ(സാധാ)നം.1275/2009/ത.സ്വ.ഭ.വ തീയ്യതി 30.05.2009 പ്രകാരം കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ്, സംരക്ഷണം എന്നിവ ഗുണഭോക്തൃ സമിതികളെ ഏൽപിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെയായും കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃ സമിതികൾക്ക് കൈമാറിയിട്ടില്ല.

പ്രൊജക്ട് രൂപീകരിക്കാതെ റിപ്പയർ പ്രവൃത്തികൾ നടപ്പിലാക്കിയതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് 39/23.10.2021 മറുപടി ലഭ്യമാക്കുകയുണ്ടായില്ല.

**<u>ഓഡിറ്റ് നിർദ്ദേശങ്ങൾ</u>**

- കുടിവെള്ള വിതരണം ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലയിൽ ഉൾപ്പെടാത്തതിനാൽ പദ്ധതി അംഗീകാരം ലഭ്യമാക്കി മാത്രം മെയിന്റനൻസ് പ്രവൃത്തികൾ നിർവ്വഹിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.
- ചെലവ് കൃത്യമായ ഹെഡിൽ രേഖപ്പെടുത്തേണ്ടതാണ്.
- കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃ സമിതികൾക്ക് കൈമാറുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്

## <u>1-27 വാട്ടർ അതോറിറ്റി മുഖേനയുള്ള കുടിവെള്ള വിതരണം-കൃത്യമായ കണക്കുകളില്ലാതെ കുടിവെള്ള ചാർജ്ജ് ഒടുക്കുന്നു</u>

കുടിവെള്ളക്ഷാമം രൂക്ഷമായി നിലനിന്നിരുന്ന ഒരു ഗ്രാമപഞ്ചായത്താണ് വടകരപ്പതി. ജല അതോറിറ്റിയുടെ കണക്കുകൾ പ്രകാരം 427 പൊതു ടാപ്പുകൾക്കുള്ള തുക വാട്ടർ അതോറിറ്റി ഡിമാന്റ് ചെയ്യുന്നു. ടാപ്പൊന്നിന് 5250 രൂപ നിരക്കിൽ പ്രകാരം ഈയിനത്തിൽ ഒരു വർഷത്തിൽ 2241750/- രൂപ വെള്ളക്കരം അടവാക്കേണ്ടതുണ്ട്. ആയത് 12 ഗഡുക്കളായി നിശ്ചയിച്ച് പ്രതിമാസം 1868125 രൂപ പ്രകാരമാണ് അടവാക്കുന്നത്. പൊതു ടാപ്പുകളുടെ വാർഡ് അടിസ്ഥാനത്തിലുള്ള കൃത്യമായ കണക്കിന്റെ അടിസ്ഥാനത്തിലല്ല വെള്ളക്കരം ഒടുക്കി വരുന്നത്. വാർഷികകണക്ക് പ്രകാരം ഈയിനത്തിലുള്ള ചെലവിന്റെ വിവരം താഴെകൊടുക്കുന്നു

| വർഷം | ചെലവ് |
|---|---|
| 2019-20 | 2241756 |
| 2020-21 | 2241756 |

പ്രവർത്തിക്കാത്ത ടാപ്പുകൾക്ക് വെള്ളക്കരം ഒടുക്കുന്നില്ല എന്ന് ഉറപ്പാക്കുന്നതിനായി ജല അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടില്ല. സംയുക്ത പരിശോധന നടത്തുന്നതിനായി ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (17/12.10.21) മുൻകാലങ്ങളിൽ സ്ഥാപിച്ചിട്ടുള്ള പൊതുടാപ്പുകളിൽ ചിലയിടങ്ങളിലുള്ളവ പ്രവർത്തനരഹിതമായി ഉപയോഗ യോഗ്യമല്ലാതായിട്ടുണ്ടെന്ന് ഗ്രാമപഞ്ചായത്ത് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തും വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്തപരിശോധന നടത്തുന്നതിന് വാട്ടർ അതോറിറ്റിക്ക് കത്ത് നൽകിയിട്ടുള്ളതും വാട്ടർ അതോറിറ്റിയുടെ ഭാഗത്തുനിന്നും യാതൊരു സഹകരണവും

ഉണ്ടായിട്ടില്ലാത്തതുമാണെന്ന് മറുപടി ലഭ്യമാക്കി. പൊതു ടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തുന്നതിന് ഗ്രാമപഞ്ചായത്ത് അടിയന്തിര പ്രാധാന്യത്തോടു കൂടി നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

പൊതുടാപ്പുകൾ ഒഴിവാക്കുന്നതിനായി ഗാർഹിക കുടിവെള്ള കണക്ഷനുകൾക്ക് സബ്സിഡി നൽകുന്നതിനുള്ള പദ്ധതികൾ ഓഡിറ്റ് വർഷങ്ങളിൽ നടപ്പിലാക്കിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പൊതുടാപ്പുകൾ ഒഴിവാക്കുന്നതിന് ജല അതോറിറ്റിയോട് ആവശ്യപ്പെട്ട് പൊതുടാപ്പുകൾ ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടില്ല.

**എ) ബൾക്ക് മീറ്റർ മുഖേനയുള്ള കുടിവെള്ള വിതരണം**

കേരള വാട്ടർ അതോറിറ്റിയുടെ പൊതുടാപ്പുകൾ കൂടാതെ വാട്ടർ അതോറിറ്റി മുഖേന ബൾക്ക് മീറ്റർ സ്ഥാപിച്ച് കുടിവെള്ളം വിതരണം ചെയ്യുന്നതിന് പ്രതിമാസം 16802/- രൂപ ചെലവഴിക്കുന്നു. മീറ്റർ പ്രവർത്തിക്കാത്തതിനാൽ ആവറേജ് തുക കണക്കാക്കിയാണ് തുക ഒടുക്കുന്നത്. ബൾക്ക് മീറ്റർ പ്രകാരം വിതരണം ചെയ്യുന്ന പദ്ധതിയിലെ ഗുണഭോക്താക്കളുടെ വിവരം ലഭ്യമല്ല. ഏത് നിരക്കിലാണ് ബൾക്ക് മീറ്റർ ചാർജ് ഈടാക്കുന്നതെന്ന് വ്യക്തതയില്ല.

**ഓഡിറ്റ് നിർദ്ദേശം**

- വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള പൊതുടാപ്പുകളുടെ കൃത്യത ഉറപ്പാക്കുന്നതിനായി സംയുക്ത പരിശോധന നടത്തേണ്ടതും ഉപയോഗശൂന്യമായ പൊതുടാപ്പുകളുടെ വെള്ളക്കരം ഒഴിവാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.
- സംയുക്തപരിശോധന നടത്തിയതിനുശേഷം വാർഡ് അടിസ്ഥാനത്തിലുള്ള പൊതുടാപ്പുകളുടെ രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതാണ്.
- ഗാർഹിക കണക്ഷൻ നൽകിയിട്ടുള്ള മേഖലയിലെ പൊതുടാപ്പുകൾ ഒഴിവാക്കുന്നതിനും പ്രസ്തുത ടാപ്പുകളുടെ കുടിവെള്ള ചാർജ് ഒടുക്കുന്നത് സമയാസമയം ഒഴിവാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

മേൽ നിർദ്ദേശങ്ങൾ പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-28 ഗാർഹിക കുടിവെള്ള കണക്ഷൻ നൽകൽ പദ്ധതി-കുടിവെള്ള കണക്ഷൻ എടുത്തതിന്റെ രേഖകൾ സൂക്ഷിക്കേണ്ടതാണ്

പ്രൊജക്റ്റ്- 99/21-എസ്.സി വിഭാഗക്കാർക്ക് കുടിവെള്ള കണക്ഷൻ
നിർവ്വഹണോദ്യോഗസ്ഥൻ- സെക്രട്ടറി

അടങ്കൽ- 212700/ വികസനഫണ്ട് ( എസ് സി പി)

ചെലവ് -119700

സബ്സിഡി തുക-6300

ഗുണഭോക്താക്കളുടെ എണ്ണം-16

ബിൽ നം.- 1/20.4.20-63000, 43/25.2.21-44100

**അപാകതകൾ**

സ.ഉ(കൈ)നം.22/2018/തസ്വഭവ തീയതി 14.2.2018 പ്രകാരം വാട്ടർ അതോറിറ്റിയിൽനിന്നുള്ള കുടിവെള്ള കണക്ഷൻ എടുത്തതിന്റെ സർട്ടിഫിക്കറ്റ് ഹാജരാക്കിയതിനുശേഷമാണ് സബ്സിഡി തുക നൽകാവുന്നത്.

മേൽപ്പറഞ്ഞ ബില്ലുകൾ പ്രകാരം ആനുകൂല്യം നൽകിയ ഗുണഭോക്താക്കൾ വാട്ടർ അതോറിറ്റിയിൽ നിന്ന് കുടിവെള്ള കണക്ഷൻ എടുത്തതിന്റെ രേഖകൾ വാങ്ങി സൂക്ഷിച്ചിട്ടില്ല. വാട്ടർ അതോറിറ്റിയിൽ നിന്നുള്ള എസ്റ്റിമേറ്റ് മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്. കുടിവെള്ള കണക്ഷന് ആനുകൂല്യം നൽകിയ എല്ലാ ഗുണഭോക്താക്കളും വാട്ടർ അതോറിറ്റിയിൽനിന്നും കുടിവെള്ള കണക്ഷൻ എടുത്തതിന്റെ രേഖകൾ ലഭ്യമാക്കി സൂക്ഷിക്കേണ്ടതാണ്.

## 1-29 വാഹനത്തിന്റെ ഉപയോഗം-മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്

പഞ്ചായത്തിന്റെ ആവശ്യങ്ങൾക്കായി ബോലേറോ ജീപ്പ് നം. KL-70AE-0869 എന്ന വാഹനമാണ് ഉപയോഗിച്ചു വരുന്നത്. വാഹനത്തിന്റെ കസ്റ്റോഡിയൻ ഓഫീസറായ സെക്രട്ടറി വാഹനങ്ങളുടെ പരിപാലനം സംബന്ധിച്ച് 30/06/2007-ലെ ജി.ഒ(എം.എസ്)170/07/ത.സ്വ.ഭ.വ, സർക്കുലർ നം 41/2008/ധനം തിയതി 02.08.2008 എന്നീ സർക്കാർ ഉത്തരവിൽ പറയും പ്രകാരമുള്ള റിപ്പയർ രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ, ഇന്ധനത്തിന്റെ

ഉപയോഗം കാണിക്കുന്ന ഫ്യൂവൽ രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിക്കുന്നില്ല. ആറു മാസത്തിലൊരിക്കൽ ക്ഷമതയുള്ള ഉദ്യോഗസ്ഥനെക്കൊണ്ട് ഫ്യൂവൽ കൺസംപ്ഷൻ ടെസ്റ്റ് നടത്തേണ്ടതാണ്. 2019-20, 2020-21 കാലയളവിൽ ഫ്യൂവൽ ടെസ്റ്റ് നടത്തിയതിന്റെ രേഖകൾ ഇല്ല. ലോഗ് ബുക്കിൽ 5/2020 വരെ മാസാന്ത്യ സംക്ഷിപ്തം രേഖപ്പെടുത്തിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.43/23.10.21) വിശദീകരണം ലഭ്യമാക്കുകയുണ്ടായില്ല.

വാഹനങ്ങളുടെ ഉപയോഗത്തിൽ സർക്കാർ മാർഗനിർദ്ദേശങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

**1-30 കോവിഡ് പ്രതിരോധ പ്രവർത്തനം- അവലോകനം**

2020-21 വർഷാരംഭം മുതൽ ഉണ്ടായിട്ടുള്ള കോവിഡ് മാഹാമാരി നേരിടുന്നതിൽ ഗ്രാമപഞ്ചായത്ത് നിർവ്വഹിച്ചിട്ടുള്ള കോവിഡ് പ്രതിരോധ പ്രവർത്തനം വിലയിരുത്തുന്നതിനാണ് ഓഡിറ്റ് ലക്ഷ്യമിട്ടത്.

**പ്രതിരോധ പ്രവർത്തനത്തിനായുള്ള പദ്ധതികൾ**

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കു വേണ്ടി 2020-21 വർഷം താഴെ പറയുന്ന പ്രോജക്ടുകൾ ആവിഷ്കരിച്ചിട്ടുണ്ടെങ്കിലും തുകയൊന്നും ചെലവഴിച്ചിട്ടില്ല.

| പ്രൊജക്റ്റ് | വകയിരുത്തിയ തുക |
|---|---|
| 137/21-കോവിഡ് രോഗബാധയുടെ പ്രതിരോധ പ്രവർത്തനങ്ങൾ | 200000 (വികസന ഫണ്ട്) |
| 198/21-കോവിഡ് ഫസ്റ്റ്ലൈൻ ട്രീറ്റ്മെന്റ് സെന്റർ രൂപീകരണം | 1000000 (വികസന ഫണ്ട്) |

പദ്ധതി നടപ്പിലാക്കാത്തതിന് വിശദീകരണം ആരാഞ്ഞെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

**തനത് ഫണ്ടിൽ നിന്നുള്ള ചെലവുകൾ**

ഓഡിറ്റ് വർഷത്തിൽ പ്രതിരോധ സാമഗ്രികൾ വാങ്ങൽ, വാഹന വാടക, ശുചീകരണ പ്രവൃത്തികൾ, പ്രചാരണം (നോട്ടീസ്, ബാനർ, അനൗൺസ്മെന്റ്), സി.എഫ്.എൽ.ടി.സി സെന്റർ വർക്ക്, ക്വാറന്റൈൻ, ഭക്ഷണം, പ്രതിരോധ കുത്തിവെപ്പ് തുടങ്ങിയ പ്രവർത്തനങ്ങൾക്കായി തനത് ഫണ്ടിൽ നിന്നും ആകെ 985552 രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഈ ചെലവുകൾ Extra Ordinary Expences എന്ന ഹെഡിലാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി FLTC യുടെ പ്രവർത്തനങ്ങൾക്കായി ലഭ്യമായ DDMA ഫണ്ട് 50000 രൂപ ട്രഷറി ബിൽ നം.23/26.8.20 പ്രകാരം പിൻവലിച്ച് കോവിഡ് പ്രവർത്തനങ്ങൾക്കുള്ള അക്കൗണ്ടിൽ STSB അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. ആയതിൽ നിന്നും തുകയൊന്നും ചെലവഴിച്ചിട്ടില്ല. ബാലൻസ് ഷീറ്റിൽ 50000 രൂപ നീക്കിയിരിപ്പായി രേഖപ്പെടുത്തിയിട്ടുണ്ട്.

**സി എഫ് എൽ ടി സി**

2020-21 വർഷത്തിൽ ക്വാറന്റൈൻ ആവശ്യമുള്ള രോഗികളെ താമസിപ്പിക്കുന്നതിന് ക്വറന്റൈൻ സെന്റർ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. നിലവിൽ ഹോം ക്വാറന്റൈൻ രീതിയാണ് തുടർന്നുവരുന്നത്. ക്വാറന്റൈനിലുള്ള രോഗികൾക്ക് സൗകര്യം ഒരുക്കുന്നതിനായി താഴെപ്പറയുന്ന സാധനങ്ങൾ വാങ്ങിയിട്ടുണ്ട്.

| വൗച്ചർ നം. | തുക | വാങ്ങിയ സാധനങ്ങൾ |
|---|---|---|
| 22000263/22.7.20 | 35700 | 75 Mattress |
| 22000265/24.7.20 | 12500 | 50 Bedsheets |
| 22000266/24.7.20 | 26085 | 25 Mattress<br>100 Pillows |

കോഴിപ്പാറ ഹയർ സെക്കണ്ടറി സ്കൂളിലാണ് മേൽപ്പറഞ്ഞ സാധനങ്ങൾ സൂക്ഷിച്ചിട്ടുള്ളത്. നിലവിൽ ഹോം ക്വാറന്റൈൻ രീതി അനുവർത്തിച്ചുവരുന്നതിനാൽ ഈ സാധനങ്ങൾ ഉപയോഗിക്കുന്നില്ല.

**കമ്മ്യൂണിറ്റി കിച്ചൻ**

കോവിഡിന്റെ പശ്ചാത്തലത്തിൽ ഗ്രാമപഞ്ചായത്തിൽ കമ്മ്യൂണിറ്റി കിച്ചൻ പ്രവർത്തന സജ്ജമാക്കുന്നതിനായി 2020-21 വർഷത്തിൽ പാചക തൊഴിലാളികളുടെ വേതനം നൽകുന്നതിനും ഭക്ഷ്യവസ്തുക്കൾ വാങ്ങുന്നതിനായും തനത് ഫണ്ടിൽ നിന്നും തുക ചെലവഴിച്ചിട്ടുണ്ട്. കമ്മ്യൂണിറ്റി കിച്ചന്റെ പ്രവർത്തനത്തിലും മറ്റ് പ്രവർത്തനങ്ങളിലും ജനകീയ പങ്കാളിത്തവും സംഭാവനയും ഉണ്ടായിരുന്നു. നിലവിൽ കമ്മ്യൂണിറ്റി കിച്ചൺ പ്രവർത്തിക്കുന്നില്ല.

**ജനകീയ ഹോട്ടൽ**

വിശപ്പുരഹിത കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി ഗ്രാമപഞ്ചായത്തിൽ കുടുംബശ്രീ ഗ്രൂപ്പ് നടത്തുന്ന ജനകീയ ഹോട്ടൽ ആരംഭിച്ച് പ്രവർത്തനം തുടർന്നു വരുന്നുണ്ട്. ജനകീയ ഹോട്ടലിന്റെ വാടക വാടകക്കരാറിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിൽ നിന്ന് നൽകി വരുന്നുണ്ട്.

**മറ്റു പ്രവർത്തനങ്ങൾ**

പ്രത്യേക പരിഗണന നൽകേണ്ടവരുടെ സുരക്ഷയ്ക്ക് ന്യൂനപക്ഷ ഹെൽപ് ഡെസ്ക് രൂപീകരിച്ചിട്ടുണ്ടെങ്കിലും ചെലവുകളൊന്നും ഉണ്ടായിട്ടില്ല. പ്രതിരോധ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി പ്രസിഡന്റ് ചെയർമാനായും മെഡിക്കൽ ഓഫീസർ കൺവീനറായും പഞ്ചായത്ത് തല മോണിട്ടറിംഗ് സമിതി രൂപീകരിച്ചിട്ടുണ്ട്. കോവിഡ് പ്രവർത്തനങ്ങൾ ആരോഗ്യവകുപ്പ് പോലീസ് എന്നിവരുമായി ഏകോപ്പിച്ച് നടത്തിവരുന്നുണ്ട്. വാർഡ് തല മോണിട്ടറിംഗ് സമിതികൾ സേവനരംഗത്തുണ്ട്.

**ഓഡിറ്റ് നിർദ്ദേശം**

- കോവിഡ് പ്രവർത്തനങ്ങൾക്കായി വാങ്ങിയ സാധനസാമഗ്രികൾ ഉപയോഗപ്പെടുത്തുന്നതിനുള്ള നടപടികൾ ഉണ്ടാവേണ്ടതാണ്
- കോവിഡ് പ്രതിരോധപ്രവർത്തനങ്ങൾ ആരോഗ്യവകുപ്പിന്റെ സമയാസമയത്തുള്ള നിർദ്ദേശങ്ങൾക്കനുസരിച്ച് ആരോഗ്യവകുപ്പുമായി ഏകോപിപ്പിച്ച് നടത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

**1-31 ക്യാഷ് ബുക്ക് സൂക്ഷിച്ചിട്ടില്ല**

2011-ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങളിലെ ചട്ടം 16(1) പ്രകാരം എല്ലാ നിർവഹണ ഉദ്യോഗസ്ഥരും TR-7A ഫോറത്തിൽ ഒരു ക്യാഷ് ബുക്ക് സൂക്ഷിക്കേണ്ടതും എല്ലാ സ്രോതസ്സിൽ നിന്നുമുള്ള പണം വരവും പണം നൽകലും രേഖപ്പെടുത്തേണ്ടതുമാണ്. കൂടാതെ ഓരോ പഞ്ചായത്തിനേയും സംബന്ധിച്ച ഇടപാടുകൾ രേഖപ്പെടുത്തുവാൻ പ്രത്യേകം സബ്സിഡിയറി രജിസ്റ്ററും സൂക്ഷിക്കേണ്ടതുമാണ്. എന്നാൽ താഴെപ്പറയുന്ന നിർവഹണ ഉദ്യോഗസ്ഥർ ചട്ടം പാലിച്ചിട്ടില്ല.

1. കൃഷിഓഫീസർ നിർദ്ദിഷ്ട മാതൃകയിലുള്ള TR 7A രജിസ്റ്ററിൽ വരവ് ചെലവ് വിവരങ്ങൾ എഴുതി സൂക്ഷിക്കുന്നതിനു പകരം ഒരു രജിസ്റ്ററിലാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

2. വെറ്ററിനറി സർജൻ 2018-19 വരെയുള്ള കാലയളവിൽ സബ്സിഡിയറി ക്യാഷ്ബുക്ക് എന്ന് രേഖപ്പെടുത്തിയ രജിസ്റ്ററിൽ വരവ് ചെലവ് വിവരങ്ങൾ എഴുതിയിട്ടുണ്ടെങ്കിലും 2019-20 മുതൽ നാളിതുവരെയുള്ള വിശദാംശങ്ങൾ ടി രജിസ്റ്ററിലും എഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

3. നിർവഹണ ഉദ്യോഗസ്ഥയായ ഡയറി ഫാം ഇൻസ്പെക്ടർ ക്യാഷ് ബുക്ക് സൂക്ഷിച്ചിട്ടുണ്ടെങ്കിലും 2020-21-ലെ വരവ്-ചെലവ് വിവരങ്ങൾ എഴുതിയിട്ടില്ല. 2019-20 – ൽ ട്രഷറി ക്യൂ ബിൽ ആകുകയും 2020-21നടപ്പിലാക്കുകയും ചെയ്ത സ്പിൽ ഓവർ പദ്ധതികളുടെ ചെലവുകൾ 2020 മാർച്ച് മാസത്തിൽ തന്നെ ചെലവായതായി ക്യാഷ്ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്നു.

നിർദ്ദേശം

2011-ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ പാലിച്ച് നിർദ്ദിഷ്ട മാതൃകയിലുള്ള ക്യാഷ് ബുക്കിൽ എല്ലാ വരവ് ചെലവുകളും എഴുതി സൂക്ഷിക്കേണ്ടതാണ്.

**1-32 ഭിന്നശേഷിക്കാരുടെ വിവരങ്ങൾ അടങ്ങിയ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല**

1) പ്രോജക്ട് നം. - 14/21- ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്

അടങ്കൽ - 425000, വികസനഫണ്ട് (പൊതുവിഭാഗം)

ചെലവ് - 425000

ബിൽ നം. - 11/20-21/28.03.21

2) പ്രോജക്ട് നം. - 111/21 (Spill Over)- ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്

അടങ്കൽ - 300000, വികസനഫണ്ട് (പൊതുവിഭാഗം)

ചെലവ് - 300000

ബിൽ നം. - 2/20-21/22.04.20

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവഹണ ഉദ്യോഗസ്ഥയായ മേൽ പ്രോജക്ടുകൾ പ്രകാരം ഭിന്നശേഷി വിദ്യാർത്ഥികൾക്ക് പരമാവധി ധനസഹായം നല്കിയിട്ടുണ്ടെങ്കിലും ആകെ 22 പേർക്കാണ് ആനുകൂല്യം ലഭ്യമായിരിക്കുന്നത്. ഭിന്നശേഷിക്കാരുടെ വിവരങ്ങൾ ഉൾക്കൊള്ളിച്ചുള്ള രജിസ്റ്റർ ഗ്രാമപഞ്ചായത്ത് സൂക്ഷിച്ചിട്ടില്ല. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 17.08.16 ലെ 2465/2016/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം മുഴുവൻ ഭിന്നശേഷിക്കാരുടെയും വിവരങ്ങൾ ഉൾക്കൊള്ളിച്ചുള്ള രജിസ്റ്റർ എല്ലാ തദ്ദേശസ്ഥാപനങ്ങളും സൂക്ഷിക്കേണ്ടതും കാലാകാലങ്ങളിൽ ലഭ്യമാകുന്ന വിവരം യഥാസമയം രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുമാണ്. കൂടാതെ കേന്ദ്ര/ സംസ്ഥാനാവിഷ്കൃത പദ്ധതികളിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് ഈ രജിസ്റ്ററിലെ വിവരങ്ങൾ ഉപയോഗിക്കേണ്ടതുമാണ്. സർക്കാർ ഉത്തരവു പ്രകാരമുള്ള രജിസ്റ്റർ പഞ്ചായത്ത് തയ്യാറാക്കേണ്ടതും ഇതിൽ ഉൾപ്പെട്ട അർഹരായവർക്കെല്ലാം ആനുകൂല്യം, നിർവഹണ ഉദ്യോഗസ്ഥ ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-33 ന്യൂട്രിമിക്സ് - ഗുണനിലവാരം ഉറപ്പുവരുത്തിയിട്ടില്ല

വടകരപ്പതി ഗ്രാമപഞ്ചായത്തിലെ അങ്കണവാടികളിൽ വിതരണത്തിനായി അമൃതം ഫുഡ്സ് വാങ്ങിയിരിക്കുന്നത് കുടുംബശ്രീ യൂണിറ്റായ കിഡ്സ് ലോവർ അമൃതം ഫുഡ്സ്, കണ്ണിയംപുറം, ഒറ്റപ്പാലം- ൽ നിന്നുമാണ്. ഡയറക്ടറേറ്റിൽ നിന്നുള്ള 26-3-13-ലെ നം. ഐ.സി.ഡി.എസ്/3458/12 നമ്പർ കത്ത് പ്രകാരം അനുപൂരക പോഷകാഹാര പരിപാടിയുമായി ബന്ധപ്പെട്ട് അങ്കണവാടികളിൽ വിതരണം ചെയ്യുന്ന ഭക്ഷ്യ പദാർത്ഥങ്ങൾ കേന്ദ്ര സർക്കാരിന്റെ ഫുഡ് അനാലിസിസ് ലാബിൽ പരിശോധന നടത്തണമെന്ന കേന്ദ്ര നിർദ്ദേശം (02.11.12-ലെ D.O.No.114/2012-13/FN) അടിയന്തിരമായി നടപ്പിലാക്കുന്നതിന് മാർഗ്ഗനിർദ്ദേശം നൽകിയിട്ടുണ്ട്. ഭക്ഷ്യ പദാർത്ഥങ്ങളുടെ സാമ്പിൾ Deputy Technical Adviser, Ministry Of Women & Child Development, Food & Nutrition Board Southern Region Govt.Of India, 26, Haddows Road, Shastri Bhavan, Chennai എന്ന മേൽവിലാസത്തിൽ 250 രൂപയുടെ ഡി.ഡി. സഹിതം പരിശോധനക്ക് അയക്കേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. സാമൂഹ്യക്ഷേമ ഡയറക്ടറുടെ 18.12.2010-ലെ ഐ.സി.ഡി.എസ്-ബി.3-312/2010 നമ്പർ കത്ത് പ്രകാരം ശിശുവികസന/പ്രോഗ്രാം ഓഫീസർമാർക്ക് ഓരോ രണ്ട് മാസത്തിലൊരിക്കൽ വീതം ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കിയതിന്റെ ലാബ് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. മേൽ നിർദ്ദേശങ്ങൾ പ്രകാരം ഭക്ഷ്യമിശ്രിതം പരിശോധന നടത്തിയതിന്റെ ലാബ് റിപ്പോർട്ട് ലഭ്യമായിട്ടില്ല. ഓഡിറ്റ് അന്വേഷണത്തിന് (26/13.10.21) ലഭ്യമാക്കിയ മറുപടിയിൽ 2019-20, 20-21 കാലയളവിൽ പരിശോധനയ്ക്കായി അയച്ച ഭക്ഷ്യ സാംപിളുകൾ തിരിച്ചുവന്നതിനാൽ ലാബ് റിപ്പോർട്ട് ലഭ്യമായിട്ടില്ല എന്ന് അറിയിച്ചിട്ടുണ്ട്

**ഓഡിറ്റ് നിർദ്ദേശം**

സർക്കാർ നിർദ്ദേശം പാലിക്കേണ്ടതും വിതരണം ചെയ്യുന്ന ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-34 അങ്കണവാടികളുടെ ഭൗതികസാഹചര്യം മെച്ചപ്പെടുത്തേണ്ടതാണ്

ഗ്രാമപഞ്ചായത്തിൽ ആകെ 27 അങ്കണവാടികളാണുള്ളത്. ഇവയുടെ നിലവിലെ ഭൗതികസാഹചര്യം സംബന്ധിച്ച് ഐ സി ഡി എസ് സൂപ്പർവൈസറിൽ നിന്നും ഓഡിറ്റ് അന്വേഷണം നം. 20/13.10.2021 മുഖേന ലഭ്യമായ റിപ്പോർട്ടിലെ വിശദാംശം താഴെ ചേർക്കുന്നു.

| ക്രമ നം. | ഭൗതിക സാഹചര്യം | എണ്ണം |
|---|---|---|
| 1 | ആകെ അങ്കണവാടികളുടെ എണ്ണം | 27 |
| 2 | സ്വന്തം കെട്ടിടമുള്ളവ | 25 |
| 3 | വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നത് | 2 |
| 4 | കെട്ടിടത്തിന്റെ തരം<br>കോൺക്രീറ്റ് | 22 |
| | ഓടിട്ടത് | 5 |

| | | |
|---|---|---|
| 5 | സ്വന്തം സ്ഥലമോ കെട്ടിടമോ ഇല്ലാത്തവ | 1 |
| 6 | ചുറ്റുമതിൽ ഇല്ലാത്തവ | 2 |
| 7 | വൈദ്യുതി കണക്ഷൻ ഇല്ലാത്തവ | 0 |
| 8 | കുടിവെള്ള കണക്ഷൻ ഇല്ലാത്തവ | 2 |
| 13 | ടോയ് ലെറ്റ് ഇല്ലാത്തവ | 1 |
| | ബേബി ഫ്രന്റ്ലി ടോയ്ലെറ്റ് ഇല്ലാത്തവ | 27 |
| 15 | ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാത്തവ | 27 |

27 അങ്കണവാടികളിൽ ഒരെണ്ണത്തിലും ബേബി ഫ്രണ്ട്ലി ടോയ്ലറ്റില്ല. ടോയ്ലറ്റ് ഇല്ലാത്ത ഒരു അങ്കണവാടിയും നിലവിലുണ്ട്. പൂരക പോഷകാഹാര പരിപാടിക്ക് ലഭ്യമായ കേന്ദ്രവിഹിതത്തിൽ 970275രൂപ ചെലവഴിക്കാതെ തനത് ഫണ്ട് അക്കൗണ്ടിൽ ശേഷിക്കുന്നുണ്ട്. സർക്കുലർ നം. 39033/ഡി.സി.2/2 ത.സ്വ.ഭ.വ തിയതി 3-9-2010 പ്രകാരം പൂരക പോഷകാഹാര പരിപാടിക്കായി ലഭ്യമായ കേന്ദ്ര സഹായത്തിൽ ശേഷിക്കുന്ന തുക വിനിയോഗിച്ച് സ്വന്തമായി സ്ഥലമില്ലാത്ത അങ്കണവാടികൾക്ക് സ്ഥലം വാങ്ങി കെട്ടിടം നിർമ്മിക്കുന്നതിനും കെട്ടിടമില്ലാത്ത അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുൻഗണന നൽകേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

സർക്കുലർ നമ്പർ 31055/ഡി.സി.2/2011/തസ്വഭവ തിയ്യതി 22-3-2011 ഖണ്ഡിക (സി)1, 2, 3 പ്രകാരം എല്ലാ വർഷവും മെയ് 10 നകം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ എഞ്ചിനീയർ/ഓവർസിയർ വാടക കെട്ടിടങ്ങൾ ഉൾപ്പെടെയുള്ള എല്ലാ അങ്കണവാടികളും സന്ദർശിക്കേണ്ടതും പരിശോധിച്ച് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിന്റെ കീഴിലുള്ള അങ്കണവാടി കെട്ടിടങ്ങൾക്ക് ഫിറ്റ്നസ് ലഭ്യമായിട്ടില്ല.

**ഓഡിറ്റ് നിർദേശം**

1. ചെലവഴിക്കാതെ ശേഷിക്കുന്ന കേന്ദ്രവിഹിതം അങ്കണവാടികളുടെ ഭൗതികസാഹചര്യം മെച്ചപ്പെടുത്തുന്നതിന് ഉപയോഗിക്കേണ്ടതാണ്.

2. സർക്കാർ ഉത്തരവു പ്രകാരം അങ്കണവാടി കെട്ടിടങ്ങൾക്ക് ഫിറ്റ്നസ് ലഭ്യമാക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

## 1-35 കാർഷിക മേഖലകളിലെ പദ്ധതികൾ കാര്യക്ഷമമാക്കേണ്ടതാണ്

1. പ്രോജക്ട് നം. - 197/21- സമഗ്ര നെൽകൃഷി വികസനം

അടങ്കൽ - 1045500 (വികസനഫണ്ട് - പൊതുവിഭാഗം)

– (303264 ബ്ലോക്ക് പഞ്ചായത്ത് വിഹിതം)

- (312741 ജില്ലാ പഞ്ചായത്ത് വിഹിതം)

ചെലവ് - 925500 (ബിൽ നം.9/ 20-21/ 19.01.21, ബിൽ നം.14/ 20-21/ 30.03.21, ബിൽ നം.15/ 20-21/ 30.03.21) - 303264 (ബിൽ നം.11/ 20-21/ 25.03.21)

- 303264 (ബിൽ നം.10/ 20-21/ 10.02.21)

2. പ്രോജക്ട് നം. - 107/21 (സ്പിൽ ഓവർ) – നെൽകൃഷിക്ക് പ്രാരംഭ ചെലവിന് ഉഴവുകൂലി

അടങ്കൽ - 1045500 വികസനഫണ്ട് - പൊതുവിഭാഗം

- 522750 ബ്ലോക്ക് പഞ്ചായത്ത് വിഹിതം

- 522750 ജില്ലാ പഞ്ചായത്ത് വിഹിതം

ചെലവ് - 1045500 (ബിൽ നം.2/ 20-21/ 20.04.20, ബിൽ നം.3/ 20-21/ 20.04.20,

ബിൽ നം.4/ 20-21/ 20.04.20)

- 405840 (ബിൽ നം.5/ 20-21/ 15.05.20)

- 393600 (ബിൽ നം.6/ 20-21/ 15.05.20)

ഏഴ് പാടശേഖരസമിതികളുടെ കീഴിലായി രജിസ്റ്റർ ചെയ്ത കർഷകരുടെ 94.77 ഹെക്ടറിലെ നെൽകൃഷിക്ക് 17000 രൂപ കൂലിച്ചെലവായി നൽകുകയാണ് 197/21 സംയുക്ത പ്രോജക്ടിന്റെ ലക്ഷ്യം. 123 ഹെക്ടറിലെ നെൽകൃഷിക്ക് 17000 രൂപ കൂലിചെലവായി നൽകുകയാണ് 107/21 (സ്പിൽ ഓവർ) നമ്പർ സംയുക്ത പ്രോജക്ടിന്റെ ലക്ഷ്യം. എന്നാൽ ചെലവ് രേഖകൾ, ബേസിക്ക് ഡാറ്റാ രജിസ്റ്റർ (2019-20-ലെ വിവരങ്ങളാണ് രേഖപ്പെടുത്തിയിരിക്കുന്നത്) എന്നിവ പരിശോധിച്ചതിലെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

94.77 ഹെക്ടർ ഭൂമിയിലെ കൃഷിയ്ക്ക് കൂലിചെലവായി ഹെക്ടറിന് 17000 രൂപ നൽകുന്നതിനാണ് പ്രോജക്ട് 197/21 പ്രകാരം ലക്ഷ്യമിട്ടിരുന്നതെങ്കിലും ചെലവു രേഖകൾ പ്രകാരം 499 കർഷകരുടെ 243 ഹെക്ടർ

കൃഷിഭൂമിയ്ക്ക് കൂലിച്ചെലവിനായാണ് തുക ചെലവഴിച്ചിട്ടുള്ളത്. പ്രോജക്റ്റിൽ നിശ്ചയിച്ച നിരക്കിൽ ധനസഹായം നൽകാതെ ഹെക്ടറിന് 5810.81 രൂപ നിരക്കിലാണ് തുക നൽകിയിരിക്കുന്നത്. പ്രോജക്റ്റ് 107/21-ൽ ഹെക്ടറിന് 17000 രൂ കൂലിചെലവ് നൽകുന്നതിനാണ് ലക്ഷ്യമിട്ടിരുന്നതെങ്കിലും ചെലവു രേഖകളിൽ 501 കർഷകരുടെ 123 ഹെക്ടർ കൃഷിഭൂമിക്ക് 10850 രൂപ നിരക്കിൽ ധനസഹായമാണ് നൽകിയിട്ടുള്ളത്.

അംഗീകരിച്ച പ്രൊജക്റ്റിൽ പറഞ്ഞിരിക്കുന്ന അളവ് കൃഷിസ്ഥലത്തിനോ നിരക്കിലോ ധനസഹായം നൽകുന്നതിന് മേൽ പ്രോജക്റ്റുകൾ പ്രകാരം കഴിഞ്ഞിട്ടില്ല.

3) പ്രോജക്റ്റ് നം. - 3/21- പച്ചക്കറി വികസനം

അടങ്കൽ - 671500 വികസനഫണ്ട് - പൊതുവിഭാഗം

- 2093500 ഗുണഭോക്തൃ വിഹിതം

ചെലവ് - 671500 (ബിൽ നം.13/ 20-21/ 31.03.21)

- 2093500

4) പ്രോജക്റ്റ് നം. - 108/21 (സ്പിൽ ഓവർ) – പച്ചക്കറി വികസനം

അടങ്കൽ - 671500 വികസനഫണ്ട് - പൊതുവിഭാഗം

- 2093500 ഗുണഭോക്തൃ വിഹിതം

ചെലവ് - 671500 വികസനഫണ്ട് - പൊതുവിഭാഗം

- 2093500 (ബിൽ നം.1/ 20-21/ 29.04.20)

മേൽ പ്രോജക്റ്റുകൾ പ്രകാരം പച്ചക്കറിയുടെ ഉത്പാദനക്ഷമത കൂട്ടുന്നതിന് പ്രോത്സാഹനമായി (ഗുണഭോക്തൃ വിഹിതമുൾപ്പെടെ ഹെക്ടറിന് ആകെ ചെലവ് 70000 രൂ) പഞ്ചായത്ത് വിഹിതമായി 17000 രൂപ വീതം 39.5 ഹെക്ടറിന് 671500 രൂ വകയിരുത്തുകയും ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

ബേസിക് ഡാറ്റാ രജിസ്റ്ററിൽ (2019-20- ലെ വിവരങ്ങൾ) 240 ഹെക്ടർ സ്ഥലത്ത് നെൽ കൃഷിയുള്ളതായും 771 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷിയുള്ളതായും 20 ഹെക്ടർ സ്ഥലം കൃഷിചെയ്യാവുന്ന തരിശുനിലമായും രേഖപ്പെടുത്തിയിട്ടുണ്ട്.

കൃഷിയും അനുബന്ധ മേഖലയും വർക്കിംഗ് ഗ്രൂപ്പ് മിനുട്സിൽ 240 ഹെക്ടർ കൃഷി ഭൂമിക്ക് പഞ്ചായത്ത് വിഹിതമായി 8500 രൂ നിരക്കിൽ സബ്സിഡി നൽകുന്നതിനായി 2040000 രൂപയും 100 ഹെക്ടർ പച്ചക്കറി കൃഷിക്ക് ഉഴവുകൂലി നൽകുന്നതിനായി പഞ്ചായത്ത് വിഹിതമായി 17000 രൂ നിരക്കിൽ ആകെ 1700000 രൂപ വകയിരുത്തുന്നതിനും തീരുമാനമെടുത്തിട്ടുണ്ട്.

എന്നാൽ ബേസിക് ഡാറ്റാ രജിസ്റ്ററിലെ കൃഷിഭൂമിയുടെ അളവിന് അനുസൃതമായോ വർക്കിംഗ് ഗ്രൂപ്പിൽ തീരുമാനമെടുത്ത പ്രകാരമോ ധനസഹായം നൽകുന്നതിന് നെൽകൃഷി, പച്ചക്കറിക്കൃഷി മേഖലകളിൽ നടപ്പിലാക്കിയ മേൽ പ്രൊജക്റ്റുകൾക്ക് കഴിഞ്ഞിട്ടില്ല. ബേസിക് ഡാറ്റാ രജിസ്റ്റർ പ്രകാരം 20 ഹെക്ടർ തരിശു ഭൂമിയുണ്ടെങ്കിലും തരിശായിക്കിടക്കുന്ന സ്ഥലം കാർഷിക യോഗ്യമാക്കുന്നതിനുള്ള യാതൊരു പദ്ധതികളും സുഭിക്ഷ കേരളം പദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കിയിട്ടില്ല. മതിയായ ഫണ്ട് ലഭ്യമല്ലാത്തതാണ് മേൽ പ്രൊജക്റ്റുകളിൽ നിശ്ചയിച്ച പ്രകാരം തുക നൽകുവാൻ കഴിയാതിരുന്നതിന് കാരണമായി നിർവഹണ ഉദ്യോഗസ്ഥൻ വാക്കാൽ അറിയിച്ചത്. ഓഡിറ്റ് അന്വേഷണം (25/20.10.21) നൽകിയതിന് മറുപടി ലഭ്യമാക്കിയില്ല.

**<u>ഓഡിറ്റ് നിർദേശം</u>**

1. കാർഷിക മേഖലയിൽ സ്വയം പര്യാപ്തത നേടുന്നതിനായി മതിയായ ഫണ്ട് വകയിരുത്തി പദ്ധതികൾ ആവിഷ്കരിക്കുന്നതിനും നടപ്പിലാക്കുന്നതിനും ഭരണസമിതിയും നിർവഹണ ഉദ്യോഗസ്ഥനും ശ്രദ്ധിക്കേണ്ടതാണ്.

2. ബേസിക് ഡാറ്റാ രജിസ്റ്റർ കാലികമാക്കി നെൽ-പച്ചക്കറി മേഖലകളിലെ അർഹതപ്പെട്ട എല്ലാ കർഷകർക്കും കാർഷികമേഖലയിലെ ഉത്പാദന ക്ഷമത കൂട്ടുന്നതിന് പ്രോത്സാഹനമായി ധനസഹായം ലഭ്യമാക്കേണ്ടതും തരിശുഭൂമി കാർഷിക യോഗ്യമാക്കുന്നതിനുള്ള പദ്ധതികൾ സുഭിക്ഷകേരളം പദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കേണ്ടതുമാണ്.

3. കൃഷിയും അനുബന്ധ മേഖലയും വർക്കിംഗ് ഗ്രൂപ്പ് മിനുട്സിലെ തീരുമാനപ്രകാരം പ്രോജക്റ്റുകൾ നടപ്പിലാക്കേണ്ടതാണ്.

## 1-36 സുഭിക്ഷകേരളം പദ്ധതിയിൽ ഉൾപ്പെടുത്തി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടില്ല

കേരളത്തെ ഭക്ഷ്യ സ്വയം പര്യാപ്തതയിൽ കഴിയുന്നത്ര എത്തിക്കുക എന്നതാണ് സുഭിക്ഷ കേരളം പദ്ധതിയുടെ മുഖ്യ ലക്ഷ്യം. ഭക്ഷ്യോത്പാദന വർദ്ധനവിനൊപ്പം തൊഴിലും വരുമാനവും വർദ്ധിപ്പിക്കുക എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി സ.ഉ(കൈ)നം.45/2020/തസ്വഭവ തിയതി 6-3-2020 പ്രകാരം പ്രഖ്യാപിച്ച പന്ത്രണ്ടിന പരിപാടിയിലെ ലോക്കൽ എംപ്ലോയ്മെന്റ് അഷ്വറൻസ് പ്രോഗ്രാം, ഒരു കോടി ഫലവൃക്ഷ തൈകൾ നട്ടു വളർത്തൽ എന്നിവ സുഭിക്ഷ കേരളം പദ്ധതിയുമായി സംയോജിപ്പിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിരുന്നു. സ.ഉ(കൈ)നം.14/2020/ആ.സാ.വ തിയതി 18-05-2020 പ്രകാരം കോവിഡിന്റെ പശ്ചാത്തലത്തിൽ ഭക്ഷോത്പാദന വർദ്ധനവിനായുള്ള മാർഗ്ഗരേഖയും സ.ഉ(സാധാ)നം. 1009/2020/തസ്വഭവ തിയതി 29-05-2020 പ്രകാരം സുഭിക്ഷ കേരളം പദ്ധതി പ്രകാരം കൃഷി, മൃഗസംരക്ഷണം, ഫിഷറീസ് മേഖലയിൽ അനുവദനീയമായ സബ്സിഡിയുടെ വിശദാംശങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്.

എന്നാൽ തൻവർഷത്തിൽ സുഭിക്ഷകേരളം പദ്ധതിയിൽ ഉൾപ്പെടുത്തി കൃഷിഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായി പദ്ധതികളൊന്നും തന്നെ ആവിഷ്കരിച്ചിട്ടില്ല. ഓഡിറ്റ് അന്വേഷണം (25/20.10.21) നൽകിയതിന് മറുപടി ലഭ്യമാക്കിയില്ല. മാർഗ്ഗരേഖ പാലിച്ച് മതിയായ ഫണ്ട് വകയിരുത്തി പ്രോജക്ടുകൾ രൂപീകരിക്കേണ്ടതും കോവിഡിന്റെ സാഹചര്യത്തിൽ പ്രത്യേകമായി ആവിഷ്കരിച്ചിട്ടുള്ള സുഭിക്ഷ കേരളം പദ്ധതി പ്രകാരം കാർഷിക മേഖലയിൽ അർഹരായ ഗുണഭോക്താക്കൾക്ക് ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതുമാണ്.

## 1-37 എസ് എസ് എ വിഹിതം നൽകൽ - വിനിയോഗ വിവരം ലഭ്യമാക്കിയില്ല

പ്രൊജക്ട് നം. - 20/21
പ്രൊജക്ട് - എസ്.എസ്.എ വിഹിതം നൽകൽ
നിർവഹണ ഉദ്യോഗസ്ഥ - ഹെഡ്മിസ്ട്രസ്, ജി എൽ പി എസ് കോഴിപ്പാറ
അടങ്കൽ - 1053049 (വികസനഫണ്ട് ജനറൽ)
ചെലവ് - 1004698 (വികസനഫണ്ട് ജനറൽ)
ബിൽ നം. - 01/20-21 തീയതി 10.02.21

പദ്ധതി പ്രകാരം ജില്ലാ പ്രൊജക്ട് ഓഫീസർ, എസ് എസ് എ, പാലക്കാട്-യുടെ അക്കൗണ്ടിലേക്ക് 1004698 രൂപ ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. കേന്ദ്ര മാനവ ശേഷി വികസന മന്ത്രാലയം, സ്കൂൾ എഡ്യൂക്കേഷൻ ആന്റ് ലിറ്ററസി വകുപ്പിന്റെ 22-2-18 ലെ ധാരണാപത്രം ഖണ്ഡിക 4.1 പ്രകാരം Integrated Scheme For School Education: Merging The Centrally Sponsored Schemes Of SSA, RMSA &TE കളുടെ ചെലവിന്റെ 60 ശതമാനം കേന്ദ്രസർക്കാരും 40 ശതമാനം സംസ്ഥാന സർക്കാരും വഹിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. 29.01.2018-ലെ സ.ഉ.(കൈ)നം.11/2018/ത.സ്വ.ഭ.വ പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 5.2.1 (2), 7.6.3 എന്നിവ പ്രകാരം ഗ്രാമപഞ്ചായത്തുകൾ സർക്കാർ നിശ്ചയിക്കുന്ന തുക എസ്.എസ്.എ. പ്രോജക്ടുകൾക്ക് വകയിരുത്തണമെന്നും പ്രോജക്ടുകളുടെ വിശദാംശം തയ്യാറാക്കുന്നതിൽ തദ്ദേശഭരണ സ്ഥാപനം മുഖ്യ പങ്ക് വഹിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. മേൽ ഉത്തരവുകൾ പ്രകാരം കൈമാറിയ തുക വിനിയോഗിച്ച് 2020-21 വർഷത്തിൽ ഗ്രാമപഞ്ചായത്തിലെ പൊതുവിദ്യാലയങ്ങളിൽ എസ്.എസ്.എ നടത്തിയ അക്കാദമിക്ക്/നിർമ്മാണ/ പരിശീലന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ, കൈമാറിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം എന്നിവ ഓഡിറ്റ് അന്വേഷണം (2/07.10.21) മുഖേന ആവശ്യപ്പെട്ടതിന് നാളിതുവരെ രേഖകൾ ലഭ്യമായിട്ടില്ലെന്നും ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്നും ആണ് നിർവഹണ ഉദ്യോഗസ്ഥ മറുപടി നൽകിയിരിക്കുന്നത്. മേൽ വിവരങ്ങളും വിനിയോഗ സാക്ഷ്യപത്രവും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. എസ്.എസ്.എ നടപ്പിലാക്കുന്ന പ്രവൃത്തികൾ വർക്കിംഗ് ഗ്രൂപ്പ് തലത്തിലും സ്റ്റാന്റിംഗ് കമ്മിറ്റി തലത്തിലും കൃത്യമായി മോണിറ്ററിംഗ് നടത്തേണ്ടതും വിനിയോഗം കഴിഞ്ഞ് ശേഷിക്കുന്ന പഞ്ചായത്ത് വിഹിതം തിരികെ ഈടാക്കേണ്ടതുമാണ്.

## 1-38 ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി

പ്രൊജക്ട് നം. - 114/21
പ്രൊജക്ട് - പാൽ ഉത്പാദനത്തിന് ഇൻസെന്റീവ് നൽകൽ
നിർവഹണ ഉദ്യോഗസ്ഥ – ഡയറി ഫാം ഇൻസ്ട്രക്ടർ
അടങ്കൽ - 1400000 (വികസനഫണ്ട് ജനറൽ)

- 310317 (ബ്ലോക്ക് പഞ്ചായത്ത് വിഹിതം)
- 500000 (ജില്ലാ പഞ്ചായത്ത് വിഹിതം)

ചെലവ് - 1400000 (വികസന ഫണ്ട് ജനറൽ)
(ബിൽ നം. 1/20-21/28.04.20) - 310317 (ബ്ലോക്ക് പഞ്ചായത്ത് വിഹിതം) (ബിൽ നം. 2/20-21/14.05.20) - 500000 (ജില്ലാ പഞ്ചായത്ത് വിഹിതം) (ബിൽ നം. 3/20-21/14.05.20)

വടകരപ്പതി ഗ്രാമപഞ്ചായത്തിനു കീഴിലുള്ള ക്ഷീരോത്പ്പാദക സഹകരണ സംഘങ്ങളിലെ ക്ഷീരകർഷകർക്ക് ഇൻസെന്റീവ് നൽകുന്നതിനായി മേൽ ബില്ലുകൾ പ്രകാരം ആകെ 2210317രൂ ചെലവഴിച്ചിട്ടുണ്ട്. 13 ക്ഷീരോത്പ്പാദക സഹകരണ സംഘങ്ങളിലെ 1300 ക്ഷീരകർഷകർക്കും എരുത്തേമ്പതി സംഘത്തിൽ പാൽ നൽകിയ ഒരു കർഷകനും പാലളവിന് ആനുപാതികമായി ലിറ്ററൊന്നിന് 3 രൂപ നിരക്കിൽ 2019 ഏപ്രിൽ മാസത്തെ ആനുകൂല്യം മാത്രമാണ് പ്രൊജക്ട് തുക ഉപയോഗിച്ച് നൽകുവാൻ കഴിഞ്ഞിട്ടുള്ളത്. 2019-20-ൽ അംഗീകാരം ലഭിച്ച മേൽ പ്രൊജക്ട് സ്പിൽ ഓവർ പ്രൊജക്ടായി നടപ്പിലാക്കിയിരിക്കുന്നത് 2020-21 സാമ്പത്തിക വർഷത്തിലാണ്.

പതിമൂന്നാം പദ്ധതി സബ്സിഡി മാർഗ്ഗരേഖ സ.ഉ( കൈ) 22/18 ത.സ്വ.ഭ.വ തീയതി 14.2.2018 പ്രകാരം ഒരു ലിറ്റർ പാലിന് ഡിപ്പാർട്ട്മെന്റ് സബ്സിഡി ഉൾപ്പെടെ പരമാവധി 4രൂപ നിരക്കിൽ കർഷകന് ഇൻസെന്റീവ് നൽകാവുന്നതാണ്. എന്നാൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ക്ഷീരകർഷകർക്ക് സാമ്പത്തിക വർഷം മുഴുവനായോ കൂടുതൽ മാസങ്ങളിലേക്കോ പരമാവധി നിരക്കിൽ പാലളവിന് ഇൻസെന്റീവ് നൽകുവാൻ സാധിച്ചിട്ടില്ല.

**<u>ഓഡിറ്റ് നിർദ്ദേശം</u>**

1. കർഷകർക്ക് സാമ്പത്തിക വർഷം മുഴുവനായോ കൂടുതൽ മാസങ്ങളിലേക്കോ പാലളവിന് സബ്സിഡി ലഭ്യമാകുന്ന രീതിയിൽ പ്രൊജക്റ്റ് തയ്യാറാക്കുന്നതിന്റെ സാദ്ധ്യത പരിശോധിക്കേണ്ടതാണ്.

2. ഭാവിയിൽ ഗുണഭോക്താക്കളുടെ കൃത്യമായ എണ്ണവും അളക്കുന്ന പാലിന്റെ ശരാശരിയും കണക്കിലെടുത്ത് 12 മാസത്തെ ആനുകൂല്യം അനുവദിക്കുന്ന തരത്തിൽ പ്രൊജക്റ്റ് ആസൂത്രണം ചെയ്യുന്നതിനും പാൽ ഉത്പാദനത്തിൽ സ്വയം പര്യപ്തത നേടുന്നതിന് പ്രോത്സാഹനം എന്ന നിലയിൽ യഥാസമയം തുക കർഷകർക്ക് ലഭ്യമാക്കുന്നതിനും നിർവ്വഹണ ഉദ്യോഗസ്ഥൻ ശ്രദ്ധിക്കേണ്ടതാണ്.

**<u>1-39 എസ് സി വിദ്യാർത്ഥികൾക്ക് പഠനമുറി- പൂർത്തീകരിച്ചിട്ടില്ല</u>**

പ്രൊ. നം.195/21

അടങ്കൽ-1000000 (വികസനഫണ്ട് – എസ് സി പി)

ചെലവ്-425000

നിർവ്വഹണം- അസി.സെക്രട്ടറി

2020-21 വർഷത്തിൽ പട്ടികജാതിവിഭാഗത്തിൽപ്പെട്ട 5 വിദ്യാർത്ഥികൾക്ക് പഠനമുറി നിർമാണത്തിന് ആനുകൂല്യം നൽകുന്നതിനാണ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. പഠനമുറിയുടെ യൂണിറ്റ് കോസ്റ്റ് 200000 രൂപയാണ്. 2020-21 വർഷത്തിൽ എഗ്രിമെന്റ് വെച്ച 4 ഗുണഭോക്താക്കളും പഠനമുറി നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. കൈപ്പറ്റിയ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | നാളിതുവരെ കൈപ്പറ്റിയ തുക | ബാക്കി |
|---|---|---|
| ധരൺകുമാർ, S/O മുരുകൻ കിണർപള്ളം | 125000 | 75000 |
| മിഥുൻ. എം S/O മുരളി കള്ളിയമ്പാറ പരിശക്കൽ | 125000 | 75000 |
| ഹരി ആകാശ് S/O ശാലിനി രാധാകൃഷ്ണൻ പാറമേട് | 165000 | 35000 |

| | | |
|---|---|---|
| കേഴിപ്പാറ | | |
| മണികണ്ഠൻ കെ S/O കറുപ്പസ്വാമി IHDP കോളനി വേലന്താവളം | 125000 | 75000 |

നിർമ്മാണത്തിന്റെ പുരോഗതി വിവരം അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.6/8.10.2021) ഈ ഗുണഭോക്താക്കൾക്ക് തുക അനുവദിക്കുന്നതിനായി 2021-22 വർഷത്തിൽ പദ്ധതി തയ്യാറാക്കിയിട്ടുണ്ടെന്നും വാല്യേഷൻ സർട്ടിഫിക്കറ്റ് ലഭിക്കുന്ന മുറയ്ക്ക് തുക അനുവദിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

തുടർ നടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

## 1-40 ആശ്രയ/അഗതിരഹിതകേരളം പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കണം

നിർവ്വഹണോദ്യോഗസ്ഥൻ-കുടുംബശ്രീ ചാർജ് ഓഫീസർ (അസി.സെക്രട്ടറി)

സമൂഹത്തിലെ ഏറ്റവും നിരാലംബരായ വ്യക്തികളെ കണ്ടെത്തി അവരെ അഗതി രഹിത കേരളം പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനും അവർക്കാവശ്യമായ സേവനപരിചരണ പാക്കേജുകൾ നൽകുന്നതിനും സ.ഉ (എം.എസ്) നം.252/2017/തസ്വഭവ, തീയതി 12.12.2017 പ്രകാരം മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. വടകരപ്പതി ഗ്രാമപഞ്ചായത്തിൽ അഗതികൾക്കായി ആവിഷ്കരിച്ച പദ്ധതികൾ പരിശോധിച്ചതിൻമേലുള്ള നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

അഗതിരഹിത പദ്ധതി ആക്ഷൻ പ്ലാൻ പ്രകാരം ആകെ 136 കുടുംബങ്ങളാണ് ഉള്ളത്. ആശ്രയ പദ്ധതിയുടെ രണ്ടാം ഘട്ടം അവസാനിച്ചതിനുശേഷം സർവ്വെയുടെ അടിസ്ഥാനത്തിൽ KS/L/251/2019, 9.3.2019 പ്രകാരം അഗതിരഹിത കേരളം പദ്ധതിയുടെ ആക്ഷൻ പ്ലാനും ഗുണഭോക്തൃ ലിസ്റ്റും അംഗീകരിച്ച് ലഭ്യമായിട്ടുണ്ട്. ഭക്ഷണം ഒഴികെ മറ്റു പ്രധാന ഘടകങ്ങൾ ആവശ്യമുള്ള അഗതി കുടുംബങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | ഇനം | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| 1 | വീട് ആവശ്യമുള്ളവർ | 16 |
| 2 | വീട് വെക്കുവാൻ സ്ഥലം ആവശ്യമുള്ളവർ | 1 |
| 3 | വീട് റിപ്പയർ ആവശ്യമുള്ളവർ | 13 |
| 4 | കുടിവെള്ള സൗകര്യം ആവശ്യമുള്ളവർ | 28 |
| 5 | കക്കൂസ് ആവശ്യമുള്ളവർ | 11 |
| 6 | കറണ്ട് കണക്ഷൻ ആവശ്യമുള്ളവർ | 7 |
| 7 | മരുന്ന് | 32 |
| 8 | വിദ്യാഭ്യാസം | 20 |

നിലവിൽ ചലഞ്ച് ഫണ്ടിൽ നിന്നും ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുന്നതിന് മാത്രമാണ് തുക വിനിയോഗിക്കുന്നത്. അഗതി രഹിതകേരളം ആക്ഷൻ പ്ലാൻ പ്രകാരം 6176900 രൂപയാണ് ആകെ അടങ്കൽ കണക്കാക്കിയിട്ടുള്ളത്.

**എ) ആവിഷ്കരിച്ച പദ്ധതികൾ നടപ്പിലാക്കിയില്ല**

2019-20, 2020-21 വർഷങ്ങളിൽ വി ഇ ഒ നിർവ്വഹണോദ്യോഗസ്ഥനായി താഴെപ്പറയുന്ന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടെങ്കിലും ആയത് നടപ്പിലാക്കിയിട്ടില്ല.

| വർഷം | പ്രൊജക്ട് നം./പേര് | വകയിരുത്തിയ തുക |
|---|---|---|
| 2019-20 | 114/20ആശ്രയ ഭവന പുനരുദ്ധാരണം | 315000 |

| | | |
|---|---|---|
| 2020-21 | 94/21 ആശ്രയ ഭവന പുനരുദ്ധാരണം | 315000 |

2021-22 വർഷത്തിൽ ഈ പദ്ധതി അംഗീകാരം ലഭ്യമാക്കിയിട്ടുണ്ടെന്നും ധനസഹായം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുവെന്നും അറിയിച്ചിട്ടുണ്ട്.

**ബി) ലൈഫ് പദ്ധതിയിൽ അഗതി ഗുണഭോക്താക്കളെ പരിഗണിച്ചിട്ടില്ല**

സ.ഉ(എം.എസ്)22/2018/ത.സ്വ.ഭ.വ തീ. 29.01.2018 ഉത്തരവ് പ്രകാരമുള്ള സബ്സിഡി ധനസഹായ മാർഗ്ഗരേഖ ഖണ്ഡിക 5.2.1(6) പ്രകാരം അഗതി രഹിത കേരളം പദ്ധതിയ്ക്ക് വികസന ഫണ്ടിൽ നിന്നും നിർബന്ധമായും തുക വകയിരുത്തേണ്ടതാണ്. സ.ഉ(എം.എസ്)252/2017/ത.സ്വ.ഭ.വ തീ. 12.12.2017 പ്രകാരം ആശ്രയ പദ്ധതിയുടെ പരിഷ്കരിച്ച മാർഗ്ഗ നിർദ്ദേശ പ്രകാരം സർക്കാർ അംഗീകരിച്ച പദ്ധതിയിലെ ഭവന രഹിതരും വീട് നിർമ്മിക്കാൻ ആവശ്യത്തിന് ഭൂമി യുള്ളവരുമായ എല്ലാ അഗതി കുടുംബങ്ങൾക്കും ഭവന നിർമ്മാണ സഹായം നൽകിയതിനു ശേഷം മാത്രമേ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മറ്റ് കുടുംബങ്ങൾക്ക് വീട് നൽകാൻ പാടുള്ളൂ. 14.09.2018 ലെ സ.ഉ(എം.എസ്)/128/2018/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ഭവന രഹിതരായ എല്ലാ അഗതി കുടുംബങ്ങളെയും ലൈഫ് പദ്ധതിയുടെ ഗുണഭോക്താക്കളായി ഉൾപ്പെടുത്തണമെന്നും ലൈഫ് പദ്ധതിയുടെ ആനുകൂല്യം അനുവദിക്കുമ്പോൾ ഈ ഗുണഭോക്താക്കൾക്ക് പ്രഥമ പരിഗണന നൽകേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

അഗതിരഹിതകേരളം ആക്ഷൻപ്ലാൻ പ്രകാരം വീട് ആവശ്യമുള്ള 16 ഗുണഭോക്താക്കൾ ഉണ്ട്. ഈ ഗുണഭോക്താക്കളെ നാളിതുവരെയും ലൈഫ് പദ്ധതിയിലേക്ക് ഉൾപ്പെടുത്തിയിട്ടില്ല. ഗുണഭോക്താക്കളെ ലൈഫ് പദ്ധതിയിലേക്ക് മാറ്റാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.5/8.10.2021) വാസയോഗ്യമായ വീടില്ലാത്ത 11 ഗുണഭോക്താക്കളെ ലൈഫ് മിഷൻ നാലാം ഘട്ടത്തിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു എന്ന് അറിയിച്ചിട്ടുണ്ട്.

ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, ദാരിദ്ര്യ ലഘൂകരണ വർക്കിംഗ് ഗ്രൂപ്പ് മിനുട്സ് എന്നിവ പരിശോധിച്ചതിൽ പദ്ധതി പ്രകാരം മുൻഗണനാടിസ്ഥാനത്തിൽ നടപ്പിലാക്കേണ്ട ഘടകങ്ങൾ, അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ എന്നിവയെപ്പറ്റി യാതൊരു വിലയിരുത്തലുകളും നടത്തിയിട്ടില്ല. ആശ്രയ നിർബന്ധിത പ്രൊജക്ടാണെന്നിരിക്കെ 13-ാം പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ അഗതികളുടെ ആവശ്യകതക്കനുസരിച്ചുള്ള പദ്ധതികൾ ആവിഷ്കരിക്കേണ്ടതും, ലഭ്യമാകുന്ന തുക സമയബന്ധിതമായി വിനിയോഗിക്കേണ്ടതുമാണ്. പദ്ധതി പ്രവർത്തനത്തിൽ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, ദാരിദ്ര്യ ലഘൂകരണ വർക്കിംഗ് ഗ്രൂപ്പ് എന്നിവരുടെ ഇടപെടൽ കാര്യക്ഷമമാക്കേണ്ടതാണ്.
തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**1-41 MGNREGS -മെറ്റീരിയൽ പ്രവർത്തികൾ നിർവ്വഹിച്ചതിലെ അപാകതകൾ.**

**1) ടെണ്ടർ നടപടികളിലെ അപാകതകൾ**

മെറ്റീരിയൽ വർക്കുകൾക്കുള്ള പർച്ചേസിനായി 17/01/20, 17/2/20 എന്നീ തീയതികളിൽ ഇ-ടെണ്ടർ നടത്തിയിട്ടുണ്ട്. ടെണ്ടറിൽ ഒരാൾ മാത്രം പങ്കെടുത്തതിനാൽ റീ ടെണ്ടർ നടത്തുന്നതിന് 24.1.20, 17.2.20 തീയതികളിൽ തീരുമാനമെടുത്തിട്ടുണ്ട്. 20.2.20 തീയതിയിൽ നൽകിയ ടെണ്ടർ പരസ്യത്തിൽ 3000000 രൂപയാണ് അടങ്കൽ നിശ്ചയിച്ചിട്ടുള്ളത്. സ.ഉ(കൈ)നം.93/2012/തസ്വഭവ, തീയതി 31.3.2012 പ്രകാരം മെറ്റീരിയൽ വർക്കിനാവശ്യമായ സാധനങ്ങൾ സമാഹരിക്കുന്നതിന് പ്രൊക്യൂർമെന്റ് കമ്മറ്റി രൂപീകരിച്ച് പ്രൊക്യൂർമെന്റ് പ്ലാൻ തയ്യാറാക്കണം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. 3000000 രൂപ അടങ്കൽ നിശ്ചയിച്ചിട്ടുള്ളത് ഏതെല്ലാം പ്രവൃത്തികൾക്കാണെന്ന് രേഖപ്പെടുത്തിയിട്ടില്ല. ഓരോ പ്രവർത്തികൾക്കും ആവശ്യമായ മെറ്റിരീയലുകളുടെ അളവ് കണക്കാക്കിയതിന്റെ രേഖകൾ സൂക്ഷിച്ചിട്ടില്ല. 09.3.20 തീയതിയിലെ 2/1 തീരുമാന പ്രകാരം 'ഐറ്റം റേറ്റിൽ ടെണ്ടർ സമർപ്പിച്ചവരുടെ ടെണ്ടർ പരിശോധിച്ച് അംഗീകരിച്ചു' എന്നാണ് തീരുമാനം രേഖപ്പെടുത്തിയിട്ടുള്ളത്. 2.3.2020 തീയതിയിൽ ശ്രീ. ശിവൻ.എ എന്ന സപ്ലൈയർ നൽകിയ ടെണ്ടർ മാത്രമാണ് ഫയലിൽ ഉള്ളത്. ഫയലുകൾ പരിശോധിച്ചതിൽ സിംഗിൾ ടെണ്ടറാണ് ലഭ്യമായിട്ടുള്ളതെന്ന് വ്യക്തമാകുന്നു. മറ്റു ടെണ്ടറുകൾ ഉണ്ടെങ്കിൽ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടതിന് സിംഗിൾ ടെണ്ടറാണ് ലഭ്യമായതെന്ന് അറിയിച്ചു.

2) മെറ്റീരിയൽ പ്രവർത്തികളിൽ കോൺട്രാക്ടർമാർ GST യോടു കൂടിയ ബിൽ സമർപ്പിച്ചിരിക്കേണ്ടതാണ്. എന്നാൽ നടപ്പിലാക്കിയ പ്രവർത്തികളിൽ ഒന്നിലും മെറ്റീരിയലുകളുടെ ബിൽ സൂക്ഷിച്ചിട്ടില്ല.

പ്രവൃത്തികളുടെ വിശദാംശം താഴെ ചേർക്കുന്നു.

| വാർഡ് നം. | പ്രവൃത്തിയുടെ പേര് | എസ്റ്റിമേറ്റ് തുക | മെറ്റീരിയൽ കോസ്റ്റ് | FTO No. | കരാറു കാരൻ |
|---|---|---|---|---|---|
| 15 | എരുമൻകുളം റോഡ് കോൺക്രീറ്റ് | 500000 | 322367 | 520609/ 7.12.20 | ശിവൻ.എ |
| 17 | എരുമക്കാരനൂർ ഊര് റോഡ് കോൺക്രീറ്റ് | 450000 | 322611 | 411293/ 31.10.20 | ശിവൻ.എ |

3) CBEC (Central Board Of Excise And Customs) സർക്കുലർ നം 65/39/2018-DOR തീയ്യതി 14.9.2018 പ്രകാരം 1.10.2018 മുതൽക്ക് 250000 രൂപയ്ക്ക് മുകളിലുള്ള ടെൻണ്ടറുകളിൽ 2% TDS (1% CGST +1% SGST ) പിടിച്ച് അടവാക്കണം. CGST Act 2017 ലെ സെക്ഷൻ 51 പ്രകാരം ഉറവിടത്തിൽ നിന്ന് സർവീസ് ടാക്സ് ഈടാക്കണമെന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്.

ഇപ്രകാരം 250000 രൂപയ്ക്ക് മുകളിൽ ചെലവ് വന്നിട്ടുള്ള മേൽപ്പറഞ്ഞ പ്രവർത്തികളിൽ നിന്നും ഉറവിടത്തിൽ കുറവ് ചെയ്യേണ്ട TDS ഈടാക്കിയിട്ടില്ല.

ടി.ഡി.എസ് ഈടാക്കാത്ത സാഹചര്യത്തിൽ വിതരണക്കാരൻ കൈപ്പറ്റിയ തുകയ്ക്ക് ജി.എസ്.ടി ഒടുക്കിയെന്ന് ഉറപ്പാക്കുവാൻ സാധിക്കുകയില്ല. ആയതിനാൽ വിതരണക്കാരൻ കൈപ്പറ്റിയ തുകയ്ക്കുള്ള ജി.എസ്.ടി ഒടുക്കിയതിന്റെ രേഖകൾ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

4) സ.ഉ(കൈ)നം.93/2012/തസ്വഭവ, തീയതി 31.3.2012 പ്രകാരം പ്രവൃത്തി സ്ഥലത്ത് ലഭ്യമാക്കുന്ന മെറ്റീരിയലുകളുടെ വിവരം എം.ഐ.എസിൽ രേഖപ്പെടുത്തേണ്ടതും മെയ്റ്റ് സാധനസാമഗ്രികൾ കൈപ്പറ്റി അനുബന്ധം 6 പ്രകാരമുള്ള സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നുണ്ടെന്ന് എഞ്ചിനീയർ ഉറപ്പുവരുത്തേണ്ടതാണ്. എന്നാൽ മേൽപ്പറഞ്ഞ പ്രവർത്തികളിലൊന്നിലും ഇത്തരത്തിൽ മെറ്റീരിയൽ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.38/22.10.2021) ടി.ഡി.എസ് ഈടാക്കിയിട്ടില്ല എന്നും മെറ്റീരിയൽ സ്റ്റോക്ക് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-42 അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പിലാക്കിയ പദ്ധതികൾ

അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പിലാക്കിയ പദ്ധതികളിൽ 90 പ്രവൃത്തികൾക്ക് അംഗീകാരം ലഭ്യമാക്കിയെങ്കിലും 69 പ്രവൃത്തികളാണ് തൻവർഷം നടപ്പിലാക്കിയത്. ഇതിൽ പ്രവൃത്തികൾ 56 സ്പിൽ ഓവർ പ്രവൃത്തികളും പ്രവൃത്തികൾ 34 പുതിയ പ്രവൃത്തികളുമാണ്. ₹34609508 വകയിരുത്തിയതിൽ ₹23715155 ആണ് ചെലവഴിച്ചിട്ടുള്ളത്. 68.52% ആണ് തൻവർഷത്തെ ആകെ ചെലവ്. ₹10894353/- പദ്ധതികൾ നടപ്പിലാക്കാത്തതിനാൽ നഷ്ടമായിട്ടുണ്ട്.

മേഖല തിരിച്ചുള്ള ചെലവ് താഴെ കൊടുക്കുന്നു.

| ഫണ്ടിനം | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ലാപ്സായ തുക |
|---|---|---|---|
| പൊതുവിഭാഗം (സാധാരണ വിഹിതം) | 151200 | 146576 | 4624 |
| പൊതുവിഭാഗം (എസ്.സി.പി) | 1235235 | 858566 | 376669 |
| പൊതുവിഭാഗം (ടി.എസ്.പി) | 500000 | 433785 | 66215 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 11611850 | 8254360 | 3357490 |

| | | | |
|---|---|---|---|
| കേന്ദ്രാവിഷ്കൃത ഫണ്ട് | 1351099 | 372096 | 979003 |
| തനത് ഫണ്ട് | 250000 | 0 | 250000 |
| മെയി.ഫണ്ട്(റോഡ്) | 12813000 | 9428262 | 3384738 |
| മെയി.ഫണ്ട് (നോൺ-റോഡ്) | 6697124 | 4221510 | 2475614 |
| ആകെ | 34609508 | 23715155 | 10894353 |

മേൽ പ്രവൃത്തികളുടെ ഫയലുകളുടെ പരിശോധനയിന്മേലുള്ള നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

1. റോഡ് കണക്ടിവിറ്റി ഭൂപടവും പ്ലാനും തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

2. തദ്ദേശഭരണ സ്ഥാപനത്തിന്റെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ്, റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണെന്നും റോഡിതര മെയിന്റനൻസ് ഫണ്ട് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ പരിപാലനത്തിന് മുൻഗണന നൽകി വിനിയോഗിക്കുന്നതിനുള്ള പ്രൊജക്ടുകൾ തയ്യാറാക്കണമെന്നും പതിമൂന്നാം പദ്ധതി മാർഗ്ഗരേഖയിൽ നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല.

താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല.

- പ്രൊജക്ട് നം. 55/21 -മേനോൻപാറ പുതിയ അംഗൻവാടി നിർമ്മാണം
- പ്രൊജക്ട് നം. 64/21 -എഫ്.എച്ച്.സി. ലാബും ഇമ്മ്യൂണൈസേഷൻ ലാബും നവീകരണം
- പ്രൊജക്ട് നം. 69/21 – ആയുർവേദ ആശുപത്രിക്ക് ടോയ്‌ലറ്റ് നിർമ്മാണം
- പ്രൊജക്ട് നം. 78/21 -മേനോൻപാറ ഗവ. യു.പി. സ്കൂൾ നവീകരണം
- പ്രൊജക്ട് നം. 164/21 – വേലന്താവളം അംങ്കണവാടി മെയിന്റനൻസ്
- പ്രൊജക്ട് നം. 168/21 -വിവിധ സ്കൂളുകളിൽ ടോയ്‌ലറ്റ് നിർമ്മാണം

കൂടാതെ താഴെ പറയുന്ന സ്പിൽ ഓവർ പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല.

- പ്രൊജക്ട് നം. 156/21- കള്ളിയമ്പാറ ഹൃദയതങ്കമണി വീടിന് സമീപം ഡ്രൈനേജ് നിർമ്മാണം
- പ്രൊജക്ട് നം. 1159/21- പരിശക്കൽ എസ്.സി.കോളനി ടാറിംഗ് & കോൺക്രീറ്റ്

മേൽ പ്രൊജക്ടുകൾ ഏതു വർഷം എഗ്രിമെന്റ് വെച്ചതാണെന്നും തൻവർഷം നടപ്പിലാക്കാതിരുന്നതിന് കാരണവും മേൽ പദ്ധതികൾ നടപ്പിലാക്കാൻ സ്വീകരിച്ച നടപടികളും വിശദമാക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.

3. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

4. എഗ്രിമെന്റ് രജിസ്റ്ററിൽ പ്രവൃത്തി പൂർത്തീകരണ തിയതി ചേർക്കുന്നില്ല.

5. ടെണ്ടർ രജിസ്റ്ററിൽ ഭരണ സമിതി തീരുമാനം/തിയതി എഴുതുന്നില്ല.

6. കരാറുകാരൻ EMD,സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്നീ ഇനങ്ങൾക്കായി അസി.എഞ്ചിനീയർക്ക് പ്ലെഡ്ജ് ചെയ്ത് സമർപ്പിക്കുന്ന FD Receipts വർക്ക് ഫയലുകളിൽത്തന്നെ സൂക്ഷിച്ചിരിക്കുന്നു. ഇവയുടെ വിവരങ്ങൾ സെക്യൂരിറ്റി രജിസ്റ്ററിൽ ചേർത്ത് സേഫ് കസ്റ്റഡിയിൽ സൂക്ഷിക്കേണ്ടതാണ്.

7. ഇ-ടെണ്ടർ പ്രവൃത്തികളിൽ കരാറുകാരുടെ നിരക്കുകളുടെ താരതമ്യ പട്ടിക ഫയലിൽ സൂക്ഷിക്കുന്നില്ല.

8. പ്രവൃത്തി പൂർത്തീകരണം നീളുന്ന അവസരത്തിൽ സപ്ലിമെന്ററി എഗ്രിമെന്റ് ചമക്കുന്നില്ല.

<u>9. എ. പ്രോജക്ടുകളുടെ ആധിക്യം</u>

സ്പിൽഓവർ പ്രോജക്ടുകളുടേയും കുറഞ്ഞ അടങ്കലുള്ള പ്രോജക്ടുകളുടേയും ആധിക്യം തൻവർഷത്തെ ചെലവ് ശതമാനം കുറയുവാനും പല പ്രവൃത്തികളും അടുത്ത വർഷത്തേക്ക് സ്പിൽഓവർ ആകുവാനും ഇടയാക്കിയിട്ടുണ്ട്. തൻവർഷം അംഗീകാരം ലഭിച്ച 90 മരാമത്ത് പ്രവൃത്തികളിൽ 56 എണ്ണം (62%) സ്പിൽഓവർ പ്രോജക്ടുകളാണ്.

<u>ബി. മരാമത്ത് പ്രവൃത്തികളുടെ സ്വഭാവം</u>

റോഡ് കോൺക്രീറ്റിംഗിനും ടാറിംഗ് പദ്ധതികൾക്കുമാണ് തൻവർഷം മുൻഗണന നൽകിയിട്ടുള്ളത്. തൻവർഷം ഏറ്റെടുത്ത 90 മരാമത്ത് പ്രവൃത്തികളിൽ 37 എണ്ണം ടാറിംഗും എണ്ണം 14 റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികളുമാണ്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി നം. 6/12-10-2021(2019-20)ന് താഴെ പറയും പ്രകാരം മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എൻക്വയറി നം.27/20.10.21(2020-21)ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

"റോഡ് കണക്റ്റിവിറ്റി ഭൂപടവും പ്ലാനും തയ്യാറാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഒക്ടോബർ 15നു ശേഷം മാത്രമേ ആയതിന്റെ സോഫ്റ്റ്‌വെയർ പ്രാബല്യത്തിൽ വരികയുള്ളൂ. അതിനുശേഷം നടപടികൾ പൂർത്തീകരിക്കുന്നതാണ്. ആയതു സംബന്ധിച്ച് 7-10-2021 തിയതിയിൽ പഞ്ചായത്തിൽ കത്തു നൽകിയിട്ടുമുണ്ട്.

ഉദ്യോഗസ്ഥരുടെ അഭാവം നിമിത്തവും കോവിഡ് നിമിത്തവും പ്രവൃത്തികളുടെ നിർവഹണം നടത്താനോ പൂർത്തീകരിക്കാനോ സാധിച്ചില്ല എന്നും പല പ്രവൃത്തികളും നിർവഹണം നടത്താതെ ഉപേക്ഷിക്കേണ്ടതായി വന്നു എന്നും മതിയായ ഉദ്യോഗസ്ഥരില്ലാത്തതിനാൽ ഫയലുകളിലെ അപാകതകൾ പരിഹരിക്കാനും സാധിച്ചില്ല എന്നും വരുംദിനങ്ങളിൽ ആയത് പരിഹരിക്കാവുന്നതാണ്" എന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ആവശ്യകത വിലയിരുത്തി പദ്ധതികൾ ആവിഷ്കരിക്കുന്നതിനും ആവിഷ്കരിക്കുന്ന പദ്ധതികൾ അതാതു വർഷം തന്നെ നടപ്പിലാക്കുന്നതിനും റോഡ്, റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ആസ്തി സംരക്ഷണ പദ്ധതിയും റോഡ് കണക്റ്റിവിറ്റി പ്ലാനും തയ്യാറാക്കി തുടർ വർഷങ്ങളിൽ മരാമത്ത് പ്രവൃത്തികൾ കാര്യക്ഷമമായി നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-43 ടെണ്ടർ ഫോം വില തനതു ഫണ്ടിലേക്ക് മാറ്റാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

ടെണ്ടർ ഫോം വില ഇനത്തിൽ ലഭ്യമാവുന്ന തുകകൾ സൂക്ഷിക്കുന്നതിനു വേണ്ടി തുടങ്ങിയ അസിസ്റ്റന്റ് എഞ്ചിനീയറുടെ ബാങ്ക് പാസ് ബുക്ക് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. പാസ്ബുക്ക് പരിശോധയ്ക്ക് ഹാജരാക്കാനും ടി അക്കൌണ്ടിലെ ടെണ്ടർ ഫോം വില ഇനത്തിൽ ലഭ്യമായ തുകകളുടെ വിവരവും തുകകൾ ഗ്രാമപഞ്ചായത്തിന്റെ തനതു ഫണ്ട് അക്കൗണ്ടിലേക്ക് മാറ്റിയിട്ടുണ്ടോ എന്നുള്ള വിവരവും ലഭ്യമാക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി നം. 27/20.10.2021ന് ഇ-ടെണ്ടർ നടപടികൾക്കായി ഒരു പുതിയ അക്കൌണ്ട് അസിസ്റ്റന്റ് എഞ്ചിനീയറുടെ കാര്യാലയത്തിൽ തുടങ്ങിയെങ്കിലും ഡിജിറ്റൽ സിഗ്നേച്ചർ മാപ്പ് ചെയ്യാത്തതു മൂലം ടെണ്ടർ തുക വീണ്ടും ജില്ലാ പഞ്ചായത്ത് അക്കൌണ്ടിൽ തന്നെ പോയിട്ടുള്ളതാണെന്ന് അറിയിച്ചിട്ടുണ്ട്. നാളിതുവരെയായി പഞ്ചായത്തിൽ യാതൊരു രൂപയും ലഭ്യമായിട്ടില്ല എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വടകരപതി ഗ്രാമപഞ്ചായത്തിലെ ഇ-ടെണ്ടർ നടത്തിയ വകയിൽ ജില്ലാ പഞ്ചായത്തിന്റെ അക്കൌണ്ടിലേക്ക് പോയ നാളിതുവരെയുള്ള തുക തിരികെ വാങ്ങുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും ആയതു സംബന്ധിച്ച് ചിറ്റൂർ ബ്ലോക്ക് അസിസ്റ്റന്റ് എഞ്ചിനീയർക്കു കത്തു നൽകിയിട്ടുണ്ട് എന്നും അറിയിച്ചിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ച് വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

## 1-44 ശൊരപ്പാറ അങ്കണവാടി കെട്ടിട നിർമ്മാണം - പ്രവൃത്തി പൂർത്തീകരിക്കേണ്ടതാണ്

ശൊരപ്പാറ അങ്കണവാടി കെട്ടിട നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. കാലപഴക്കം കൊണ്ട് നിലവിലുള്ള അങ്കണവാടി പ്രവർത്തിക്കുവാൻ പറ്റാത്ത അവസ്ഥയിലായതിനാൽ നിലവിൽ കുട്ടികളെ തൊട്ടടുത്ത വീട്ടിലേക്ക് മാറ്റിയാണ് പ്രവർത്തിച്ചു കൊണ്ടിരിക്കുന്നത്. പ്രൊജക്റ്റിന്റെ വിശദ വിവരം താഴെ ചേർക്കുന്നു.

പ്രൊജക്റ്റ് നം. 167/21 – ശൊരപ്പാറ പുതിയ അങ്കണവാടി നിർമ്മാണം

അടങ്കൽ -₹1200000

ചെലവ് - ₹423600 ബിൽ നം. 33/14-10-19 (2019-20)

₹138261 - ബിൽ നം. 44/11-11-20 (2020-21)

അളവു പുസ്തകം 25/18-19, 39/18-19

PAC - ₹1006997.09

കരാറുകാരൻ - ശ്രീ. ദിനേഷ്.യു

നിർവഹണ ഉദ്യോഗസ്ഥൻ -അസിസ്റ്റന്റ് എഞ്ചിനീയർ

27-12-2018ൽ എഗ്രിമെന്റ് വെച്ച പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി ടി.എസ്. പ്രകാരം 6 മാസമാണ്. 2020-21 വർഷത്തിലും പ്രവൃത്തി പൂർത്തീകരണം ആയിട്ടില്ല. ഈ പ്രവൃത്തിയുടെ നിലവിലെ സ്ഥിതിയും കരാറുകാരന് ഫൈനൽ ബിൽ നൽകിയതിന്റെ വിവരങ്ങളും ലഭ്യമാക്കാനാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറി നം. 42/23-10-2021ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കേണ്ടതും കരാറുകാരനിൽ നിന്ന് നിയമാനുസൃത പിഴ ഈടാക്കേണ്ടതുമാണ്.

**1-45 ഒഴലപ്പതി PHC കെട്ടിടം മെയിന്റനൻസ് -ലേല നടപടികൾ സ്വീകരിക്കേണ്ടതാണ്**

ഒഴലപ്പതി PHC കെട്ടിടം മെയിന്റനൻസ് എന്ന പ്രവൃത്തിയിൽ നിലവിലുള്ള കെട്ടിടത്തിന്റെ മേൽക്കൂര മുഴുവൻ മാറ്റുകയും പൊളിഞ്ഞ വാതിലുകളും ജനലുകളും മാറ്റി പുതിയ വാതിലുകളും ജനലുകളും വയ്ക്കുന്നതിനുമാണ് തുക നൽകിയിരിക്കുന്നത്. എന്നാൽ പൊളിച്ച മാറ്റിയ ഇനങ്ങൾ വാല്യുവേഷൻ നടത്തി ലേല നടപടികൾ സ്വീകരിച്ചിട്ടില്ല. വിശദ വിവരം താഴെ കൊടുക്കുന്നു.

പ്രൊജക്റ്റ് നം. 102/21 – PHC കെട്ടിടം മെയിന്റനൻസ്

അടങ്കൽ - ₹ 1297000 -MG (NR)

ചെലവ് - ₹1050093 (ബിൽ നം. 10/17-4-20 494735, 38/17-8-20 -₹555358)

അളവു പുസ്തകം - 30/19-20

കരാറുകാരൻ - ശ്രീ.അയ്യാസ്വാമി.ജി

നിർവഹണ ഉദ്യോഗസ്ഥൻ -അസിസ്റ്റന്റ് എഞ്ചിനീയർ

ഈ പ്രവൃത്തിയിൽ എക്സ്ട്രാ ഇനം (1), (2), (3), (4), (5), (6), (7) എന്നിവ പ്രകാരം പൊളിച്ച മാറ്റിയ Serviceable Materials ഉപയോഗയോഗ്യമായവ സ്റ്റാക്ക ചെയ്യുന്നതിനും അല്ലാത്തവ നീക്കം ചെയ്യുന്നതിനുമാണ് തുക നൽകിയിരിക്കുന്നത്. വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | ഇനം | ചെയ്ത അളവ് | നിരക്ക്/ ₹ | തുക ₹ | മെഷർമെന്റ് ബുക്കിലെ രേഖപ്പെടുത്തൽ |
|---|---|---|---|---|---|
| 1 | E1 -Dismantling Ceiling Wood Planks Fitted To Common Rafter (10m2) | 94.635m2 | 18.465 | 1747.44 | Dismantled Wooden Planks And Pvc Sheet Is Kept In Hospital Premises |
| 2 | E2-Dismantled False Ceiling With Pvc Sheet And Aluminium Beeding Etc (10m2) | 72.87m2 | 11.932 | 869.96 | - Do - |
| 3 | 15.28.1<br>E3-Dismantling Gi Roofing Including Ridges, Hips, Velleys And Gutters Etc. And Stacking The Material Within 50mts. Lead Of | 75.68m2 | 83.99 | 6356.36 | Dismantled GI Sheet Is -----Do-------- |
| 4 | 15.31<br>E4-Dismantling Tiled Roofing With Battens, Boarding Etc. Complete Including Stacking Of Serviceable Material Within 50mts. Lead | 287.82m2 | 108.309 | 31173.37 | Dismantled Area – 287.82m2<br>Reroofing Area – 208.63m2<br>Balance Tiles – 79.19m2 Is Kept At<br>---Do---- |
| 5 | 15.14.1<br>E5-Dismantling Wood Work In Frames, Trusses, Purlins And | 3.8199m3 | 2414.28 | 9224.60 | The Dismantled Roof Sheet, |

| | | | | | |
|---|---|---|---|---|---|
| | Rafters Upto 10mts. Span And 5 Mts. Height Including Stacking The Material Within 50mts. Lead | | | | Timber, Steel Etc<br>----Do--- |
| 6 | 15.17.2<br>E6-Dismantling Steel Work In Single Sections Including Dismembering And Stacking Within 50mts. Lead In | 266Kg | 1.25Kg | 333.44 | Dismantled Roof Sheet, Timber, Steel Etc.<br>---Do---- |
| 7 | 15.12.1<br>E7-Dismantling Doors, Windows And Clerestory Windows (Steel Or Wood) Shutter Including Chowkhats, Architrane, Holdfasts Etc. Complete And Stacking Within 50mts. Lead | 28 Nos. | 198.226 | 5550.32 | Door-9 Nos.<br>Windows - 10 Nos.<br>Ventilator - 3 Nos.<br>Window Grill - 6 Nos<br>Total - 28 Nos. Kept For Reuse Purposes |

പൊളിച്ചുമാറ്റിയ ഇനങ്ങൾ എല്ലാം ഹോസ്പിറ്റൽ പരിസരത്ത് സൂക്ഷിച്ചിട്ടുണ്ട് എന്ന് മെഷർമെന്റ് ബുക്കിൽ നിർവഹണ ഉദ്യോഗസ്ഥൻ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ വാല്യുവേഷൻ നടത്തിയിട്ടില്ല. വാല്യുവേഷൻ നടത്തി ലേല നടപടികൾ സ്വീകരിക്കുന്നതിനായി ഇവ പഞ്ചായത്തിലേക്ക് കൈമാറേണ്ടതാണ്.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.42/23-10-2021ന് മറുപടി ലഭ്യമാക്കിയിട്ടില്ല. തുടർ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

**1-46 ടേക്ക് എ ബ്രേക്ക് കേന്ദ്രം -പ്രവൃത്തി പൂർത്തീകരിച്ച് പ്രവർത്തനക്ഷമമാക്കേണ്ടതാണ്**

പ്രൊജക്റ്റ് നം. 204/21- ടേക്ക് എ ബ്രേക്ക് വിശ്രമകേന്ദ്രം നിർമ്മിക്കൽ

നിർവഹണ ഉദ്യോഗസ്ഥൻ -അസിസ്റ്റന്റ് എഞ്ചിനീയർ

അടങ്കൽ - ₹.600000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

സ.ഉ(കൈ)നം.39/2020/ത.സ്വ.ഭ.വ., തിയതി, 20-2-2020, സ.ഉ(കൈ)നം.45/2020/ത.സ്വ.ഭ.വ., തിയതി 6-3-2020 എന്നിവ പ്രകാരം 'പൊതു ടോയ്‌ലറ്റുകളും വിശ്രമ കേന്ദ്രങ്ങളും 'പദ്ധതിയിലുൾപ്പെടുത്തി പൊതു ശുചിമുറികളുടെ നിർമ്മാണവും നവീകരണവും സംബന്ധിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. വൃത്തിയും ശുചിത്വവും സുരക്ഷിതത്വവുമുള്ള പൊതു ശുചി മുറികളും 'ടേക്ക് എ ബ്രേക്ക് 'വിശ്രമകേന്ദ്രങ്ങളും പ്രത്യേകിച്ച് സ്ത്രീകൾക്കും യാത്രക്കാർക്കും ഉപയോഗിക്കാൻ സാധിക്കുന്ന തരത്തിൽ ദേശീയ-സംസ്ഥാന പാതയോരങ്ങളിലും, പാതയോരങ്ങളിൽ സ്ഥിതി ചെയ്യുന്ന സർക്കാർ/പൊതു മേഖലാ സ്ഥാപനങ്ങളുടെ പരിസരങ്ങൾ, തദ്ദേശ സ്ഥാപനങ്ങളുടെ ഓഫീസ് പരിസരം, വാണിജ്യ കേന്ദ്രങ്ങൾ/ ബസ് സ്റ്റാന്റ്/ബസ് സ്റ്റോപ്പ് പരിസരങ്ങൾ എന്നിവിടങ്ങളിലായി നിർമ്മിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്.

സ.ഉ.(സാധാ) നം.1401/2020/തസ്വഭവ, തിയതി, 27-7-2020 പ്രകാരം 2020-21 വാർഷിക പദ്ധതിയിൽ പ്രത്യേക പരിഗണന നൽകേണ്ട പന്ത്രണ്ടിന പരിപാടിയിലുൾപ്പെടുത്തി മേൽ പദ്ധതി നടത്തിപ്പിന് അധിക മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. ഓരോ ഗ്രാമപഞ്ചായത്തിലും ഉയർന്ന നിലവാരമുള്ള രണ്ട് പൊതു ശുചിമുറി സമുച്ചയങ്ങൾ വീതം നിർമ്മിക്കുക (ഗ്രാമപഞ്ചായത്ത് ഓഫീസ് പരിസരത്ത് ഒന്നും, സംസ്ഥാന/ദേശീയ പാതയോരങ്ങൾ, വാണിജ്യ കേന്ദ്രങ്ങൾക്ക് സമീപം, ബസ് സ്റ്റോപ്പ്/ബസ് സ്റ്റാന്റ് എന്നിവിടങ്ങളിൽ ഒന്നും), സ്ഥലമുള്ളയിടങ്ങളിൽ ശുചിമുറി സമുച്ചയങ്ങൾക്കൊപ്പം കോഫീഷോപ്പ്/ റിഫ്രെഷ്മെന്റ് സെന്ററുകൾ കൂടി സ്ഥാപിച്ച് പ്രവർത്തിപ്പിക്കാവുന്നതാണ് എന്നതാണ് പദ്ധതിയുടെ സമഗ്ര ലക്ഷ്യം. നിലവിലുള്ള പൊതു ശുചിമുറികളിൽ ഉപയോഗ ശൂന്യമായിട്ടുള്ളതോ പുനർ നിർമ്മാണം ആവശ്യമായിട്ടുള്ളതോ ആയ

ശുചിമുറികളുടെ നവീകരണം ഏറ്റെടുത്ത് പൂർത്തീകരിക്കുക എന്നതിനാണ് പ്രഥമ പരിഗണന. നിശ്ചിത സ്ഥലങ്ങളിൽ നിലവിൽ പൊതുശുചിമുറികൾ ഇല്ലാത്തയിടങ്ങളിൽ മാത്രം പുതിയ ശുചിമുറികളുടെ നിർമ്മാണം ഏറ്റെടുക്കേണ്ടതാണ്.

മേൽ ഉത്തരവു പ്രകാരം ശുചിമുറികൾ പുതുക്കി പണിയേണ്ട പദ്ധതികൾ 2020 ഒക്ടോബർ 2ന് മുമ്പ് പൂർത്തിയാക്കണം. പുതിയ നിർമ്മാണം ഏറ്റെടുക്കുന്നിടത്തെല്ലാം, 2020 ഡിസംബർ 31-നകം നിർമ്മാണം പൂർത്തിയാക്കണം. എന്നാൽ പദ്ധതി 2020-21 സാമ്പത്തിക വർഷത്തിൽ നടപ്പിലായിട്ടില്ല. പദ്ധതി നടപ്പിലാവാതിരുന്നതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി നം. 36/22.10.2021ന് ടേക്ക് എ ബ്രേക്ക് വിശ്രമകേന്ദ്രം നിർമ്മിക്കൽ എന്ന പ്രവൃത്തിക്ക് അംഗീകാരം വാങ്ങിയെങ്കിലും നാളിതുവരെയായി സ്ഥലം അളന്നു തിട്ടപ്പെടുത്തി തന്നിട്ടില്ല, 22.10.2021ൽ നടന്ന സ്റ്റിയറിംഗ് കമ്മിറ്റിയിൽ ഇത് സംബന്ധിച്ച് ആവശ്യം ഉന്നയിച്ചിരുന്നു, സ്ഥല ലഭ്യത കിട്ടിയാലുടൻ തന്നെ ടേക്ക് എ ബ്രേക്കിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി വാങ്ങി ടെണ്ടർ, കരാർ, നിർവഹണ നടപടികൾ ആരംഭിക്കാവുന്നതാണ് എന്ന് നിർവഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ടേക്ക് എ ബ്രേക്ക് പദ്ധതിയുടെ ഭാഗമായി ഒരു പുനരുദ്ധാരണ പ്രവൃത്തിയും ഒരു പുതിയ നിർമ്മാണവുമാണ് നടപ്പിലാക്കാൻ ഉദ്ദേശിച്ചത്. എന്നാൽ പുനരുദ്ധാരണം 2020-21 വർഷം തന്നെ പൂർത്തിയാക്കുകയും പുതിയ പ്രവൃത്തി MGNREGSനെ കൊണ്ട് പൂർത്തിയാക്കുന്നതിനും ആയതിന് പ്രാഥമിക അംഗീകാരം ലഭിക്കുകയും ചെയ്തു. എന്നാൽ MGNREGS ടി പ്രവൃത്തി ചെയ്യാൻ സാധിക്കില്ല എന്ന് പറഞ്ഞു ബ്ലോക്കിൽ നിന്നും Reject ചെയ്തു. വീണ്ടും പദ്ധതിക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. വടകരപ്പതി വെറ്ററിനറി ആശുപത്രി കോമ്പൌണ്ടിലുള്ള PWD റോഡിന് അരികിലുള്ള ഗ്രാമപഞ്ചായത്തിന്റെ സ്ഥലം അളന്ന് തിട്ടപ്പെടുത്തുന്നതിലേക്ക് വില്ലേജ് ഓഫീസർക്ക് കത്ത് നൽകുകയും 2021-22 വർഷം തന്നെ തുടർ നടപടി സ്വീകരിക്കുന്നതാണെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ശുചിമുറി സമുച്ചയങ്ങളുടെ തലം (അടിസ്ഥാനതലം, സ്റ്റാന്റേർഡ് തലം, മീഡിയം തലം), അടിസ്ഥാന സൌകര്യങ്ങൾ എന്നിവ നിശ്ചയിച്ചതിന്റെ വിവരം, ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെയും പരിധിയിലുള്ള കുടുംബശ്രീ മിഷൻ (സംരംഭ) യൂണിറ്റുകൾക്കാണ് നടത്തിപ്പ്/പരിപാലന ചുമതല നൽകേണ്ടത്. അതുപ്രകാരം ഗ്രാമപഞ്ചായത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാൻ ആവശ്യപ്പെട്ടുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും കുടുംബശ്രീ സംരംഭക ഗ്രൂപ്പുകളും തമ്മിൽ ശുചി മുറികളുടെ നടത്തിപ്പ്/പരിപാലനത്തിന് കരാറിൽ ഏർപ്പെടേണ്ടതാണ്.

ഓഡിറ്റ് നിർദ്ദേശം

- പ്രവൃത്തി പൂർത്തീകരണ വിവരം അറിയിക്കേണ്ടതാണ്.
- സ.ഉ.(സാധാ) നം.1401/2020/തസ്വഭവ, തിയതി, 27-7-2020 -ൽ നിർദ്ദേശിച്ച പ്രകാരം ശുചിമുറി സമുച്ചയങ്ങളുടെ തലം, അടിസ്ഥാന സൌകര്യങ്ങൾ എന്നിവ നിശ്ചയിച്ച പ്രകാരം തുടർ നടത്തിപ്പ് സാധ്യമാക്കേണ്ടതും പരിപാലന ചുമതല നൽകേണ്ടതുമാണ്.

ഉത്തരവിലെ നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കി തുടർനടപടി വിവരങ്ങൾ രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## <u>1-47 എഗ്രിമെന്റ് ചമയ്ക്കുവാൻ വൈകിയതിന് പിഴ ഈടാക്കിയില്ല</u>

കേരള പൊതുമരാമത്ത് മാന്വലിലെ വകുപ്പ് 2009.6 പ്രകാരം ടെണ്ടർ അംഗീകരിച്ചതിനു ശേഷം 7 ദിവസത്തിനകമോ ഫേം പിരീഡിനകമോ (ഏതാണോ കുറവെങ്കിൽ അത്) ടെണ്ടർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് കരാറുകാരന് നൽകേണ്ടതാണ്. ടെണ്ടർ അംഗീകരിച്ച തിയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കുവാൻ നോട്ടീസിൽ വ്യക്തമാക്കേണ്ടതും 14 ദിവസം മുതൽ 10 ദിവസത്തിനകം കരാറുടമ്പടി വെച്ചില്ലെങ്കിൽ കരാർ തുകയുടെ 1% പിഴ ഈടാക്കേണ്ടതുമാണ്. പിഴയുടെ പരിധി കുറഞ്ഞത് 1000 രൂപയും കൂടിയത് 25000 രൂപയുമായി നിജപ്പെടുത്തിയിട്ടുണ്ട്. 24 ദിവസത്തിനുള്ളിൽ കരാറുടമ്പടി വെക്കാത്തപക്ഷം കരാർ റദ്ദാക്കേണ്ടതും ഇ.എം.ഡി മുതൽക്കൂട്ടി കരാർ നിബന്ധനകൾക്കനുസരിച്ചുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രവൃത്തിയുടെ കരാറുകാരൻ എഗ്രിമെന്റ് ഒപ്പുവെക്കുവാൻ കാലതാമസം വരുത്തിയതിന് മാന്വലിലെ നിബന്ധന പ്രകാരമുള്ള പിഴ ഈടാക്കിയിട്ടില്ലെന്ന്

കണ്ടെത്തി.

| ക്രമ നം. | പ്രവൃത്തിയുടെ വിവരം | സെലക്ഷൻ നോട്ടീസ് തിയതി | പിഴ കൂടാതെ എഗ്രിമെന്റ് വെക്കേണ്ട അവസാന തിയതി | എഗ്രിമെന്റ് വെച്ച തിയതി, നം. | ഈടാക്കേണ്ടിയിരുന്ന പിഴ (1%) |
|---|---|---|---|---|---|
| 1 | 135/21 -മാലിന്യ റിക്കവറി ഫെസിലിറ്റി സെന്റർ സ്ഥാപിക്കൽ<br>അടങ്കൽ - 1200000- കേന്ദ്രാവിഷ്കൃത ഫണ്ട്<br>APAC- 1087243.95<br>കരാറുകാരൻ - ശ്രീ.അയ്യാസ്വാമി<br>എഗ്രിമെന്റ് നം.: 36/28-1-2019<br>ഭരണ സമിതി തീരുമാനം : 5-12-2018 (3) | --- | 18-12-2018 | 28-1-2019 | 10872 |
| 2 | 102/21 -ഒഴലപ്പതി പി.എച്ച്.സി. കെട്ടിടം മെയിന്റനൻസ്<br>അടങ്കൽ - 1297000-MG(NR)<br>APAC- 1050559.07<br>കരാറുകാരൻ - ശ്രീ.അയ്യാസ്വാമി<br>എഗ്രിമെന്റ് നം.: 34/27-12-2018<br>ഭരണ സമിതി തീരുമാനം : 5-12-2018 (3) | --- | 18-12-2018 | 27-12-2018 | 10506 |
| ആകെ ഈടാക്കേണ്ട പിഴ | | | | | 21378 |

മേൽ പ്രവൃത്തികളിൽ 27-8-2019ന് അസിസ്റ്റന്റ് എഞ്ചിനീയർ കരാറുകാരന് അയച്ച കത്തിൽ മേൽ പ്രവൃത്തികളുടെ എഗ്രിമെന്റ് സമയ പരിധിക്കുള്ളിൽ വയ്ക്കുന്നതിൽ കരാറുകാരൻ കാലതാമസം വരുത്തി എന്നും അതിനാൽ പിഴ 1% എഗ്രീഡ് പി.എ.സി. കരാറുകാരനിൽ നിന്നും ഈടാക്കി ഫൈൻസ് ആന്റ് പെനാൽട്ടീസ് എന്ന ഹെഡിൽ അടവാക്കേണ്ടതാണ് എന്നും അറിയിച്ചിട്ടുണ്ട്. കൂടാതെ ക്രമ നം. (2) -ൽ എഗ്രിമെന്റ് തിയതി 34/27.12.2018 എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളതെങ്കിലും കരാർ ചമച്ച സ്റ്റാമ്പ് പേപ്പറിൽ തിയതി 28.1.2019 എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 44/23.10.21 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

തുക ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**1-48 പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച് നൽകിയപ്പോൾ കരാറുകാരനിൽ നിന്നും പിഴ ഈടാക്കിയില്ല/കുറവായി ഈടാക്കി**

2012 ലെ കേരള PWD മാന്വലിലെ സെക്ഷൻ 2112 പ്രകാരം അസ്സൽ കാലാവധിയുടെ 25 ശതമാനമോ ആറ് മാസമോ ഏതാണോ കുറവ് അതുവരെ രണ്ട് തവണകളായി പ്രവൃത്തിയുടെ കാലാവധി ദീർഘിപ്പിച്ചു നൽകാവുന്നതാണ്. അസ്സൽ കാലാവധിയുടെ 50 ശതമാനത്തിൽ കൂടുതൽ കാലാവധി ദീർഘിപ്പിച്ചു നൽകാവുന്നതല്ല. ഖണ്ഡിക 2112.1 ൽ കരാറുകാരന്റേതായ കാരണങ്ങളാൽ കരാർ കാലാവധി ദീർഘിപ്പിച്ചു നൽകുമ്പോൾ നിശ്ചിത തുക പിഴയായി ഈടാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആദ്യ തവണ ദീർഘിപ്പിക്കുന്നതിന് പി.എ.സിയുടെ 1% തുകയും (കുറഞ്ഞത് 1000 രൂപ, കൂടിയത് 50000 രൂപ) ആദ്യത്തെ ദീർഘിപ്പിക്കലിനു ശേഷവും ദീർഘിപ്പിക്കുന്നതിന് പി.എ.സിയുടെ 2% തുകയും (കുറഞ്ഞത് 2000 രൂപ, കൂടിയത് 100000 രൂപ) പിഴയായി ഈടാക്കേണ്ടതാണ്.

കരാർ കാലാവധി തീരുന്നതിനു മുമ്പ്, കരാറുകാരൻ കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ നൽകേണ്ടതാണ്. താഴെ പറയുന്ന പ്രവൃത്തികളിൽ കരാറുകാർക്ക് പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകിയപ്പോൾ പിഴ ഈടാക്കിയിട്ടില്ല/ ചില പ്രവൃത്തികളിൽ ഈടാക്കിയത് കുറവായിട്ടാണ്.

| ക്രമ നം. | പ്രവൃത്തിയുടെ വിവരം | പ്രവൃത്തി പൂർത്തീകരിക്കേണ്ടിയിരുന്ന തിയതി | പൂർത്തീകരിച്ച തിയതി | ഈടാക്കിയ പിഴ | ഈടാക്കേണ്ടിയിരുന്നത് | കുറവ് |
|---|---|---|---|---|---|---|
| 1 | 101/21 -കിണർപള്ളം പുതിയ അംഗൻവാടി നിർമ്മാണം<br>അടങ്കൽ - 1000000-വികസന ഫണ്ട് (സി.എഫ്.സി)<br>PAC- 970694<br>APAC- 890689.85<br>കരാറുകാരൻ - ശ്രീ.ശിവൻ<br>എഗ്രിമെന്റ് നം.:32/27-12-18<br>അളവു പുസ്തകം - 243, 38<br>ചെലവ് - 389692 (2019-20)<br>(ബിൽ നം.35/17-10-2019)<br>361343 (2020-21)<br>(ബിൽ നം. 54/27-11-2020)<br>157487 (2020-21)<br>(ബിൽ നം. 31/14-5-2020)<br>പൂർത്തീകരണ കാലാവധി - 6 മാസം | 26-6-2019 | 22-10-2020 | 9086 | 29121 (3%) | 20035 |
| 2 | 165/21-വിവിധ പൊതുസ്ഥലങ്ങളിൽ ടോയ്ലറ്റ് പുനരുദ്ധാരണം<br>അടങ്കൽ - 500000 [വികസന ഫണ്ട്(സി.എഫ്.സി)]<br>PAC- 489744.20<br>APAC- 470889.05<br>കരാറുകാരൻ -<br>ശ്രീ.ബാബു.സി.<br>എഗ്രിമെന്റ് നം.: 43/26-3-2018<br>അളവു പുസ്തകം - 244/18-19, 7/19-20<br>ചെലവ് - 34783 (2019-20)<br>(ബിൽ നം. 6/27-4-2019)<br>331178 (2020-21)<br>(ബിൽ നം. 50/13-11-2020)<br>പൂർത്തീകരണ കാലാവധി - 6 മാസം | 25-9-2018 | 25-6-2020 | 3360 (348 +3312) | 14692 (3%) | 11332 |

| | | | | | | |
|---|---|---|---|---|---|---|
| 3 | 100/21-കോഴിപ്പാറ സന്ധ്യാഗു അപ്പർ റോഡ് സൈഡ് ഐറിഷ് ഡ്രൈനേജ് നിർമ്മാണം<br>അടങ്കൽ - 200000- MG(R)<br>PAC- 198725<br>കരാറുകാരൻ - ശ്രീ. ശിവൻ<br>എഗ്രിമെന്റ് നം.:9/2-11-2018<br>അളവ് പുസ്തകം - 116/18-19, 236/18-19<br>ചെലവ് - 198725<br>(ബിൽ നം.8/17-11-2020)<br>പൂർത്തീകരണ കാലാവധി - 6 മാസം | 1-5-2019 | 30-1-2020 | 1988 | 5962<br>(3%) | 3974 |
| | ആകെ ഈടാക്കേണ്ട തുക | | | | | 35341 |

തുക കുറവായി ഈടാക്കിയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 42/23-10-2021ന് മറുപടി ലഭ്യമാക്കിയില്ല. കുറവായി ഈടാക്കിയ തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

**1-49 വികസനഫണ്ടിലെ ചെലവ് - ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല**

വെറ്ററിനറി സർജൻ നിർവഹണ ഉദ്യോഗസ്ഥനായി 2019-20-ൽ അംഗീകാരം ലഭിച്ച വനിതകൾക്ക് കറവപ്പശു വിതരണം പദ്ധതിയ്ക്കായി (പ്രോജക്ട് നം.2/19-20), മാർച്ച് മാസത്തിലെ ട്രഷറിയിൽ സമർപ്പിച്ച ബില്ലുകൾ ക്യൂ ബിൽ ആയതിനാൽ ഭാഗികമായി മാത്രമേ നടപ്പിലാക്കിയിട്ടുള്ളൂ. ഈ പദ്ധതി 20-21- ൽ പൂർത്തീകരിക്കുകയും ബിൽ ബുക്ക് പ്രകാരം 325000രൂപ (ബിൽ നം. 1/20-21/20.05.20-100000, 2/20-21/20.05.20-125000, 3/20-21/20.05.20-150000) വികസന ഫണ്ട് (പൊതുവിഭാഗം)-ൽ നിന്നും ചെലവ് നടത്തുകയും ചെയ്തിട്ടുണ്ട്. വികസനഫണ്ട് (പൊതുവിഭാഗം) അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പരിശോധിച്ചതിൽ പ്രോജക്ട് നം.106 ആയി ചെലവ് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഈ ചെലവ് സുലേഖയിൽ നിന്നുമുള്ള ചെലവുപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. ഈ വിഷയത്തിൽ ഓഡിറ്റ് അന്വേഷണം ( നം. 22/16.10.21) നൽകിയതിന് മറുപടി ലഭ്യമാക്കിയില്ല.

13-ാം പദ്ധതി മാർഗ്ഗരേഖ സ.ഉ (കൈ) നം. 11/2018/തസ്വഭവ തീയതി 29.01.2018 ഖണ്ഡിക നം. 10.1(4) പ്രകാരം നിർബന്ധമായും തുടരേണ്ടതുണ്ടെന്ന് കണ്ടെത്തുന്ന പ്രൊജക്ടുകളിൽ ഭേദഗതിയില്ലാത്തവ തദ്ദേശസ്വയംഭരണസ്ഥാപന തീരുമാനപ്രകാരം എപ്രിൽ 1 മുതൽ തുടർന്ന് നടപ്പാക്കാവുന്നതാണ്. ഇവയുടെ നിർവഹണം തുടരുന്നതിന് വെറ്റിംഗ് ഓഫീസറുടെയോ ജില്ലാ ആസൂത്രണ സമിതിയുടെയോ അംഗീകാരം ആവശ്യമില്ല. എന്നാൽ ഇത്തരത്തിൽ നിർവഹണം തുടരുന്ന എല്ലാ സ്പിൽ ഓവർ പ്രൊജക്ടുകളും നിശ്ചിത ഫോറത്തിൽ സുലേഖ സോഫ്റ്റ് വെയർ ഉപയോഗിച്ച് തയ്യാറാക്കി വാർഷിക പദ്ധതിയുടെ ഭാഗമാക്കേണ്ടതാണ്. ഭാവിയിൽ ഇപ്രകാരം പദ്ധതി നടപ്പിലാക്കുമ്പോൾ മാർഗ്ഗരേഖപ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിക്കേണ്ടതും മേൽപ്പറഞ്ഞ അപാകതയ്ക്ക് മറുപടി ലഭ്യമാക്കേണ്ടതുമാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | ഓഡിറ്റ് സർട്ടിഫിക്കറ്റ് |
|---|---|---|
| 2020-21 | 4-10-2021 മുതൽ 22-10-2021 വരെ | ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം -1ആയി ചേർത്തിട്ടുണ്ട്. |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 650000 | ലൈഫ് മിഷൻ പട്ടികജാതി വിഭാഗം | 0 | 650000 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 5708 | പാലിയേറ്റീവ് കെയർ | 0 | 5708 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 173000 | ലൈഫ് മിഷൻ (ജനറൽ) | 0 | 173000 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 45539 | പാലിയേറ്റീവ് കെയർ | 0 | 45539 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 310317 | 114/21-പാൽ സബ്സിഡി | 310317 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 149284 | 7/21-പാലിയേറ്റീവ് കെയർ | 149284 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 405840 | 107/21-നെൽകൃഷിക്ക് പ്രാരംഭ ചെലവിന് ഉഴവുകൂലി | 405840 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 303264 | 197/21-സമഗ്ര നെൽകൃഷി വികസനം | 303264 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 1610000 | 52/21-ലൈഫ് മിഷൻ (ജനറൽ) | 1610000 | 0 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 3426473* | ലഭ്യമല്ല | 0 | 3426473 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 28214 | ലൈഫ് മിഷൻ (ജനറൽ) | 0 | 28214 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 670005 | ലൈഫ് മിഷൻ പട്ടികജാതി വിഭാഗം | 0 | 670005 |
| ജില്ലാ | 2018- | 236340 | 182/20- | 0 | 236340 |

| | | | | | |
|---|---|---|---|---|---|
| പഞ്ചായത്ത് | 19 | | ലൈഫ് മിഷൻ പട്ടികവർഗ്ഗ വിഭാഗം | | |
| ജില്ലാ പഞ്ചായത്ത് | 2020-21 | 200000 | ലൈഫ് ഭവന പദ്ധതി | 0 | 200000 |
| ജില്ലാ പഞ്ചായത്ത്'S | 2020-21 | 500000 | 114/21-പാൽ സബ്സിഡി | 500000 | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 393600 | 107/21-നെൽകൃഷിക്ക് പ്രാരംഭ ചെലവിന് ഉഴവുകൂലി | 393600 | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 1960000 | 52/21-ലൈഫ് മിഷൻ (ജനറൽ) | 1960000 | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 303264 | 197/21-സമഗ്ര നെൽകൃഷി വികസനം | 303264 | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 320000 | 53/21-ലൈഫ് മിഷൻ (എസ്.സി.പി) | 320000 | 0 |

* 2019-20 വർഷം 320700105 എന്ന ഹെഡിൽ വരവ് വന്ന ₹3426473 Capital Expenditure ഇനത്തിലാണ് തുക വരവിലെടുത്തിട്ടുള്ളത്. 2020-21 വർഷം ഈ തുക Revenue Expenditure എന്ന ഹെഡിലേക്ക് മാറ്റിയിട്ടുണ്ട്. തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറി നം. 1/6-10-2021ന് സംയുക്ത പ്രൊജക്ടുകളുടെ ട്രഷറി അക്കൌണ്ട് ക്ലോസ് ചെയ്യുവാൻ സർക്കാരിൽ നിന്നും നിർദ്ദേശം വന്നതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തിന്റെ LGTSB അക്കൌണ്ടിലേക്ക് മാറ്റിയിട്ട് ക്ലോസ് ചെയ്തു എന്നും അതിനുശേഷം വന്നിട്ടുള്ള ജില്ലാപഞ്ചായത്ത് ചെലവുകൾ മേൽപറഞ്ഞ ഹെഡിൽ വരാത്തതാണ് ബാലൻസായി അവശേഷിക്കുന്നത് എന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എന്ത് ആവശ്യത്തിന് ലഭിച്ച തുകയാണ് എന്നും ചെലവ് സംബന്ധിച്ച വിവരത്തിനും മറുപടി ലഭ്യമാക്കിയില്ല.

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | നിർവഹണ ഏജൻസി | പ്രൊജക്ട് നം. | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| 1 | കേരള വാട്ടർ അതോറിറ്റി, മലമ്പുഴ | 126/21 | വിവിധ വാർഡുകളിൽ വാട്ടർ അതോറിറ്റിയുടെ പൈപ്പ് ലൈൻ നീട്ടൽ (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | 45/4.3.21 -1990000/- 47/4.3.21-370000/- 46/4.3.21-3126458/- | 5486458 | - | 5486458 |
| 2 | ജില്ലാ പഞ്ചായത്ത്, പാലക്കാട് | 126/21 | പാലക്കുഴി ജല വൈദ്യുത പ്രൊജക്ടിന് | 2/28.4.20 | 200000 | | 200000 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | തുക നൽകൽ | | | | |

**4-4 മൊബിലൈസേഷൻ അഡ്വാൻസ്**

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി തുകയൊന്നും നൽകിയിട്ടില്ല.

**4-5 വായ്പ/വായ്പാ തിരിച്ചടവ്**

ഓഡിറ്റ് വർഷത്തിൽ പഞ്ചായത്തിന് വായ്പയിനത്തിൽ 6560000 രൂപ വരവുണ്ട്.

മുൻ വർഷങ്ങളിൽ എടുത്ത വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ / തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഹഡ്കോ ലോൺ - ലൈഫ് പദ്ധതി | 2018-19 | 6560000 | 58322941 | 4432275 | . | 60450666 |

വായ്പയുടെ വിവരം രേഖപ്പെടുത്തുന്നതിന് വായ്പ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആയത് തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

**4-6 സ്ഥിര നിക്ഷേപം**

ഒന്നുമില്ല.

**4-7 ഓഡിറ്റ് റിക്കവറി**

ഓഡിറ്റ് റിക്കവറി ഇനത്തിൽ തൻവർഷം വരവില്ല.

**4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്**

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2007-08 | 3-2 | 2009-10 | 3.7.4.1 | റഗുലേറ്റഡ് മാർക്കറ്റ്- പദ്ധതി ഭൗതിക ലക്ഷ്യം കൈവരിച്ചില്ല | സമിതി വിഷയം പരിഗണിച്ചിട്ടില്ല. |

**4-9 ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം**

**(എ)ചാർജ്ജ് നടപടി വഴി ഈടാക്കിയ തുക**

ഒന്നുമില്ല.

**(ബി)സർചാർജ്ജ് നടപടി വഴി ഈടാക്കിയ തുക**

ഒന്നുമില്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | ₹103661331/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | ₹104980035/- |
| വരവിനങ്ങളിലുള്ള നഷ്ടം | : | ----- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ---- |
| പിഴയിനത്തിൽ തനത് ഫണ്ടിലേക്ക് തിരിച്ചടക്കേണ്ട തുക | | ₹56719/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | ---- |

**(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

**ഒന്നുമില്ല**

**പിഴയിനത്തിൽ തനത് ഫണ്ടിലേക്ക് അടവാക്കേണ്ട തുകയുടെ വിവരം (ഭാഗം 1 ലെ ഖണ്ഡികകൾ പ്രകാരം)**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-47 | 21378 | ശ്രീമതി.ഷിപി.എസ്. അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-48 | 35341 | ശ്രീമതി.ആർ.സരസ്വതി അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | 56719 | |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

ഒന്നുമില്ല.

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | തുക |
|---|---|
| ഒന്നുമില്ല | |

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

------

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.ഷിപി.എസ്. അസിസ്റ്റന്റ് എഞ്ചിനീയർ | ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ്, ചിറ്റൂർ, പാലക്കാട് | ലിഷി, വണിയാർസ്ട്രീറ്റ്, ചിറ്റൂർ,പാലക്കാട് - 678 101 |
| ശ്രീമതി.ആർ.സരസ്വതി അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, ചിറ്റാർ ഗ്രാമപഞ്ചായത്ത്, പത്തനംതിട്ട | നാരായണമന്ദിരം, പൂതംകര, എളമണ്ണൂർ പി.ഒ., പത്തനംതിട്ട - 691 524 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | എൽ.എഫ്.പി8/676/98/ | 10 |

| | | |
|---|---|---|
| | 19.3.1999 | |
| 1997-98 | എൽ.എഫ്.പി8/921/98/21.11.2005 | 27 |
| 1998-99 | എൽ.എഫ്.പി12/839/2001/5.9.2001 | 9 |
| 1999-00 | എൽ.എഫ്.പി12/533/2001/21.2.2009 | 9 |
| 2000-01 (പദ്ധതിഒഴികെ) | എൽ.എഫ്.പി11.544/2010/20.9.2010 | 0 |
| 2001-02 (പദ്ധതിഒഴികെ) | എൽ.എഫ്.പി11/544/2010/4.4.12 | 2 |
| 2000-01 & 2001-02 (പദ്ധതി) | എൽ.എഫ്.പി11/475/2009/6.6.2009 | 5 |
| 2002-03 (വരവ്) | എൽ.എഫ്.പി11/544/2010/20.9.10 | 0 |
| 2002-03 (ചെലവ്) | എൽ.എഫ്.പി11/450/2007/5.4.2008 | 6 |
| 2003-04 (വരവ്) | എൽ.എഫ്.പി11/544/2010/20.9.2010 | 0 |
| 2003-04 (ചെലവ്) | എൽ.എഫ്.പി11/451/2007/5.4.2008 | 7 |
| 2004-05 (വരവ്) | എൽ.എഫ്.പി.11/544/2010(3)/20.9.2010 | 1 |
| 2004-05 (ചെലവ്) | എൽ.എഫ്.പി.11/452/2007/5.4.2008 | 11 |
| 2005-06 | എൽ.എഫ്.പി.11/978/11/16.6.2012 | 6 |
| 2006-07 | എൽ.എഫ്.പി.11/1007/ 12(2)/10.3.2014 | 7 |
| 2007-08 | എൽ.എഫ്.പി11/977/2012/6.6.12 | 9 |
| 2008-09, 2009-10 & 2010-11 | എൽ.എഫ്.പി11/2186/2012/10.3.14 | 16 |
| 2011-12 | കെ.എസ്.എ.പി.കെ.ഡി.11/1865/17/18.1.18 | 11 |
| 2012-13 | കെ.എസ്.എ.പി.കെ.ഡി.11/ 539/2018/21.3.18 | 17 |
| 2013-14 To 2014-15 | കെ.എസ്.എ.പി.കെ.ഡി.11/ 1273/2018/30.8.2018 | 26 |
| 2015-16 | കെ.എസ്.എ.പി.കെ.ഡി.11/ 961/2018/7.6.18 | 10 |
| 2016-17 | കെ.എസ്.എ.പി.കെ.ഡി.11/ 960/18/7.6.18 | 21 |
| 2017-18 | കെ.എസ്.എ.പി.കെ.ഡി.11/ 2391/18/5.2.19 | 22 |
| 2018-19 | കെ.എസ്.എ-പികെഡി-11- 1225/2019/31.10.2019 | 24 |
| 2019-20 | കെ എസ് എ പി കെ ഡി – 11/1424/2021/27.11.2021 | 18 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ(ഹയർ ഗ്രേഡ്)

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പാലക്കാട് ജില്ലയിലെ വടകരപതി ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**<u>അനുബന്ധം-2</u>**

**<u>ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം</u>**

പാലക്കാട് ജില്ലയിലെ വടകരപതി ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**അനുബന്ധം-3**

**വാർഷിക കണക്ക് -വിവിധ പത്രികകൾ**

| Vadakarapathy Grama Panchayat RECEIPT & PAYMENT STATEMENT | | | |
|---|---|---|---|
| For the period from 01-April-2020 to 31-March-2021 | | | |
| Code.No | Description of Items | Schedule No | Amount |
| | **RECEIPTS** | | |
| | **Opening Balance** | | |
| Bank | Bank | RP-40(a) | 17337830.00 |
| Cash | Cash | RP-40(a) | 0.0 |
| | **Operating** | | |
| 110000000 | Tax Revenue | RP-1 | 929580.00 |
| 140000000 | Fees & User Charges | RP-4 | 526351.00 |
| 150000000 | Sale & Hire Charges | RP-5 | 254201.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 78766237.00 |
| 171000000 | Interest Earned | RP-9 | 157021.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 8907894.00 |
| 350000000 | Other Liabilities | RP-36 | 323786.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 303580.00 |
| | **Non Operating** | | |
| 180000000 | Other Income | RP-10 | 3200.00 |
| 330000000 | Secured Loans | RP-32 | 6560000.00 |
| 340000000 | Deposits Received | RP-34 | 274964.00 |
| 350000000 | Other Liabilities | RP-36 | 896831.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 3600301.00 |
| 440000000 | Pre-paid Expenses | RP-45 | 20000.00 |
| 460000000 | Loans, Advances and Deposits | RP-47 | 2137385.00 |
| | **Grand total** | | **120999161.00** |
| | **PAYMENTS** | | |
| | **Operating** | | |
| 210000000 | Establishment Expenses | RP-11 | 3518169.00 |

| | | | |
|---|---|---|---|
| 220000000 | Administrative Expenses | RP-12 | 1839091.00 |
| 230000000 | Operations & Maintenance | RP-13 | 4396718.00 |
| 250000000 | Decentralised Plan Programme-Productive Sector | RP-15 | 7795207.00 |
| 251000000 | Decentralised Plan Programme-Service Sector | RP-16 | 26183136.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | RP-17 | 2967850.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | RP-18 | 829700.00 |

| | | | |
|---|---|---|---|
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 472855.00 |
| 255000000 | Maintenance Projects | RP-20 | 12020219.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | RP-21 | 2002950.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 5000.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 3560266.00 |
| 350000000 | Other Liabilities | RP-36 | 5493690.00 |
| | **Non Operating** | | |
| 240000000 | Interest & Finance Charges | RP-14 | 50232.00 |
| 340000000 | Deposits Received | RP-34 | 68425.00 |
| 350000000 | Other Liabilities | RP-36 | 2079944.00 |
| 410000000 | Fixed Assets | RP-38 | 1649132.00 |

| | | | |
|---|---|---|---|
| 412000000 | Capital work in Progress | RP-40 | 16037129.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 7780572.00 |
| 440000000 | Pre-paid Expenses | RP-45 | 4140000.00 |
| 460000000 | Loans, Advances and Deposits | RP-47 | 2089750.00 |
| | **Closing Balance** | | |
| Bank | Bank | RP-40(b) | 16019126.00 |
| Cash | Cash | RP-40(b) | 0.0 |
| | **Grand Total** | | **120999161.00** |

**Vadakarapathy Grama Panchayat INCOME & EXPENDITURE STATEMENT**

For the period from 01-April-2020 to 31-March-2021

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | **INCOME** | | |
| 110000000 | Tax Revenue | I-1 | 5479271.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 120.00 |
| 140000000 | Fee & User Charges | I-4(b) | 964625.00 |
| 150000000 | Sale & Hire Charges | I-5(b) | 254201.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 175774863.00 |
| 171000000 | Interest Earned | I-8 | 157021.00 |
| 180000000 | Other Income | I-9 | 3200.00 |
| | **Total Income** | | **182633301.00** |
| | **EXPENDITURE** | | |
| 210000000 | Establishment Expenses | I-10(b) | 11093474.00 |
| 220000000 | Administrative Expenses | I-11(b) | 1839091.00 |
| 230000000 | Operations & | I-12(b) | 5275266.00 |

| | | | |
|---|---|---|---|
| | Maintenance | | |
| 240000000 | Interest & Finance Charges | I-13 | 50232.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 7795207.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 74880794.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 2967850.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 829700.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 61922355.00 |
| 255000000 | Maintenance Projects | I-14(e) | 12020219.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 2002950.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 5000.00 |
| | **Total Expenditure** | | **180682138.00** |
| | **Gross Surplus/ Deficit of income over Expenditure** | | **1951163.00** |
| 280000000 | Prior Period Item | I-18 | 21012.00 |
| | | | |

| | | | |
|---|---|---|---|
| | **Gross Surplus/Deficit of Income over Expenditure after prior period items.** | | **1930151.00** |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

**Vadakarapathy Grama Panchayat BALANCE SHEET**

For the period from 01-April-2020 to 31-March-2021

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | **LIABILITIES** | | |
| | **Reserve & Surplus** | | |
| 310000000 | Panchayat / Municipal Fund | B-1 | 35106183.05 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 0.0 |
| 312000000 | Reserves | B-3 | 110133345.00 |
| | **Total Reserve & Surplus** | | **145239528.05** |
| | **Grants, Contributions for Specific Purposes** | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 13029604.00 |
| | **Total Grants, Contributions for Specific Purposes** | | **13029604.00** |
| | **Loans** | | |
| 330000000 | Secured Loans | B-5 | 60450666.00 |
| 331000000 | Unsecured Loans | B-6 | 0.0 |
| | **Total Loans** | | **60450666.00** |
| | **Current Liabilities & Provisions** | | |
| 340000000 | Deposits Received | B-7 | 2017723.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 1992457.95 |
| | **Total Current Liabilities and Provisions** | | **4010180.95** |
| | **TOTAL LIABILITIES** | | **222729979.00** |
| | **ASSETS** | | |

| | | | |
|---|---|---|---|
| | **Fixed Assets** | | |
| 410000000 | Fixed Assets | B-11 | 103371726.00 |
| 411000000 | Accumulated Depreciation | B-11 | -4654200.00 |
| 412000000 | Capital Work in Progress | B-11(a) | 26193640.00 |
| | **Total Fixed Assets** | | **124911166.00** |
| | **Investments** | | |
| | **Current Assets, Loans and Advances** | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 17108088.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 57870666.00 |
| | | | |
| 450000000 | Cash and Bank Balance | B-17 | 16019126.00 |
| 460000000 | Loans, Advances and Deposits | B-18 | 6820933.00 |
| | **Total Current Assets, Loans and Advances** | | **0.0** |
| | **Total Current Assets, Loans and Advances** | | **97818813.00** |
| | **Other Assets** | | |
| | **Miscellaneous Expenditure (To the Extent not written off)** | | |
| | **TOTAL ASSETS** | | **222729979.00** |

DEPUTY DIRECTOR(HG)